
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2019 ഡിസംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ
# ഇംഗ്ലീഷ് പുസ്തകങ്ങൾ




₹50

**Beauty of Moonlight**
(Novel)
Perumbadavam Sreedharan
Translated by
Dr. Elma John





₹60

**Magic of Numbers**
(Science)
Palliyara Sreedharan




₹75

**Nidhi's Wonder Years**
(Story)
Meenu Jose




₹95

**World at Large**
(Haiku Poems)
Dr. Sigma G R

**കൂടുതൽ പുസ്തകങ്ങൾക്ക് website : www.ksicl.org**

കോപ്പികൾക്ക്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,
പാളയം,സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34, ഫോൺ 0471–233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഡിസംബർ 2019
വില ₹20
വാർഷികവരിസംഖ്യ ₹200

ഉള്ളടക്കം

## ജ്ഞാനികളിൽ നാലാമൻ

8

**പുനരാഖ്യാനം : സെബാസ്റ്റ്യൻ പള്ളിത്തോട്**

ദാവീദിന്റെ ഗോത്രത്തിൽപ്പിറന്ന പുതുയുഗത്തിന്റെ രക്ഷകനെ കാണാൻ പൗരസ്ത്യദേശത്തുനിന്ന് യാത്ര തിരിച്ച മൂന്നു ജ്ഞാനികളുടെ കഥ നാം കേട്ടിട്ടുണ്ട്. എന്നാൽ അവർക്കൊപ്പം ഇറങ്ങിപ്പുറപ്പെട്ട നാലാമതൊരാൾ കൂടിയുണ്ട് – ആർത്തബാൻ! ജ്ഞാനികളിൽ നാലാമനായ ആർത്തബാന്റെ കഥ വായിക്കൂ...



## ശാസ്ത്ര നൊബേൽ -2019

16

**സീമ ശ്രീലയം**




ലോകത്തെ ഏറ്റവും വലിയ പുരസ്കാരമായ നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. രസതന്ത്രം, ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, എന്നീ മേഖലകളിൽ ഇത്തവണ പുരസ്കാരത്തിന് അർഹരായവരെ പരിചയപ്പെടുത്തുകയാണ് ഈ ലേഖനം.


## തീവണ്ടിയിൽ നിന്ന് പുറത്തേക്കു നോക്കുമ്പോൾ

22

**ഇ ജിനൻ**



ഒട്ടു ദൂരങ്ങളി-
ലുള്ളവർ, സൗഹൃദ -
മൊട്ടേറെ പങ്കിട്ടു
ചേർന്നിരുന്നോർ,
പെട്ടെന്നിറങ്ങി
നടന്നുമറയുമ്പോൾ
വെട്ടം മനസ്സിൽ
കെടുന്ന പോലെ.



**മുൻമൊഴി** ..........4
സുഗതകുമാരി
**കവിതാപരിചയം.** ..........6
മഹാകവി അക്കിത്തം
**ഉണ്ണിയേശു.** ..........14
രാജഗോപാലൻ നാട്ടുകൽ
**സ്കൂൾഡെയ്സ്.** ..........15
എൻ ടി രാജീവ്
**നൊബേൽ സമ്മാനം 2019** ..........20
പ്രൊഫ. എം എൻ ശ്രീധരൻ നായർ
**കാത്തുകാത്ത് ഒരു കുറുക്കൻ** ..........24
ഗ്രേസി
**മലയാളംമിഷൻ രചനകൾ** ..........27
**എന്നെയും അനുഗ്രഹിച്ചു** ..........31
സുഗതകുമാരി
**ടോം സോയറുടെ സാഹസിക ജീവിതം** ..........32
പുനരാഖ്യാനം : ജോളി വർഗീസ്
**കടപയാദി** ..........37
പള്ളിയറ ശ്രീധരൻ
**മുത്തശ്ശി** ..........38
രാജേശ്വരി തോന്നയ്ക്കൽ
**അമ്മ** ..........39
ദിനേശൻ പാറപ്പുറത്ത്
5 കുഞ്ഞിക്കഥകൾ ..........40
ഉമ ത്യദീപ്
കുട്ടന്റെമോഹം ..........43
അസുരമംഗലം വിജയകുമാർ
**ലൈബ്രറിയിലെ വായനക്കാർ** ..........44
ഇ ജി വസന്തൻ
**ലോകത്തിന്റെ ശ്വാസകോശം കത്തിയെരിയുമ്പോൾ നിങ്ങൾ എന്തു ചെയ്യുകയാണ്?** ..........46
വിനു എ
**കിളിക്കൂട്** ..........49
**മഹാഭാരതം** ..........50
സുഗതകുമാരി
**ഇളംതളിര്** ..........52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ..........54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ടി ആർ രാജേഷ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail :** thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**






നാട്ടിലും മറുനാട്ടിലുമുള്ള തളിര് വായനക്കാരായ കുഞ്ഞുങ്ങളേ, ഇതു ക്രിസ്തുമസ്സ് കാലം. മഞ്ഞുപെയ്യുന്ന ഡിസംബർ മാസം – കേരളത്തിൽ കാലാവസ്ഥ തകിടം മറിഞ്ഞുകിടക്കുകയാണ്. എങ്കിലും ആഘോഷങ്ങൾ തിമർക്കുന്നു. വർണവിളക്കുകളും പടക്കങ്ങളും പാട്ടുകളും വിരുന്നും വമ്പൻ കച്ചവടവുമായി ലോകമെല്ലാം ആ ദിവ്യശിശുവിനെ വരവേൽക്കുകയാണ്. പാവപ്പെട്ട ഒരു തച്ചന്റെ മകനെ! രാജകുമാരനല്ല, ചക്രവർത്തിയുടെ പുത്രനല്ല, ഒരു കാലിത്തൊഴുത്തിൽ കീറത്തുണിയിൽ പൊതിഞ്ഞു കിടത്തിയിരിക്കുന്ന ഒരു പിഞ്ചുകുഞ്ഞിനെ – ഇതിൽപ്പരം ഒരത്ഭുതമുണ്ടോ? സാമ്രാജ്യങ്ങളും കൊട്ടാരങ്ങളും കോട്ടകളും തകർന്നു വീഴുകയും മനുഷ്യർ മതത്തിന്റെയും ജാതിയുടെയും വർഗത്തിന്റെയും പേരിൽ പരസ്പരം പോരാടുകയും ചെയ്യുന്ന ഈ കാലത്തും ആ കുഞ്ഞിന്റെ തിരുപ്പിറവിയിൽ തോക്കുകൾ നിശ്ശബ്ദമാവുന്നു. എങ്ങും സംഗീതവും വെളിച്ചവും നിറയുന്നു. ഹൃദയം പ്രാർഥനാനിർഭരമാവുന്നു. ശിരസ്സുകൾ കുനിയുകയും കൈകൾ കൂമ്പുകയും ചെയ്യുന്നു.

എന്താണിതിനു കാരണം? ആ കുഞ്ഞ് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഭാഷ നമ്മെ പഠിപ്പിക്കുവാൻ വന്നവനാണ്. 'വിനയത്തോടെ, എളിമയോടെ ജീവിക്കുവാൻ, കൊല്ലരുത്, വാളെടുക്കുന്നവൻ വാളാൽ നശിക്കും,

ക്ഷമിക്കുക, ക്ഷമിക്കുക, ഏഴ് എഴുപതുവട്ടം ക്ഷമിക്കുക. സമാധാനമുണ്ടാവട്ടെ ഈ ദുഃഖിതയായ ഭൂമിക്ക്' എന്നൊക്കെ നമ്മെ പഠിപ്പിക്കുവാൻ ശ്രമിച്ചവനാണ്. നാം ആ വാക്കുകൾ ഉൾക്കൊണ്ടുവോ എന്ന് ആലോചിച്ചുനോക്കുക.


ആഘോഷിക്കുന്നതിനൊപ്പം ആലോചിക്കുന്നതിനും കുറച്ചു സമയം നിങ്ങൾ മാറ്റിവയ്ക്കണം. യേശുനാഥൻ പഠിപ്പിച്ചതെന്തെല്ലാം, നാം പഠിച്ചതെന്തെല്ലാം. ആ വാക്കുകൾ അനുസരിക്കുവാൻ സാധിക്കുന്നുണ്ടോ എന്നൊക്കെ ആലോചിക്കുവാൻ നിങ്ങൾക്കു പ്രായമായി. എന്നിട്ട് ഒരു കുറിപ്പ് എഴുതി തളിരിന് അയയ്ക്കുക.

ഡിസംബറിന് അപ്പുറത്തും 2020 വന്നു കാത്തുനിൽക്കുകയാണ്. എല്ലാ ആശംസകളും നേരുന്നു. എന്റെ കുഞ്ഞുങ്ങളുടെ കണ്ണുകളിൽ സ്നേഹവും ദയയും നിറയട്ടെ എന്നു പ്രാർഥിക്കുന്നു.

**ക്രിസ്തുമസ്സ് ആഘോഷിക്കുന്നതിനൊപ്പം ആലോചിക്കുന്നതിനും കുറച്ചു സമയം നിങ്ങൾ മാറ്റിവയ്ക്കണം. യേശുനാഥൻ പഠിപ്പിച്ചതെന്തെല്ലാം, നാം പഠിച്ചതെന്തെല്ലാം. ആ വാക്കുകൾ അനുസരിക്കുവാൻ സാധിക്കുന്നുണ്ടോ എന്നൊക്കെ ആലോചിക്കുവാൻ നിങ്ങൾക്കു പ്രായമായി. എന്നിട്ട് ഒരു കുറിപ്പ് എഴുതി തളിരിന് അയയ്ക്കുക.**

സ്നേഹത്തോടെ,
**സുഗതകുമാരി**





# വിദ്യ തരിക!

മഹാകവി അക്കിത്തം

വിദ്യയരുളുക തമ്പുരാനേ
വിണ്ണിലിരുന്നിടും തമ്പുരാനേ,

പാവങ്ങൾ ഞങ്ങൾതൻ പഞ്ചേന്ദ്രിയങ്ങളും
പാവനമാക്കുക തമ്പുരാനേ!

കണ്ണുകളില്ലാത്ത കുറ്റമില്ല,
കാണേണ്ടതെന്തെന്നറിഞ്ഞുകൂടാ;


കാതുകളില്ലാത്ത കുറ്റമില്ല,
കേൾക്കേണ്ടതെന്തെന്നറിഞ്ഞുകൂടാ.

മൂക്കുകളില്ലാത്ത കുറ്റമില്ല,
നാക്കുകളില്ലാത്ത കുറ്റമില്ല,

ചർമവുമില്ലാത്ത കുറ്റമില്ല,
ധർമമെന്താണെന്നറിഞ്ഞുകൂടാ.

വിദ്യയരുളുക തമ്പുരാനേ,
വിണ്ണിലിരുന്നിടും തമ്പുരാനേ,

പാവങ്ങൾ ഞങ്ങൾതൻ പഞ്ചേന്ദ്രിയങ്ങളും
പാവനമാക്കുക തമ്പുരാനേ!



വര: സുധീർ പി വൈ



# ആട്ടിടയൻമാർക്കു ലഭിച്ച സന്ദേശം

ബെത്‌ലഹേമിലെ വയലുകളിൽ, ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയൻമാർ ഉണ്ടായിരുന്നു. കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി. കർത്താവിന്റെ മഹത്ത്വം അവരുടെ മേൽ പ്രകാശിച്ചു. അവർ വളരെ ഭയപ്പെട്ടു. ദൂതൻ അവരോടു പറഞ്ഞു: ''ഭയപ്പെടേണ്ട. ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ച കൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.'' പെട്ടെന്ന്, സ്വർഗീയ സൈന്യത്തിന്റെ ഒരു വ്യൂഹം ആ ദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!''

ദൂതന്മാർ അവരെവിട്ട് സ്വർഗത്തിലേക്കു പോയപ്പോൾ ആട്ടിടയൻമാർ പരസ്പരം പറഞ്ഞു: ''നമുക്ക് ബെത്‌ലഹേംവരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം.'' അവർ അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു.

## കണ്ണ് ശരീരത്തിന്റെ വിളക്ക്

വിളക്കുകൊളുത്തി ആരും നിലവറയിലോ പറയുടെ കീഴിലോ വയ്ക്കാറില്ല. മറിച്ച്, അകത്തു പ്രവേശിക്കുന്നവർക്കു വെളിച്ചം കാണാൻ പീഠത്തിന്മേലാണു വയ്ക്കുന്നത്. കണ്ണാണ് ശരീരത്തിന്റെ വിളക്ക്. കണ്ണ് കുറ്റമറ്റതാണെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണു ദുഷിച്ചതെങ്കിലോ ശരീരം മുഴുവനും ഇരുണ്ടുപോകും. അതുകൊണ്ട് നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. ഇരുളടഞ്ഞ ഒരു ഭാഗവുമില്ലാതെ ശരീരം മുഴുവൻ പ്രകാശം നിറഞ്ഞതാണെങ്കിൽ, വിളക്ക് അതിന്റെ രശ്മികൾ കൊണ്ടു നിനക്കു വെളിച്ചം തരുന്നതുപോലെ ശരീരം മുഴുവൻ പ്രകാശമാനമായിരിക്കും.

കഥ

# ജ്ഞാനികളിൽ നാലാമൻ

പുനരാഖ്യാനം : **സെബാസ്റ്റ്യൻ പള്ളിത്തോട്**

ദാവീദിന്റെ ഗോത്രത്തിൽപ്പിറന്ന പുതുയുഗത്തിന്റെ രക്ഷകനെ കാണാൻ പൗരസ്ത്യദേശത്തുനിന്ന് യാത്ര തിരിച്ച മൂന്നു ജ്ഞാനികളുടെകഥ പറയുന്നുണ്ട് മത്തായിയുടെ സുവിശേഷത്തിൽ. എന്നാൽ കിഴക്കുദിച്ച നക്ഷത്രം കാണിച്ച വഴിയെ അവർക്കൊപ്പം ഇറങ്ങിപ്പുറപ്പെട്ട നാലാമതൊരാൾ കൂടിയുണ്ട് കഥാപാരമ്പര്യത്തിൽ – ആർത്തബാൻ!

പണ്ഡിതന്മാരും ജ്യോത്സ്യന്മാരും ജോതിശ്ശാസ്ത്രജ്ഞരും അടങ്ങിയ ആ സംഘത്തിലെ ആർത്തബാന് അപ്പോൾ നാൽപ്പതു വയസ്സാണ്. അവർ ഒന്നിച്ചൊരു തീരുമാനമെടുത്തു. നക്ഷത്രത്തിന്റെ വഴിയേ സഞ്ചരിച്ച് ഇസ്രായേലിന്റെ രാജാവായി പിറക്കുന്ന ആ ദിവ്യശിശുവിനെ കണ്ടെത്തണം. തങ്ങൾ കരുതിയിരിക്കുന്ന വിശിഷ്ടവസ്തുക്കളെല്ലാം ആ തൃപ്പാദങ്ങളിൽ കാഴ്ചയർപ്പിക്കണം.

ഒരുപാട് ദൂരമുണ്ട് ജറുസലേമിലേക്ക്. ദുർഘടപഥങ്ങളിലൂടെയുള്ള അനവധി ദിവസത്തെ സഞ്ചാരവും. നാലുദിക്കുകളിൽ നിന്നെത്തുന്ന അവർ നാലുപേരും യാത്ര പുറപ്പെടുന്നതിനുമുമ്പായി ഒന്നിച്ച് ഒരു സിനഗോഗിൽ കണ്ടുമുട്ടാമെന്ന് തീരുമാനിച്ചു.

ആ തീരുമാനത്തിനുശേഷം ആർത്തബാൻ വിശ്രമമെന്തെന്ന് അറിഞ്ഞിട്ടില്ല. രാജാവായി പിറന്നിരിക്കുന്ന ദിവ്യശിശുവിന് കാഴ്ചവയ്ക്കേണ്ടത് എന്തായിരിക്കണം എന്നതിനെക്കുറിച്ചുള്ള വേവലാതി. പൊന്നും മീറയും കുന്തിരിക്കവും മറ്റു മൂന്നുപേരും നിശ്ചയിച്ചുകഴിഞ്ഞു. തന്റെ തീരുമാനമേ ഇനി ബാക്കിയുള്ളൂ.

ആ ദിവസങ്ങളിൽ അയാൾ ഓടിനടന്ന് തനിക്കുണ്ടായിരുന്ന സമ്പത്തു മുഴുവനും വിറ്റുമാറ്റി; അവനുള്ള സമ്മാനങ്ങൾ വാങ്ങാനായി.

കിട്ടാവുന്നതിൽവച്ച് ഏറ്റവും വിലപിടിപ്പുള്ള ഇന്ദ്രനീലക്ക



വര: പി ജി ബാലകൃഷ്ണൻ

ല്ലുകളാണ് ആർത്തബാൻ തിരഞ്ഞെടുത്തത്. അതോടൊപ്പം പവിഴവും മുത്തുകളും കരുതാനും അയാൾ മറന്നില്ല.

വിലമതിയാത്ത ആ സമ്മാനങ്ങളുമായി തന്റെ സഹയാത്രികരുമായി നേരത്തെ പറഞ്ഞുറപ്പിച്ചപ്രകാരം ഗ്രാമാതിർത്തിയിലുള്ള സിനഗോഗിനെ ലക്ഷ്യമാക്കി ആർത്തബാൻ യാത്ര ആരംഭിച്ചു.

അപ്പോഴേക്കും മഞ്ഞുകാലം തുടങ്ങിക്കഴിഞ്ഞിരുന്നു. മഞ്ഞു പുതച്ച മലനിരകൾ. ആലിപ്പഴം ഉതിർന്നുവീഴുന്ന മലനിരകൾ, മലമ്പാതകളിലൂടെ യാത്രപോകുന്ന സാർഥവാഹക സംഘങ്ങൾ. നക്ഷത്രങ്ങൾ പൂത്തുലയുന്ന ആകാശച്ചരിവുകൾ. അതിനിടയിലാണ് മഞ്ഞുമൂടിയ മലഞ്ചെരുവിൽ എങ്ങനെയോ മുറിവേറ്റ് മൃതപ്രായനായി കിടക്കുന്ന ഒരു മനുഷ്യനെ ആർത്തബാൻ കാണുന്നത്. അതോടെ അയാൾ മറ്റെല്ലാം മറന്നു. തന്റെ യാത്രയെക്കുറിച്ചും അകലെയുള്ള സിനഗോഗിൽ തന്നെയും കാത്തിരിക്കുന്ന മറ്റു മൂന്നു യാത്രികരെക്കുറിച്ചുമെല്ലാം. ദീനദയാലുവായ ആർത്തബാനിലെ സഹജീവിസ്നേഹം വെൺമഞ്ഞുപോലെ പതഞ്ഞൊഴുകി.

''എന്തുപറ്റി സ്നേഹിതാ?'' ആർത്തബാൻ ചോദിച്ചു. എന്തെങ്കിലും ഒരു മറുപടിപോലും പറയാൻ കഴിയാത്ത വിധം വിശന്നും തളർന്നുമിരിക്കുന്ന ആ അപരിചിതനുവേണ്ടി ആർത്തബാൻ തന്റെ ഭാണ്ഡങ്ങൾ തുറന്നു. ''ഭക്ഷണമോ വെള്ളമോ എന്താണ് വേണ്ടതെന്നുവച്ചാൽ ആവശ്യം പോലെ എടുത്തോളൂ.'' വിശപ്പും ക്ഷീണവും വിട്ടകന്നപ്പോൾ ആ ഹെബ്രായന് സംസാരിക്കാമെന്നായി. അയാൾ തന്റെ കഥകൾ ആർത്തബാന് വിവരിച്ചുകൊടുത്തു. ആർത്തബാനാകട്ടെ തന്റെ ലക്ഷ്യത്തെക്കുറിച്ചും.

''അങ്ങനെയെങ്കിൽ ബാലാമിന്റെ പ്രവചനം അനുസരിച്ച് യഹൂദകരുടെ രക്ഷകൻ പിറക്കുക ജറുസലേമിലല്ല; ബെത്‌ലഹേമിലാണ്!''

ആർത്തബാന് അതൊരു പുതിയ അറിവായിരുന്നു. എത്രയുംവേഗം ഇനി സിനഗോഗിലെത്തണം. എന്നാൽ സിനഗോഗിൽ എത്തിച്ചേരാൻ വൈകിപ്പോയിരുന്നു.

''അങ്ങയെക്കാത്തിരുന്നു മടുത്ത അവർ മൂന്നുപേരും ഏതാനും മണിക്കൂറുകൾക്ക് മുമ്പ് ഇവിടം വിട്ടുപോയി; അങ്ങേക്കു തരാൻ ഈ സന്ദേശം ഏൽപ്പിച്ചുകൊണ്ട്.''

സിനഗോഗ് സൂക്ഷിപ്പുകാരൻ ഒരു പാപ്പിറസ് സന്ദേശം ആർത്തബാനു നേർക്കു നീട്ടി.

സാരമില്ല. അയാൾ മനസ്സിനെ സമാധാനിപ്പിച്ചു. അവരെ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. ഞങ്ങൾ നാലുപേരെയും വഴി നടത്തുന്നത് ഒരേ നക്ഷത്രവെട്ടമാണല്ലോ.

എന്നാൽ, ഇനിയുള്ള യാത്ര അത് ഏറെ ദുഷ്കരമാണ്. മലമ്പാതകളും മലഞ്ചെരിവുകളും താണ്ടുക അത്ര എളുപ്പമല്ല. അതിനപ്പുറമുള്ള മരുഭൂമി കടക്കുകയും വേണം. ഒരൊട്ടകത്തിന്റെ സഹായം കൂടാതെ ഇവയൊന്നും തന്നെ സാധ്യമല്ല. മലമ്പാതകളും മരുഭൂമികളും അനായാസേന താണ്ടുന്ന ഒട്ടകങ്ങൾ സഞ്ചാരികൾക്ക് എന്നും സുഹൃത്തുക്കൾ തന്നെയാണ്.

എങ്ങനെയും ഒരൊട്ടകത്തെ സ്വന്തമാക്കുക തന്നെ. ആർത്തബാൻ നിശ്ചയിച്ചു. ദീർഘയാത്രയ്ക്ക് അത്യാവശ്യംവേണ്ട ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും സംഘടിപ്പിക്കുകയും വേണം. അതിനു പണം വേണം. ഒരുപാട് ഷെക്കലുകൾ. കൈവശം കരുതിയിരിക്കുന്ന ഇന്ദ്രനീലക്കല്ലുകളിൽ ഒരെണ്ണം വിൽക്കുകതന്നെ. എല്ലാം രാജശിശുവിനെ കാണുക എന്ന മഹത്തായ ലക്ഷ്യം നേടുന്നതിനുവേണ്ടി തന്നെയാണല്ലോ.

ഏതോ രത്നവ്യാപാരി പറഞ്ഞ വിലയ്ക്ക് ആർത്തബാൻ ഇന്ദ്രനീലക്കല്ലുവിറ്റു പണമാക്കി.

ആദ്യം ലക്ഷണമൊത്ത ഒരൊട്ടകം. പിന്നെ വീണ്ടും ഉണങ്ങിയ അത്തിപ്പഴങ്ങളും. തണുപ്പിനെ ചെറുക്കാൻ പോന്ന രണ്ട് വസ്ത്രങ്ങൾ. അത്രയും മതി. അതുതന്നെ ധാരാളമാണ്.

അനന്തമായി നീളുന്ന വഴി യാത്ര. ദിവസങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. ഈ ദിവസങ്ങളിലത്രയും വഴികാട്ടിയിരുന്ന ആ ദിവ്യനക്ഷത്രത്തെയും ഇപ്പോൾ കാണാതായിരിക്കുന്നു! ആർത്തബാൻ പക്ഷേ തോറ്റു പിന്മാറാൻ ഒരുക്കമായിരുന്നില്ല.

**നക്ഷത്രങ്ങൾ പൂത്തുലയുന്ന ആകാശച്ചരിവുകൾ. അതിനിടയിലാണ് മഞ്ഞുമൂടിയ മലഞ്ചെരുവിൽ എങ്ങനെയോ മുറിവേറ്റ് മൃതപ്രായനായി കിടക്കുന്ന ഒരുമനുഷ്യനെ ആർത്തബാൻ കാണുന്നത്. അതോടെ അയാൾ മറ്റെല്ലാം മറന്നു. തന്റെ യാത്രയെക്കുറിച്ചും അകലെയുള്ള സിനഗോഗിൽ തന്നെയും കാത്തിരിക്കുന്ന മറ്റു മൂന്നു യാത്രികരെക്കുറിച്ചുമെല്ലാം.**

## ജ്ഞാനികൾ ഹേറോദേസിന്റെ കൊട്ടാരത്തിൽ

ഇസ്രായേൽ ജനതയുടെ വിമോചകനായവൻ രാജകൊട്ടാരത്തിലല്ലെങ്കിൽ മറ്റെവിടെയാണ്

ജനിക്കേണ്ടത്? ജ്ഞാനികൾ മൂന്നുപേരും ഹേറോദേസിന്റെ കൊട്ടാരത്തിൽ കയറിച്ചെന്നു. അവർ അന്വേഷിച്ചു: ''എവിടെയാണ് യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ? ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്.''

ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലേം മുഴുവനും. മറ്റൊരു രാജാവ് ജറുസലേം ഭരിക്കുകയോ? എങ്കിൽ ആ മുളയെ കുരുന്നിലേ നുള്ളുകതന്നെ. രാജാവ് മനസ്സിൽ ചില പദ്ധതികൾ ഇട്ടു. അദ്ദേഹം തന്ത്രപൂർവം ജ്ഞാനികളോട് പറഞ്ഞു. ''നിങ്ങൾ ചെന്ന് ആ ശിശുവിനെ ക്കണ്ട് ആരാധിക്കുക. അവനെ ക്കണ്ടുകഴിയുമ്പോൾ ഞാനും ചെന്ന് ആരാധിക്കേണ്ടതിന് അവനെവിടെയെന്ന് എന്നെയും അറിയിക്കുക.''

## നിഷ്ക്കളങ്കരുടെ നിലവിളികൾ

ആർത്തബാൻ ബെത്‌ലഹേമിൽ എത്തിയപ്പോഴേക്കും വളരെ താമസിച്ചുപോയിരുന്നു. അയാൾക്കൊരിക്കലും യേശുവിനെ അന്വേഷിച്ചുപോയ ആ മൂന്നു ജ്ഞാനികളെ കണ്ടെത്താനോ അവരോടൊപ്പം ചേരാനോ കഴിഞ്ഞില്ല.

സ്വപ്നത്തിൽ ദൈവത്തിന്റെ മാലാഖ പ്രത്യക്ഷപ്പെട്ട് അറിയിച്ചതനുസരിച്ച് ഹേറോദേസിന്റെ കൊട്ടാരത്തിൽ തിരിച്ചുപോകാതെ അവർ മറ്റൊരു വഴിയെ തങ്ങളുടെ സ്വദേശത്തേക്കു മടങ്ങിപ്പോവുകയും ചെയ്തു.

ബെത്‌ലഹേം തെരുവീഥികളിൽ ഏകാകിയും ദുഃഖിതനുമായി കഥകളൊന്നുമറിയാതെ യേശുവിനെ അന്വേഷിച്ച് ആർത്തബാൻ അലഞ്ഞുനടന്നു. അപ്പോഴാണ് അയാളൊരു താരാട്ടു കേൾക്കുന്നത്. കുന്നിൻചെരുവിലെ ചിതൽപ്പുറ്റുപ്പോലൊരു ഗ്രാമീണ ഭവനത്തിൽ നിന്നായിരുന്നു ആ താരാട്ട്.

ആർത്തബാൻ ബദ്ധപ്പെട്ട് അവിടേക്കു കയറിച്ചെന്നു. തന്റെ പൊന്നോമന മകനെ കൈയിലെടുത്ത് താലോലിക്കുന്ന ഒരമ്മ. താരാട്ടുപാടുന്നതിനിടയിലും ആ അമ്മ കരയുന്നുണ്ടായിരുന്നു. ആർത്തബാനെക്കണ്ട് ആ അമ്മ ഞെട്ടി. അവർ മകനെ നെഞ്ചോടു ചേർത്തുകൊണ്ട് പിടഞ്ഞെഴുന്നേറ്റു.

ആരാണിയാൾ? എന്തു വേണം ഇയാൾക്ക്?

ആർത്തബാൻ അതേവരെയുള്ള തന്റെ യാത്രയുടെ കഥത്രയും യുവതിയായ ആ അമ്മയോട് വിവരിച്ചു. എന്നാൽ, ആ യുവതി അയാളോടു പറഞ്ഞതാകട്ടെ ഞെട്ടിപ്പിക്കുന്ന ഒരു കഥയായിരുന്നു. കഥയല്ല, യാഥാർഥ്യം.

ശിശുവായ യേശുവിനെ ക്കണ്ട് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചയർപ്പിച്ച ജ്ഞാനികൾ, മൂന്നു ദിവസങ്ങൾക്ക് മുമ്പൊരു രാത്രിയിൽ ബെത്‌ലഹേം വിട്ടു പോയിരിക്കുന്നു എന്നതായിരുന്നു അതിൽ ആദ്യത്തേത്. രണ്ടാമത്തേതാകട്ടെ ഹേറോദേസ് രാജാവിന്റെ പുതിയ കൽപ്പനയെക്കുറിച്ചായിരുന്നു.

''കൽപ്പനയോ?''

''അതേ.''

അവൾ പറഞ്ഞു. ''ജ്ഞാനികൾ തിരിച്ചു ചെല്ലുമ്പോൾ അവരിൽ നിന്നും യഹൂദന്മാരുടെ പുതിയ രാജാവ് പിറന്നുവീണ സ്ഥലം കണ്ടുപിടിച്ച്, തന്റെ രാജത്വത്തെ തകിടം മറിക്കാൻ ജനിച്ച ആ ശിശുവിനെ വകവരുത്തണം എന്നായിരുന്നു ഹേറോദേസിന്റെ മോഹം.''

''എന്നിട്ടോ?''

''ആ മോഹം നടന്നില്ല! ജ്ഞാനികൾക്ക് മാലാഖയുടെ സ്വപ്നദർശനം ഉണ്ടായി. മറ്റൊരു മാർഗത്തിലൂടെ മാലാഖ അവരെ നഗരകവാടം കടത്തിവിട്ടു.''

ആർത്തബാന്റെ ക്ഷമ നശിച്ചു.

''പകൽ ബെത്‌ലഹേമിലുള്ള മൂന്നുവയസ്സു തികയാത്ത എല്ലാ ആൺകുട്ടികളെയും വാളിന്നിരയാക്കാൻ രാജാവ് കല്പനയായി. അതാണ് എന്റെ ഭയം. അവർ ഇവിടെയും വന്നേക്കും.''

''എന്തുവന്നാലും അതിനു ഞാൻ അനുവദിക്കില്ല.''

''അങ്ങേക്ക് എന്തു ചെയ്യാൻ കഴിയും?''

''പട്ടാളക്കാർ വരട്ടെ; അപ്പോൾ നോക്കാം.''

അവൾ അയാൾക്കുവേണ്ടി അത്താഴമൊരുക്കി. തനിക്കും കുഞ്ഞിനും തുണയായിരിക്കാൻ കുറച്ചുനേരത്തേക്കാണെങ്കിലും ദൈവനിയോഗം പോലെ ഒരാൾ എത്തിയല്ലോ. എതെല്ലാമോ ഓർമകളിലൂടെ ഏകാന്തമായ ആർത്തബാന്റെ മനസ്സ് അലഞ്ഞുനടന്നു. അവർ അത്താഴത്തിനിരിക്കെ, പ്രതീക്ഷിച്ചതുപോലെ പുറത്തു ബഹളം കേട്ടു. കനത്ത കാലൊച്ചകൾ അത് അവരായിരുന്നു. ഹേറോദേസിന്റെ പട്ടാളക്കാർ. ചോരത്തുള്ളി കുത്തി

**ബെത്‌ലഹേം തെരുവീഥികളിൽ ഏകാകിയും ദുഃഖിതനുമായി കഥകളൊന്നുമറിയാതെ യേശുവിനെ അന്വേഷിച്ച് ആർത്തബാൻ അലഞ്ഞുനടന്നു. അപ്പോഴാണ് അയാളൊരു താരാട്ടു കേൾക്കുന്നത്. കുന്നിൻചെരുവിലെ ചിതൽപ്പുറ്റുപ്പോലൊരു ഗ്രാമീണ ഭവനത്തിൽ നിന്നായിരുന്നു ആ താരാട്ട്.**



വീഴുന്ന തിളങ്ങുന്ന വാളുമായി അവർ മുറിയിലേക്കു പാഞ്ഞു കയറി. അത്താഴപ്പാത്രങ്ങൾ തകിടം മറിഞ്ഞു.

''ഏതോ ഒരു രാജശിശുവിനു പകരം ഈ പിഞ്ചു കുഞ്ഞിനെ വധിച്ചിട്ട് നിങ്ങൾക്ക് എന്തു കിട്ടാനാണ്?''

ആർത്തബാൻ ക്യാപ്റ്റന്റെ മുന്നിലേക്കു നീങ്ങിനിന്നു.

''അതൊന്നും ഞങ്ങൾക്കൊരു വിഷയമല്ല. മൂന്നു വയസ്സിൽ താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളുടെയും തലയറുക്കുകയാണ് ഞങ്ങളുടെ ജോലി. ഇല്ലെങ്കിൽ പോകുന്നത് ഞങ്ങളുടെ തലയായിരിക്കും.''

സൈന്യാധിപൻ പിന്മാറുന്ന പ്രശ്നമില്ലെന്ന് ആർത്തബാന് മനസ്സിലായി. തന്റെ ആവനാഴിയിലെ ആ രണ്ടാമത്തെ ആയുധം അയാൾ പുറത്തെടുത്തു.വളരെ സ്വകാര്യമായി സൈന്യാധിപനു നേർക്കു നീങ്ങിക്കൊണ്ട്, യഹൂദന്മാരുടെ രാജാവിന് നിവേദിക്കാനായി കൊണ്ടുവന്നിരുന്ന പവിഴമടങ്ങിയ ആ ചെപ്പ് ആർത്തബാൻ തുറന്നു. സൈന്യാധിപന്റെ കണ്ണുകൾ തിളങ്ങി.

''ദയവുചെയ്ത് ഈ ചെറിയ ഉപഹാരം സ്വീകരിച്ചുകൊണ്ട് ഈ പാവം സ്ത്രീയുടെ ശിശുവിനെ അങ്ങ് വെറുതെ വിടണം.''

ആർത്തബാൻ അഭ്യർഥിച്ചു. പവിഴക്കല്ല് അയാൾ തിരിച്ചും മറിച്ചും നോക്കി.

''ഇതിന് എന്തു വിലവരും?''

''പതിനായിരങ്ങൾ!''

സൈന്യാധിപൻ അത്രയും വലിയ തുക ആദ്യമായി കേൾക്കുകയായിരുന്നു. ഇനി തന്റെ തല തന്നെ പോയാലും അതൊരു വലിയ നഷ്ടമല്ല. അങ്ങനെ ഒരു ശിശുഹത്യകൂടി ഒഴിഞ്ഞുപോയി. പട്ടാളക്കാർക്കു പിന്നാലെ ആർത്തബാനും അവിടംവിട്ടിറങ്ങി. അയാളുടെ ലക്ഷ്യവും സ്വപ്നവുമെല്ലാം മറ്റെവിടെയോ ആയിരുന്നു.

## നിന്നെത്തിരയുന്ന ഞാൻ

ഏറെ ദൂരമലഞ്ഞ് ജറുസലേമിന് പുറത്തുള്ള ഒരു സിനഗോഗിൽ വിശ്രമിക്കുമ്പോഴാണ് ആർത്തബാൻ ആ വാർത്ത അറിയുന്നത്. ജ്ഞാനികളായ ആ കാണാസുഹൃത്തുക്കൾക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഹേറോദേസ് രാജാവിൽ നിന്നും അവരുടെ വഴി തിരിച്ചുവിട്ട മാലാഖ, ആ രാത്രിയിൽ ജോസഫിനും പ്രത്യക്ഷപ്പെടുകയുണ്ടായത്രേ!

യഹൂദജനത്തിന്റെ രക്ഷകനായ ശിശുവിനെയും അവന്റെ അമ്മയായ മറിയത്തെയും കൊണ്ട് വിദൂരമായ ഈജിപ്തിലേക്ക് പലായനം ചെയ്യുക എന്നതായിരുന്നു മാലാഖയുടെ സന്ദേശം!

ജോസഫ് തന്റെ കുടുംബത്തോടൊപ്പം ഇപ്പോൾ ഈജിപ്തിലേക്കുള്ള വഴിയിലെ വിടെയോ ആണ്.

നേരം പുലരുന്നതുവരെ കാത്തിരിക്കാൻ ആർത്തബാന്റെ മനസ്സ് അനുവദിച്ചില്ല.

ഒരു കഴുതപ്പുറത്ത് വേഷപ്രച്ഛന്നരായാണ് ജോസഫും മറിയവും ഈജിപ്തിലേക്ക്

പുറപ്പെട്ടിരിക്കുന്നതെന്നും ആരോ പറഞ്ഞു കേട്ടു. അതു കൊണ്ടുതന്നെ ഏതെങ്കിലും വഴിയമ്പലത്തിൽവച്ച് അവരെ കണ്ടുമുട്ടാൻ കഴിഞ്ഞേക്കും. കാരണം തന്റെ യാത്ര ഒട്ടകത്തിന്റെ പുറത്താണല്ലോ!

ആ കൂടിച്ചേരലിനെക്കുറിച്ച് ഓർത്തപ്പോൾ ആർത്തബാന്റെ മനസ്സ് തരളിതമായി. കൈവശം അവശേഷിച്ചിട്ടുള്ളത് ഇനി ഒരു പിടി മുത്തുകൾ മാത്രമാണെങ്കിലും അത് ആ രാജകുമാരന് മാത്രമുള്ളതാണ്!

സ്വർണനിറമാർന്ന മലനിരകളുടെയും ലോകത്തിലെ ഏറ്റവും പ്രാചീനവുമായ തുറമുഖത്തിന്റെയും പട്ടണമായ അലക്സാൻഡ്രിയയിൽ ആണ് ആർത്തബാനിപ്പോൾ. എന്നുവച്ചാൽ ഈജിപ്തിൽ തന്നെ. ഇനി എവിടേക്ക് നീങ്ങണം എന്നു മാത്രം തീരുമാനിച്ചാൽ മതി. രാജാക്കന്മാരുടെ നഗരമായ കെയ്റോയിലേക്കോ അതോ ലക്സസിലൂടെ അസ്വാനിലേക്കുള്ള വഴിയിലോ?

എന്നാൽ ആർത്തബാൻ അന്വേഷിക്കുന്ന രാജശിശുവിനെ അന്വേഷിക്കേണ്ടത് ഏതെങ്കിലും ഒരു രാജകൊട്ടാരത്തിലല്ല എന്നയാൾക്ക് പറഞ്ഞുകൊടുത്തത് ഈജിപ്തിൽ വച്ചു കണ്ടുമുട്ടിയ ഒരു യഹൂദ റബ്ബിയായിരുന്നു! എന്തെല്ലാം എന്തെല്ലാം പുത്തനറിവുകളാണ് ഈ ദിവ്യശിശുവിന്റെ സഞ്ചാരപഥങ്ങളിൽ! ആർത്തബാൻ അത്ഭുതപ്പെട്ടു. മറ്റൊന്നുകൂടി ആ റബ്ബി അയാളെ ഓർമിപ്പിച്ചു. ''നിങ്ങളവനെ നിന്ദിതരിലും പീഡിതരിലും അന്വേഷിക്കൂ. നിസ്വരിലും നിരാലംബരിലും അവനെ നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞേക്കും.''

ആകെ തകർന്നുപോയെങ്കിലും അതൊരു വഴിത്തിരിവായിരുന്നു. വൈകിയുണ്ടായ വിവരോദയം!

കിഴക്കു കണ്ട നക്ഷത്രത്തിന്റെ വഴിതേടിയുള്ള തന്റെ യാത്ര തുടങ്ങുന്നത്, അതേ ഇപ്പോൾ മാത്രമാണെന്ന് ആർത്തബാന് അനുഭവപ്പെട്ടു. അയാളുടെ അലച്ചിലിന്റെ ദിനരാത്രങ്ങൾക്ക് അവിടെ തുടക്കമായി.

വർഷങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. അലച്ചിലിന്റെയും അന്വേഷണത്തിന്റെയും വർഷങ്ങൾ നിസ്വരെയും നിരാലംബരെയും തേടിയുള്ള യാത്രകൾ. നിന്ദിതരെയും പീഡിതരെയും അന്വേഷിച്ചുള്ള അലച്ചിലുകൾ. ആർത്തബാൻ ആർത്തനായി.

അയാൾ വീണ്ടും ജറുസലേമിലെത്തി. കാനായിലെ ഗ്രാമത്തിൽ. ബഥനിയിൽ. ജറീക്കോവിൽ. ഗലീലിയിൽ. കൊടുങ്കാറ്റുപോലെ പാഞ്ഞുപോകുന്ന അവന്റെ പാദമുദ്രകൾ പിൻപറ്റിയുള്ള യാത്ര. എന്നിട്ടും ആ മുഖം മാത്രം ആർത്തബാനിൽ നിന്നും അകന്നകന്നു പോയിക്കൊണ്ടിരുന്നു. ആ അന്വേഷണത്തിനും അലച്ചിലിനുമിടയിൽ അയാളുടെ പാദങ്ങൾ വിണ്ടുകീറിയ മുപ്പത്തിമൂന്നു വർഷങ്ങൾ.

അന്നൊരു വ്യാഴാഴ്ചയായിരുന്നു. പുറത്തെ തെരുവിൽനിന്നുയരുന്ന വലിയ ബഹളങ്ങൾ കേട്ടാണ് ആർത്തബാൻ പുറത്തേക്കിറങ്ങിയത്. എമ്പാടും ജനങ്ങൾ. തെരുവീഥികളിൽ നിറയെ പട്ടാളക്കാർ.

''എന്താണ് ഇവിടെ സംഭവിക്കുന്നത്?''

തെരുവിൽ ആദ്യം കണ്ടുമുട്ടിയ മനുഷ്യനോട് ആർത്ത



ബാൻ അന്വേഷിച്ചു.

"നിങ്ങൾ പരദേശിയാണല്ലേ? കഴിഞ്ഞ രണ്ടുദിവസങ്ങളിലായി ഇവിടെ നടക്കുന്നതൊന്നും നിങ്ങൾ അറിഞ്ഞില്ലെന്നോ?"

ആർത്തബാൻ അന്തംവിട്ടു നിന്നു.

"യഹൂദന്മാരുടെ രാജാവായ നസ്രത്തിലെ യേശുവിനെ കുരിശിൽത്തറച്ചു കൊല്ലാൻ കൽപ്പനയായിരിക്കുന്നു. അതാണീ ബഹളവും ആൾക്കൂട്ടവുമെല്ലാം..."

"എനിക്കവനെ രക്ഷിക്കാൻ കഴിയുമോ?"

അയാൾ പുച്ഛത്തോടെ ചിരിച്ചു

"ആർക്കറിയാം..."

തന്റെ ഭാണ്ഡവുമെടുത്ത് ആർത്തബാൻ ആ പടയണിക്കിടയിലേക്കു കുതിച്ചു.

**ആർത്തബാൻ ഗാഗുൽത്തയിലേക്കു പോകുന്ന വഴിയിലൂടെ നടന്നു. അയാൾക്കെതിരെ അപ്പോൾ മറ്റൊരു സംഘം വരുന്നുണ്ടായിരുന്നു. യേശുവിനെ കുരിശിലേറ്റുന്നതിനു പകരം യഹൂദന്മാർ വിടുതൽ വാങ്ങിയ ബറാബ്ബാസും സംഘവും. അയാൾക്കു പിന്നിലായി ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ഒരു യുവതി.**

## അതു ഞാനായിരുന്നു!

അന്നു വെള്ളിയാഴ്ചയായിരുന്നു. പീലാത്തോസിന്റെ കല്പനപ്രകാരം യഹൂദന്മാരുടെ രാജാവിനെ, കുരിശിലേറ്റുന്ന ദിവസം. മുപ്പതു വെള്ളിനാണയങ്ങൾക്കാണ് ഒരുവൻ യേശുവിനെ ഒറ്റിക്കൊടുത്തതെന്നു കേട്ടു.

മുപ്പതു വെള്ളിക്കുപകരം ഒരായിരം വെള്ളിവിലയുള്ള മുത്തുകൾ താൻ അയാൾക്കു നൽകുമായിരുന്നു! എന്നാലിപ്പോൾ എല്ലാം കഴിഞ്ഞുപോയിരിക്കുന്നു. യേശുവിന്റെ മുഖം ഒരുനോക്കു ദർശിക്കാൻ യോഗമില്ലാതെ ഒടുങ്ങിപ്പോകുന്നു.

ആർത്തബാൻ ഗാഗുൽത്തയിലേക്കു പോകുന്ന വഴിയിലൂടെ നടന്നു. അയാൾക്കെതിരെ അപ്പോൾ മറ്റൊരു സംഘം വരുന്നുണ്ടായിരുന്നു. യേശുവിനെ കുരിശിലേറ്റുന്നതിനു പകരം യഹൂദന്മാർ വിടുതൽ വാങ്ങിയ ബറാബ്ബാസും സംഘവും. അയാൾക്കു പിന്നിലായി ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ഒരു യുവതി. അടിമച്ചന്തയിൽ വിൽക്കുന്നതിനുവേണ്ടി കൊണ്ടുപോവുകയായിരുന്നു അവളെ.

"ഇവൾ ചെയ്ത തെറ്റ് എന്താണ്?"

ആർത്തബാൻ തിരക്കി.

"തെറ്റുചെയ്തത് അവളല്ല. അവളുടെ പിതാവാണ്. കടംവാങ്ങിയ പണം പലിശസഹിതം തിരിച്ചുകൊടുക്കാൻ കഴിയാതെ വന്നപ്പോൾ, അതിനുപകരം വിൽക്കപ്പെട്ടതാണവൾ!"

ആർത്തബാൻ അവരെ തടഞ്ഞുനിർത്തി.

"നിങ്ങൾക്കുവേണ്ടത് പണമാണല്ലോ. അതു പലിശസഹിതം ഞാൻ നൽകാം. അവളെ വിട്ടേക്കൂ. ഇതാ, പതിനായിരം ഷെക്കൽ വിലയുള്ള മുത്തുകൾ."

കൂടിനിന്നവർ അത്ഭുതത്തോടെ ആർത്തബാനെ നോക്കി. പെൺകുട്ടി മോചിതയായി. നേരം ഉച്ചയാകുന്നു. ആ പെൺകുട്ടിയോടൊപ്പം ആർത്തബാൻ ഗാഗുൽത്ത ലക്ഷ്യമാക്കി നടന്നു.

"ആരുമല്ലാത്ത എന്നെ മോചിപ്പിക്കാൻ തക്കവിധം ഞാൻ അങ്ങേക്ക് ആരാണ്?"

അവൾ ചോദിച്ചു.

ആർത്തബാൻ ഉത്തരം പറഞ്ഞില്ല. അവൾ നോക്കിനിൽക്കെ അത്ര നേരവും കത്തിജ്വലിച്ചു നിൽക്കുകയായിരുന്ന നട്ടുച്ച പെട്ടെന്നിരുണ്ടു. എവിടെനിന്നെല്ലാമോ പ്രകമ്പനങ്ങൾ ഉയർന്നു. പാറകൾ പൊട്ടി പിളരുന്നതിന്റെ ഒച്ചകൾ. മിന്നൽപ്പിണരുകൾ. ദിഗന്തങ്ങളെ മൂടുന്ന നിലവിളികൾ...

ദൂരെ ഗാഗുൽത്തമലനിരകൾ ഒരു ചോരക്കളംപോലെ!

പൊടുന്നനെ, എവിടെനിന്നോ പൊട്ടിത്തെറിച്ച് പാഞ്ഞുവന്ന ഒരു ശിലാപാളി ആർത്തബാന്റെ ശിരസ്സിനെ മാരകമായി മുറിവേൽപ്പിച്ചു. ബോധരഹിതനായി നിലംപതിക്കുമായിരുന്ന അയാളെ ആ പെൺകുട്ടി താങ്ങി.

"ദൈവമേ, നീണ്ട മുപ്പത്തിമൂന്നു വർഷക്കാലം നിന്നെത്തേടി അലഞ്ഞുനടന്ന ഞാൻ, നിന്നെ ഒരുനോക്കു കാണാൻ കഴിയാതെ നിന്റെ ഗാഗുൽത്തയുടെ അടിവാരത്തിൽ വീണു മരിക്കുന്നു." അതൊരു വിലാപമായിരുന്നു.

"ഇല്ല, ആർത്തബാൻ! നീയൊരിക്കലും എന്നെ കാണാതിരുന്നിട്ടില്ല! അല്ലെങ്കിൽ എത്രയോ പ്രാവശ്യം നീയെന്നെ കണ്ടു കഴിഞ്ഞിരിക്കുന്നു..."

ആരാണത്?

അയാൾക്കൊന്നും മനസ്സിലായില്ല.

"നിന്ദിതനും പീഡിതനുമായി, അവശനും ആർത്തനുമായി, ശിശുവായി, അടിമയായി, നിന്റെ മുന്നിൽ വന്നതൊക്കെയും നീ തേടി നടന്ന ഞാൻ തന്നെയായിരുന്നു..."

ശബ്ദങ്ങൾ ഒടുങ്ങി. കിഴക്കു കണ്ട നക്ഷത്രത്തിന്റെ കതിരൊളി ഗാഗുൽത്തയുടെ ആകാശത്തിൽ അപ്പോൾ ഒരു രക്തനക്ഷത്രമായി തിളങ്ങി.

കവിത

# ഉണ്ണിയേശു

രാജഗോപാലൻ നാട്ടുകൽ



കാലിത്തൊഴുത്തിൽ പിറന്നു പണ്ട്
കൗതുകമേറുന്നോരുണ്ണിയേശു
വിണ്ണിലെ തിങ്കളിറങ്ങിവന്ന്
മണ്ണിലേക്കൂർന്ന പോലുണ്ണിയേശു!

ഭൂമിയിലുള്ളവർക്കൊക്കെയിന്നും
ഓമനയായിട്ടൊരുണ്ണിയേശു
നന്മകൾ ചെയ്യുവാൻ മാത്രമായി
നമ്മെ പഠിപ്പിച്ചോരുണ്ണിയേശു
മാലോകർക്കെന്നെന്നും ശാന്തി കിട്ടാൻ
മാർഗം തെളിയിച്ചോരുണ്ണിയേശു!

ഉണ്ണിയീമണ്ണിൽ പിറന്ന നേരം
വിണ്ണിലെ നക്ഷത്രപ്പൂ ചിരിച്ചൂ
നന്മൊഴി ചൊല്ലേണം കൂട്ടുകാരേ,
നന്മകൾ ചെയ്യേണം കൂട്ടുകാരേ;
നല്ല മനുഷ്യരായ്ത്തീർന്നിടേണം
നക്ഷത്രം നമ്മോടു ചൊല്ലി മൂകം!

വര: സചീന്ദ്രൻ കാറഡുക്ക

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# ശാസ്ത്ര നൊബേൽ -2019

സീമ ശ്രീലയം



ലോകത്തെ ഏറ്റവും വലിയ പുരസ്കാരമായ നൊബേൽ സമ്മാനം പ്രഖ്യാപിച്ചു. രസതന്ത്രം, സാഹിത്യം, ഭൗതികശാസ്ത്രം, സാമ്പത്തികശാസ്ത്രം, വൈദ്യശാസ്ത്രം, സമാധാനം എന്നീ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയവർക്കാണ് പുരസ്കാരം നൽകുന്നത്. നൊബേൽ പതക്കം, ബഹുമതിപത്രം, എന്നിവയ്ക്കു പുറമേ ഏകദേശം ആറു കോടി ഇരുപത്തഞ്ച് ലക്ഷം രൂപയു മാണ് സമ്മാനം. ഇത്തവണ ശാസ്ത്രനൊബേൽ പുരസ്കാരത്തിന് അർഹരായവരെ നമുക്ക് പരിചയപ്പെടാം.

## വൈദ്യശാസ്ത നൊബേൽ

### ഓക്സിജൻ ലഭ്യതയും കോശപ്രതികരണങ്ങളും

പ്രാണവായുവാണ് ഓക്സിജൻ എന്നും ജീവൻ നിലനിർത്തുന്നതിൽ ഓക്സിജനുള്ള പങ്ക് വളരെ വലുതാണെന്നും എല്ലാവർക്കും അറിയാം. എന്നാൽ ശ്വസനത്തിലൂടെ ലഭിക്കുന്ന ഓക്സിജന്റെ അളവ് എപ്പോഴും ഒരേപോലെയായിരിക്കുമോ? അല്ലേയല്ല. പല സന്ദർഭങ്ങളിലും ഓക്സിജൻ ലഭ്യതയുടെ അളവിൽ വ്യതിയാനമുണ്ടാവാറുണ്ട്. ഉദാഹരണത്തിന് ട്രെക്കിങ്ങിനിടയിൽ ഉയരത്തിലേക്ക് പോവുമ്പോഴും വെള്ളത്തിനടിയിലേക്ക് മുങ്ങാംകുഴിയിടുമ്പോഴുമൊക്കെ നമുക്ക് വേണ്ടത്ര ശ്വാസം കിട്ടാത്തതുപോലെ തോന്നാറില്ലേ? ഇങ്ങനെ ഓക്സിജൻ ലഭ്യതയിൽ ഉണ്ടാവുന്ന വ്യത്യാസങ്ങൾ നമ്മുടെ ശരീരത്തിലെ കോശങ്ങൾ തിരിച്ചറിയുകയും അതിനനുസരിച്ച് ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കോശത്തിലെ ഊർജഫാക്ടറികൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന മൈറ്റോകോൺഡ്രിയയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കും വേണം ഓക്സിജൻ. എന്നാൽ ഓക്സിജൻ ലഭ്യതയോടുള്ള കോശപ്രതികരണങ്ങളുടെ തന്മാത്രാതലരഹസ്യങ്ങൾ എന്താണ്? ആരോഗ്യമുള്ള ശരീരത്തിലും

രോഗബാധിതമായ അവസ്ഥയിലും കോശങ്ങളുടെ ഈ പ്രതികരണം ഒരുപോലെ ആയിരിക്കുമോ? ശാസ്ത്രജ്ഞരെ ഏറെനാൾ കുഴക്കിയ ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലേക്ക് വെളിച്ചം വീശിയ വില്ല്യം ജി കെയ്‌ലിൻ, പീറ്റർ ജെ റാറ്റ്ക്ലിഫ്, ഗ്രെഗ് എൽ സെമൻസ എന്നീ മൂന്നു ശാസ്ത്രജ്ഞർക്കാണ് ഇത്തവണത്തെ വൈദ്യശാസ്ത്രനൊബേൽ പുരസ്കാരം.

ശരീരത്തിലെ ഓക്സിജൻ വാഹകർ അരുണരക്താണുക്കളിലെ ഹീമോഗ്ലോബിൻ ആണെന്നറിയാമല്ലോ. അപ്പോൾ കോശങ്ങൾക്ക് ഓക്സിജൻ ലഭ്യത കുറയുമ്പോൾ ഓക്സിജൻ വാഹകരായ അരുണരക്താണുക്കളുടെ എണ്ണം കൂട്ടുക തന്നെ വഴി. ഇതിനു സഹായിക്കുന്നത് എറിത്രോപോയറ്റിൻ എന്ന ഹോർമോൺ ആണ്. ഈ ഹോർമോണിന്റെ ഉല്പാദനം ത്വരിതഗതിയിൽ ആക്കുന്നതിനു പിന്നിൽ പ്രവർത്തിക്കുന്നത് എച്ച് ഐ എഫ് (ഹൈപ്പോക്സിയ ഇൻഡ്യൂസിബിൾ ഫാക്റ്റർ) എന്ന ഘടകമാണ് കേട്ടോ. വിസ്മയങ്ങൾ അവസാനിക്കാത്ത ഒരത്ഭുത ഫാക്ടറി തന്നെ മനുഷ്യ ശരീരം.

1995-ൽ സെമൻസയുടെ നേതൃത്വത്തിലുള്ള ഗവേഷകരാണ് ഇതു കണ്ടുപിടിച്ചത്. എച്ച് ഐ എഫിന്റെ അളവ് നിയന്ത്രിക്കുന്നതിൽ വി എച്ച് എൽ എന്ന പ്രോട്ടീനിന്റെ പങ്ക് തിരിച്ചറിഞ്ഞത് കെയ്‌ലിൻ ആണ്. എച്ച് ഐ എഫും വി എച്ച് എല്ലും തമ്മിൽ കൂടിച്ചേരുന്നതിന്റെ രഹസ്യങ്ങൾ ചുരുൾ നിവർത്തുന്നതിൽ കെയ്‌ലിനും റാറ്റ്ക്ലിഫും പ്രധാനപങ്കുവഹിച്ചു.

കോശത്തിലെ ഉപാപചയ പ്രവർത്തനങ്ങളെയും ജീവൽ പ്രവർത്തനങ്ങളെയുമൊക്കെ ഓക്സിജൻ ലഭ്യതയിലെ വ്യത്യാസങ്ങൾ എങ്ങനെ ബാധിക്കും എന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഇവരുടെ ഗവേഷണങ്ങൾ. അനീമിയ, കാൻസർ, ഹൃദ്രോഗങ്ങൾ തുടങ്ങി ഒരുനിര രോഗങ്ങൾക്കുള്ള നൂതന ചികിത്സാസാധ്യതകളിലേക്ക് കൂടിയാണ് ഈ നേട്ടം വഴിതുറന്നത്.

കെയ്‌ലിൻ ഹാർവാഡ് സർവ്വകലാശാലയിലെ ഡാനഫാബർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷകനാണ്.

ഓക്സ്ഫഡ് സർവ്വകലാശാലയിലെ ഫ്രാൻസിസ് ക്രിക്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷകനാണ് റാറ്റ്ക്ലിഫ്. സെമൻസയാവട്ടെ ജോൺസ്ഹോപ്കിൻ സർവ്വകലാശാലയിൽ ഗവേഷകനാണ്.

# ഭൗതികശാസ്ത്ര നൊബേൽ -2019


## പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവുകൾ വിശാലമാക്കിയ ഗവേഷണങ്ങൾക്ക്-

ഏതാണ്ട് 1400 കോടിവർഷം മുമ്പ് ഒരു മഹാവിസ്ഫോടനത്തിലൂടെ പിറവിയെടുത്ത പ്രപഞ്ചം. ഈ മഹാപ്രപഞ്ചത്തിന്റെ വികാസപരിണാമങ്ങളിലേക്ക് വെളിച്ചം വീശിയ നേട്ടങ്ങൾക്കാണ് ജയിംസ് പീബിൾസ്, മിഷേൽ മേയർ, ദിദിയെ ക്വിലോസ് എന്നീ ശാസ്ത്രജ്ഞർ ഭൗതികശാസ്ത്രനൊബേൽ സമ്മാനത്തിന് അർഹരായത്. പ്രപഞ്ചഘടനയിലേക്കും പ്രപഞ്ചത്തിന്റെ നാൾവഴികളിലേക്കും വെളിച്ചം വീശുന്ന സിദ്ധാന്തങ്ങൾ അവതരിപ്പിച്ചതിനാണ് പീബിൾസിനെ തേടി നൊബേൽ സമ്മാനമെത്തിയത്.

അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ പല പ്രപഞ്ചരഹസ്യങ്ങളുടെയും



വില്ല്യം ജി കെയ്‌ലിൻ



പീറ്റർ ജെ റാറ്റ്ക്ലിഫ്



ഗ്രെഗ് എൽ സെമൻസ

photo : EPA

പൂട്ടുതുറക്കാൻ പീബിൾസിന്റെ ഗവേഷണങ്ങൾ സഹായിച്ചു. മഹാവിസ്ഫോടനം എന്നു വിശേഷിപ്പിക്കപ്പെടുന്ന അത്യുഗ്രമായ പൊട്ടിത്തെറിയുടെ അവശേഷിപ്പായ പ്രാപഞ്ചിക പശ്ചാത്തല വികിരണങ്ങളെക്കുറിച്ച് അദ്ദേഹം വിശദമായി പഠിച്ചു. ഇനിയും മുഴുവനായി പൂരിപ്പിക്കപ്പെടാത്ത പ്രപഞ്ചസമസ്യകൾ പൂരിപ്പിക്കാനുള്ള പല സൂചനകളും അദ്ദേഹം തന്റെ ഗവേഷണങ്ങളിലൂടെ ലഭ്യമാക്കി. ഈ പ്രപഞ്ചത്തിന്റെ വെറും അഞ്ചുശതമാനം മാത്രമാണ് ദൃശ്യദ്രവ്യമെന്നറിയാമോ? ബാക്കി 95 ശതമാനവും നമുക്കു കാണാൻ സാധിക്കാത്ത ശ്യാമദ്രവ്യം (ഇരുണ്ടദ്രവ്യം) ആണെന്ന പീബിൾസിന്റെ സൈദ്ധാന്തിക വിശകലനങ്ങൾ ലോകശ്രദ്ധ നേടി. ഇരുണ്ടദ്രവ്യത്തിന്റെയും ഇരുണ്ട ഊർജത്തിന്റെയും രഹസ്യങ്ങൾ തേടുന്ന ഗവേഷണങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. വികസിച്ചുകൊണ്ടേയിരിക്കുകയാണ് പ്രപഞ്ചം. പ്രപഞ്ച വികാസത്തിന്റെ നിരക്ക് കൂടിക്കൊണ്ടിരിക്കുന്നു എന്നാണ് ഗവേഷണങ്ങൾ നൽകുന്ന സൂചന. ഈ മേഖലയിലും പീബിൾസ് ശ്രദ്ധേയമായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്.

പ്രപഞ്ചത്തിന്റെ വിദൂരതയിൽ എവിടെയെങ്കിലും വേറെയും സൗരയൂഥങ്ങളുണ്ടോ, ഭൗമസമാനഗ്രഹങ്ങളുണ്ടോ, അതിലെവിടെയെങ്കിലും ജലവും ജീവന്റെ നിലനില്പിനാവശ്യമായ സാഹചര്യങ്ങളുമുണ്ടോ, ഏതെങ്കിലും രൂപത്തിൽ ജീവന്റെ തുടിപ്പുണ്ടോ അതോ ഒരു കാലത്ത് ഉണ്ടായിരുന്നോ എന്നൊക്കെയുള്ള അന്വേഷണങ്ങൾക്ക് ഊർജ്ജം പകരുന്ന ഒരു കണ്ടെത്തലാണ് 1995-ൽ മേയറും കിലോസും നടത്തിയത്. സൗരയൂഥത്തിനപ്പുറം സൂര്യസമാനമായ നക്ഷത്രത്തെ ചുറ്റുന്ന ഒരു ഗ്രഹത്തെ ആദ്യമായി കണ്ടെത്തിയത് ഇവരാണ്. 51 പെഗാസി എന്ന നക്ഷത്രത്തെ ചുറ്റുന്ന ആ ഗ്രഹം 51 പെഗാസി ബി എന്നാണ് അറിയപ്പെടുന്നത്. ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുള്ള എക്സോപ്ലാനറ്റുകളുടെ എണ്ണം നാലായിരത്തോളം വരും. പുതിയ ഗ്രഹങ്ങളെ തേടിയുള്ള അന്വേഷണങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

പ്രിൻസ്റ്റൺ സർവ്വകലാശാലാ ഗവേഷകനാണ് പീബിൾസ്. മേയർ ജനീവ സർവ്വകലാശാലയിലും കിലോസ് കേംബ്രിജ് സർവ്വകലാശാലയിലും ഗവേഷണം നടത്തുന്നു.

# രസതന്ത്ര നൊബേൽ-2019

## ലിഥിയം അയോൺ ബാറ്ററിയിലൂടെ ലോകത്തെ മാറ്റിയവർക്ക്

ലിഥിയം അയോൺ ബാറ്ററികൾ യഥാർഥത്തിൽ ലോകത്തെ മാറ്റിമറിക്കുക തന്നെയായിരുന്നു. മൊബൈൽ ഫോണിലും ലാപ്ടോപ്പിലുമൊക്കെ ഉപയോഗിക്കുന്ന ലിഥിയം അയോൺ ബാറ്ററികൾ ഇന്ന് നമ്മുടെ സന്തതസഹചാരിയാണ്. റീചാർജബിൾ ബാറ്ററികൾക്കിടയിലെ താരമായ ലിഥിയം അയോൺ ബാറ്ററികൾ വികസിപ്പിച്ചെടുത്തതിനാണ് ജോൺ ബി ഗുഡിനഫ്, എം സ്റ്റാൻലി വിറ്റിങ്ഹാം, അകിരായോഷിനോ എന്നീ ശാസ്ത്രജ്ഞരെ തേടി രസതന്ത്ര നൊബേൽ സമ്മാനംഎത്തിയത്.

ഭാരംകുറഞ്ഞത്, സുരക്ഷിതമായി കൊണ്ടുനടക്കാം, റീചാർജ് ചെയ്ത് വീണ്ടും വീണ്ടും ഉപയോഗിക്കാം, കാര്യക്ഷമതയിൽ മുന്നിൽ തുടങ്ങി സവിശേഷതകൾ ഏറെയാണ് ലിഥിയം അയോൺ ബാറ്ററിക്ക്.



ജയിംസ് പീബിൾസ്




മിഷേൽ മേയർ



ദിദിയെ കിലോസ്

Images : AFPGetty Images



ജോൺ ബി ഗുഡിനഫ്



എം സ്റ്റാൻലി വിറ്റിങ്ഹാം



അകിരായോഷിനോ

Images : AFPGetty Images

**ഇന്നത്തെ രൂപത്തിലുള്ള, സുരക്ഷിതമായി കൊണ്ടുനടക്കാൻ കഴിയുന്ന ലിഥിയം അയോൺ ബാറ്ററി വികസിപ്പിച്ചെടുക്കാൻ കടമ്പകൾ ഒരുപാട് താണ്ടേതുണ്ടായിരുന്നു. ക്രിയാശീലം വളരെക്കൂടുതലുള്ള ലിഥിയം അതേ രൂപത്തിൽ ബാറ്ററികളിൽ ഉപയോഗിക്കുന്നത് ഒട്ടും സുരക്ഷിതമായിരുന്നില്ല. തീപിടിത്തം, പൊട്ടിത്തെറി തുടങ്ങിയ അപകടങ്ങൾക്ക് അത് കാരണമാവുകയും ചെയ്തു.**

ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കാൻ സഹായിക്കുന്നതു കൊണ്ട് പരിസ്ഥിതിസൗഹൃദപരമാണെന്ന മേന്മവേറെ. ഇലക്ട്രിക് കാർ രംഗത്തും ലിഥിയം അയോൺ ബാറ്ററിയുടെ രംഗപ്രവേശം ചലനങ്ങളുണ്ടാക്കി. തീർന്നില്ല ഈ വിസ്മയബാറ്ററിയുടെ വിശേഷങ്ങൾ. കാറ്റിൽ നിന്നുള്ള ഊർജത്തിന്റെയും സൗരോർജത്തിന്റെയുമൊക്കെ സംഭരണത്തിലും ലിഥിയം അയോൺ ബാറ്ററികൾ പങ്കുവഹിക്കുന്നുണ്ട്.

ഇന്നത്തെ രൂപത്തിലുള്ള, സുരക്ഷിതമായി കൊണ്ടുനടക്കാൻ കഴിയുന്ന ലിഥിയം അയോൺ ബാറ്ററി വികസിപ്പിച്ചെടുക്കാൻ കടമ്പകൾ ഒരുപാട് താണ്ടേണ്ടതുണ്ടായിരുന്നു. ക്രിയാശീലം വളരെക്കൂടുതലുള്ള ലിഥിയം അതേ രൂപത്തിൽ ബാറ്ററികളിൽ ഉപയോഗിക്കുന്നത് ഒട്ടും സുരക്ഷിതമായിരുന്നില്ല. തീപിടിത്തം, പൊട്ടിത്തെറി തുടങ്ങിയ അപകടങ്ങൾക്ക് അത് കാരണമാവുകയും ചെയ്തു.

1970-ൽ എണ്ണപ്രതിസന്ധി രൂക്ഷമായ കാലത്ത് വിറ്റിങ്ഹാം അതിചാലകങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അതിനിടയിലാണ് ലിഥിയം അയോൺ ബാറ്ററിയിൽ കാഥോഡ് ആയി ടൈറ്റാനിയം ഡൈ സൾഫൈഡ് ഉപയോഗിക്കാമെന്നു കണ്ടെത്തുന്നത്. ഇതിന്റെ പാളികൾക്കിടയിൽ ലിഥിയം അയോണുകളെ കുരുക്കിനിർത്താമെന്നും അദ്ദേഹം മനസ്സിലാക്കി. എന്നാൽ ഇതിലെ ആനോഡ് ഭാഗികമായി മെറ്റാലിക് ലിഥിയമായിരുന്നു.

1980-ൽ ഗുഡിനഫ് ടൈറ്റാനിയം ഡൈ സൾഫൈഡിനു പകരം മറ്റൊരു പദാർഥം കാഥോഡായി ഉപയോഗിക്കുന്നതാണ് കൂടുതൽ കാര്യക്ഷമം എന്നു കണ്ടെത്തി. കൊബാൾട്ട് ഓക്സൈഡ് കാഥോഡായി ഉപയോഗിച്ച് അതിന്റെ പാളികൾക്കിടയിൽ ലിഥിയം അയോണുകളെ കുരുക്കാമെന്ന് അദ്ദേഹം തെളിയിച്ചു. എന്നാൽ അപ്പോഴും തികച്ചും സുരക്ഷിതമായ ആനോഡ് എന്നത് ഒരു പ്രശ്നമായി അവശേഷിച്ചു. 1985-ൽ അകിര യോഷിനോയാണ് ഈ പ്രശ്നം പരിഹരിച്ചത്. കൊബാൾട്ട് ഓക്സൈഡ് കാഥോഡായും പെട്രോളിയംകോക്ക് ആനോഡായും ഉപയോഗിച്ച് കൂടുതൽ സുരക്ഷിതവും കാര്യക്ഷമതയേറിയതുമായ ലിഥിയം അയോൺ ബാറ്ററി അദ്ദേഹം നിർമ്മിച്ചു.

1991-ൽ വിപണിയിലെത്തിയ ലിഥിയം അയോൺ ബാറ്ററികൾ ഇലക്ട്രോണിക് ഉപകരണ രംഗത്ത് വൻ മാറ്റങ്ങൾക്കു വഴിയൊരുക്കുന്നതിനും മനുഷ്യന്റെ ഉറ്റചങ്ങാതിയാവുന്നതിനുമാണ് പിന്നീട് കാലം സാക്ഷ്യം വഹിച്ചത്.

ഗുഡിനഫ് യു എസ്സിലെ ടെക്സാസ് സർവ്വകലാശാലയിലെയും വിറ്റിങ്ഹാം ന്യൂയോർക്ക് സ്റ്റേറ്റ് സർവ്വകലാശാലയിലെയും അകിരാ യോഷിനോ ജപ്പാനിലെ മീജോ സർവ്വകലാശാലയിലെയും ഗവേഷകരാണ്.

# നൊബേൽ സമ്മാനം 2019



പ്രൊഫ. എം എൻ ശ്രീധരൻ നായർ

**2019 ൽ സാഹിത്യം, സമാധാനം, സാമ്പത്തികശാസ്ത്രം എന്നീ വിഭാഗങ്ങളിൽ നൊബേൽ പുരസ്കാരം ലഭിച്ചത് ആർക്കൊക്കെയാണ് എന്ന് നമുക്കു നോക്കാം.**

## സാഹിത്യം (Literature)

ഓസ്ട്രിയൻ നോവലിസ്റ്റും നാടകകൃത്തും വിവർത്തകനുമായ പീറ്റർ ഹാൻഡ്കെ (Peter Handke) 2019 ലെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനത്തിനർഹനായി.

ഭാഷാപരമായ നൈപുണ്യത്തോടെ മനുഷ്യാനുഭവങ്ങളുടെ അതിരുകളെയും അസാധാരണത്വങ്ങളെയും പറ്റി പര്യവേഷണം നടത്തുന്ന, സ്വാധീനം ചെലുത്താനാവുന്ന രചനകൾക്കാണ് അവാർഡ് നൽകുന്നതെന്നാണ് സ്വീഡിഷ് അക്കാദമി ഹാൻഡ്കെക്കിന് നൊബേൽ സമ്മാനം പ്രഖ്യാപിച്ച വേളയിൽ പറഞ്ഞത്. 'പെനാൽറ്റി കിക്ക് കാത്തുനിൽക്കുന്ന ഗോളിയുടെ ഏകാന്തത' എന്ന നോവലിലൂടെ അദ്ദേഹം മലയാളികൾക്കും സുപരിചിതനാണ്.



author Wild + Team Agentur - UNI Salzburg

പീറ്റർ ഹാൻഡ്കെ

## സമാധാനം (Peace)

സമാധാനത്തിനുള്ള ഈ വർഷത്തെ നൊബേൽ സമ്മാനത്തിന് അർഹനായത് എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയാണ്.

2018 ഏപ്രിൽ രണ്ടിന് എത്യോപ്യയുടെ പ്രധാനമന്ത്രിയാവുകയും അയൽരാജ്യമായ എറിത്രിയയുമായുള്ള അതിർത്തിതർക്കത്തിനും സംഘർഷത്തിനും പരിഹാരം കണ്ടെത്തുകയും എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് സമാധാനം സൃഷ്ടിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്ത അബി അഹമ്മദ് അലിയെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നൽകിയാണ് ലോകം ആദരിച്ചത്.

കിഴക്കേ ആഫ്രിക്കൻ രാജ്യമായ എത്യോപ്യയുടെ വടക്ക് ഭാഗത്താണ് എറിത്രിയ സ്ഥിതി ചെയ്യുന്നത്. പതിറ്റാണ്ടുകൾ നീണ്ട സമരത്തിനൊടുവിലാണ് എത്യോപ്യൻ ആധിപത്യത്തിൽ നിന്നും 1993 ൽ എറിത്രിയ സ്വാതന്ത്ര്യം നേടിയത്. അഞ്ചു വർഷങ്ങൾക്കുശേഷം എത്യോപ്യയും എറിത്രിയയും തമ്മിൽ അതിർത്തിയെച്ചൊല്ലി യുദ്ധം ആരംഭിച്ചു. 1998 മുതൽ 2000 വരെ നീണ്ടുനിന്ന യുദ്ധത്തിൽ അനേകം ജീവനുകളാണ് പൊലിഞ്ഞത്. സമാധാന ചർച്ചകൾ പലവഴിക്ക് നടന്നുവെങ്കിലും ഇരു വിഭാഗങ്ങളും തമ്മിലുള്ള സംഘർഷം തുടർന്നു. തർക്കം തീർക്കാൻ നിരവധി ശ്രമങ്ങൾ അന്താരാഷ്ട്രതലത്തിൽ നടക്കുന്നതിനിടെയാണ് 43 കാരനായ അബി അഹമ്മദ് അലി എത്യോപ്യൻ പ്രധാനമന്ത്രിയായി ചുമതലയേൽക്കുന്നത്. അധികാരമേറ്റ നാളുകളിൽ തന്നെ എറിത്രിയയുമായി സമാധാന ചർച്ചകൾ നടത്താൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എറിത്രിയ പ്രസിഡന്റുമായുള്ള അടുത്ത ബന്ധം ഇരുരാജ്യങ്ങളും തമ്മിലുള്ള സമാധാന



author : Aron Simeneh

അബി അഹമ്മദ് അലി



അഭിജിത് ബാനർജി



എസ്തേർ ദഫ്ളു



മൈക്കിൾ ക്രെമെർ

കരാറിൽ എത്തിക്കുന്നതിനു കാരണമായി.

## സാമ്പത്തിക ശാസ്ത്രം
## (Economics)

**ഇന്ത്യൻ വംശജനായ അഭിജിത്ബാനർജി, അമേരിക്കക്കാരായ എസ്തേർ ദഫ്ളു, മൈക്കിൾ ക്രെമെർ എന്നിവരാണ് സാമ്പത്തികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പങ്കിട്ടത്. ആഗോള ദാരിദ്ര്യ നിർമാർജനത്തിനായുള്ള പദ്ധതികൾക്കാണ് പുരസ്കാരം.**

ഇന്ത്യൻ വംശജനായ അഭിജിത് ബാനർജി, അമേരിക്കക്കാരായ എസ്തേർ ദഫ്ളു, മൈക്കിൾ ക്രെമെർ എന്നിവരാണ് സാമ്പത്തികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പങ്കിട്ടത്. ആഗോള ദാരിദ്ര്യ നിർമാർജനത്തിനായുള്ള പദ്ധതികൾക്കാണ് പുരസ്കാരം. ഇവരുടെ ഗവേഷണം ആഗോള ദാരിദ്ര്യം ലഘൂകരിക്കുന്നതിന് ഇതിനകം സഹായിച്ചിട്ടുണ്ട്. അതിനോടൊപ്പം ഭാവിയിൽ ഈ ലോകത്തെ ദരിദ്രരായ ജനങ്ങളുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ ഇവരുടെ ഗവേഷണഫലങ്ങൾക്ക് സാധ്യമാകുമെന്നു റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസ് വിലയിരുത്തുന്നു.

സാമ്പത്തിക ശാസ്ത്രത്തിൽ ഒരുമിച്ച് നൊബേൽ സമ്മാനം നേടുന്ന ആദ്യ ദമ്പതിമാരാണ് ഇന്ത്യാക്കാരനായ അഭിജിത് ബാനർജിയും ഭാര്യ എസ്തേർ ദഫ്ളുവും. സാമ്പത്തിക ശാസ്ത്രത്തിനു നൊബേൽ സമ്മാനം നേടുന്ന രണ്ടാമത്തെ വനിതയും ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും ആണ് ഫ്രഞ്ചു വംശജയായ എസ്തേർ ദഫ്ളു. അമേരിക്കയിലെ മസ്സാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ധനതത്വശാസ്ത്രം പ്രൊഫസ്സർമാരാണ് ഇരുവരും. അമർത്യാസെന്നിനുശേഷം സാമ്പത്തിക ശാസ്ത്ര നൊബേൽ നേടുന്ന ഇന്ത്യാക്കാരനാണ് അഭിജിത് ബാനർജി.

ഹാർവാഡ് സർവകലാശാല പ്രൊഫസർ ആണ് മൈക്കിൾ ക്രെമെർ. ലോകത്ത് ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള പങ്കിനെ കുറിച്ചുള്ള ഗവേഷണത്തിലാണ് ഇദ്ദേഹം ശ്രദ്ധിച്ചിരുന്നത്.

ഇവർ നിർദേശിച്ച മാർഗം രണ്ടു ദശകത്തിനിടെ വികസനാത്മക സാമ്പത്തിക പ്രക്രിയയെ ഉടച്ചുവാർത്തെന്ന് സ്വീഡിഷ് അക്കാദമി ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസം, ആരോഗ്യ പരിചരണം തുടങ്ങിയ മേഖലകളിൽ ഇവർ മുന്നോട്ടു വച്ച ആശയം നിരവധി രാഷ്ട്രങ്ങളിൽ വളരെയേറെ ഫലപ്രദമായി കാണപ്പെട്ടു.

എസ്തർ മുൻ അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയുടെ ഉപദേശകയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട 'ഒബാമ കെയർ' എന്ന ആരോഗ്യപദ്ധതി വിഭാവനം ചെയ്തതിൽ അവർക്കു പങ്കുണ്ട്. അഭിജിത്തും എസ്തറും ചേർന്ന് ആഗോള ദാരിദ്ര്യ നിർമാർജന പ്രവർത്തന ഗവേഷണത്തിന് 'അബ്ദുൽ ലത്തീഫ് ജമീൽ പോവർട്ടി ആക്ഷൻ ലാബി'ന് തുടക്കം കുറിച്ചു. അഭിജിത്തുമായി ചേർന്ന് 'ഗുഡ് ഇക്കണോമിക്സ് ഫോർ ഹാർഡ് ടൈംസ്' എന്ന ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്. ഈ വക പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി സാമ്പത്തികശാസ്ത്ര രംഗത്തെ നിരവധി പുരസ്കാരങ്ങൾ അവർ നേടിയിട്ടുണ്ട്.

കവിത

# തീവണ്ടിയിൽ നിന്ന് പുറത്തേക്കു നോക്കുമ്പോൾ

**ഇ ജിനൻ**



ഓടുന്ന തീവണ്ടി -
ക്കുള്ളിലിരിക്കുമ്പോൾ
ഓരോരോ കാഴ്ചകൾ
ദൂരെ ദൂരേ...

മാമലമേടും
മരങ്ങളും, താഴ്വര-
ക്കാടും പുഴകളും
ദൂരെ ദൂരേ

കാണാമകലേ -
യൊരു നേർത്ത
രേഖ പോൽ
കാട്ടുനീരിന്റെ
മലയിറക്കം.

വെൺമുകിൽക്കൂട്ട -
മലഞ്ഞു നടക്കുന്നു
ചെമ്മരിയാടുകൾ
മേയും പോലെ

നെല്ലിൻ കതിർക്കുല
തെന്നലിലാടുന്നൂ
തെല്ലകലെ, തിര -
തല്ലും പോലെ

എള്ളും പുതിനയും
പൂക്കുന്ന പാടങ്ങൾ
തുള്ളുന്നു കാറ്റിൽ
കുളിരും പോലെ

തീവണ്ടി നീങ്ങുമ്പോൾ
കാണാമിടയ്ക്കിടെ
തീരാത്ത സങ്കട -
ക്കാഴ്ചയേറെ

പൊള്ളും വെയില -
ത്തിറങ്ങി പണി ചെയ്യും
ചുള്ളി പോലുള്ള
മനുഷ്യരേറെ.

കൂരിരുട്ടിന്റെ
പകർപ്പെന്ന പോലുള്ള
കൂട്ടരാണല്ലോ
വയൽ വരമ്പിൽ.

ചേറും ചകിരിയും
ചീഞ്ഞുനാറും മണം
പേറുന്ന കാറ്റാ -
ണവർക്ക് ശ്വാസം.

രാവും പകലും
മറയുന്നു മേൽക്കുമേൽ
കാലമുരുണ്ടുരു -
ണ്ടോടും പോലെ


നേരമിരുട്ടുമ്പോൾ
നേരിയ മഞ്ഞിന്റെ
തേരും കൊണ്ടാന
വരുന്ന പോലെ

ഒട്ടു ദൂരങ്ങളി-
ലുള്ളവർ, സൗഹൃദ -
മൊട്ടേറെ പങ്കിട്ടു
ചേർന്നിരുന്നോർ,
പെട്ടെന്നിറങ്ങി
നടന്നുമറയുമ്പോൾ
വെട്ടം മനസ്സിൽ
കെടുന്ന പോലെ

പിന്നിലേക്കോടുന്ന
പാളമെന്തൊക്കയോ
ചിന്തിച്ചിടറി കരയും പോലെ.



വര: സന്തോഷ് വെളിയന്നൂർ



വര: സുജിത് പി.വി

# കാത്തുകാത്ത് ഒരു കുറുക്കൻ



**ഗ്രേസി**

താഴ്‌വാരത്തുനിന്ന് കാരറ്റുകൾ മൂടോടെ പിഴുതെടുക്കുമ്പോൾ ചൊക്കൻ മുയൽ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു. ഒന്ന്, അടുത്തടുത്ത് നിൽക്കുന്ന കാരറ്റുകൾ പിഴുതെടുക്കരുത്. മനുഷ്യർ എളുപ്പം കണ്ടുപിടിക്കും. രണ്ട്, മുയൽക്കെണി വച്ചിട്ടുണ്ടോ എന്ന്. കൈയിൽ കരുതിയ സഞ്ചിയിൽ ഒൻപത് കാരറ്റുകളിടുമ്പോഴേക്കും മിക്കവാറും നിറഞ്ഞു. സഞ്ചി തോളിൽ തൂക്കി ഒരു മൂളിപ്പാട്ടോടെ ചൊക്കൻ കുന്ന് കയറാൻ തുടങ്ങി. അപ്പോഴാണ് ചാറ്റൽമഴ തുടങ്ങിയത്. രോമക്കുപ്പായം നനയുന്നത് ഇഷ്ടമല്ലെങ്കിലും ചൊക്കന് ചാറ്റൽമഴ കാണാനിഷ്ടമാണ്. മഴ, വെളുത്ത പുതപ്പ് കുടഞ്ഞ് നിവർത്തി ഭൂമിയെ പുതപ്പിക്കുന്നത് ചൊക്കൻ സന്തോഷത്തോടെ നോക്കിനിന്നു. അന്നേരം കാടിങ്ങനെ നീലിച്ച് വരുന്നതെന്തെന്ന് ചൊക്കനു മനസ്സിലായില്ല. പൊടുന്നനെ തൊട്ടടുത്ത് നിൽക്കുന്ന മരത്തിന്റെ ചില്ലയിലിരുന്ന് ഒരു ചെറിയ കിളി കരഞ്ഞു. കഴുത്ത് ഉടലിനോടുചേർത്തു പിടിച്ച് ഒരു പനിക്കാരനെപ്പോലെ.

ഒറ്റയ്ക്കു മാനത്തേക്കു നോക്കിയിരിക്കുന്ന കിളിയെ കണ്ടപ്പോൾ ചൊക്കന് സങ്കടം വന്നു. അതിനോട് എന്തെങ്കിലുമൊന്ന് മിണ്ടണമെന്ന് ചൊക്കന് തീവ്രമായ ആഗ്രഹം തോന്നി. എങ്കിലും എന്തുകൊണ്ടോ അവൻ ഒന്നും തന്നെ മിണ്ടിയില്ല. ഒറ്റയ്ക്കാവുക എത്ര സങ്കടകരമാണെന്നോർത്ത് ചൊക്കൻ ഒരു നെടുവീർപ്പിട്ടു.

അപ്പോഴാണ് കൂർത്ത നഖമുള്ള ഒരു കൈ തോളിൽ വന്നുവീണത്. ചൊക്കൻ ഞെട്ടിപ്പോയി. തിരിഞ്ഞുനോക്കാതെ തന്നെ അതാരുടേതാണെന്ന് അവനു മനസ്സിലായി. ഇനി എന്തു സൂത്രം പ്രയോഗിച്ചാലാണ് ഈ ദുഷ്ടന്റെ കൈയിൽ നിന്നൊന്ന് രക്ഷപ്പെടുക എന്ന് അവൻ ഒരുനിമിഷം ആലോചിച്ചു. പിന്നെ, പേടി തീരെ പുറത്തു കാണിക്കാതെ പറഞ്ഞു.

''കുറുക്കൻ ചേട്ടാ! നോക്ക്! മഴ പെയ്യുമ്പോൾ നമ്മുടെ കാടിനെന്തു ഭംഗിയാ!''

കുറുക്കൻ മുരത്ത ശബ്ദത്തിൽ പറഞ്ഞു.

''നീ നിന്റെ മിരട്ടുവിദ്യയൊന്നും പുറത്തെടുക്കണ്ട! കഴിഞ്ഞ രണ്ടുപ്രാവശ്യം നീ എന്നെ പറ്റിച്ചു കടന്നുകളഞ്ഞു!

**ചൊക്കൻ വിളിക്കുമ്പോൾ വിശന്നിരിക്കുന്ന ഭാര്യ മാത്രമല്ല, മക്കളും പാഞ്ഞു മാളത്തിനു വെളിയിൽ വരും. ഹാ! അപ്പോൾ എത്രയെണ്ണത്തിനെ പിടികൂടാൻ പറ്റും? തനിക്കും ഭാര്യയ്ക്കും ഇന്ന് വയറു നിറയെ മുയലിറച്ചി തിന്നാമല്ലോ എന്ന് വിചാരിച്ചപ്പോൾ കുറുക്കന്റെ വായിൽ കൊതിവെള്ളമൂറി. അതോടെ കുറുക്കന്റെ നഖങ്ങൾ ചൊക്കന്റെ ചുമലിൽ കുറേക്കൂടി ആഴ്ന്നിറങ്ങി.**

ഇത്തവണ നീ പെട്ടുമോനേ!''

ചൊക്കൻ കൂസലില്ലായ്മ നടിച്ച് പറഞ്ഞു.

''കുറുക്കൻ ചേട്ടൻ എന്നെ തിന്ന് വിശപ്പടക്കിക്കൊള്ളൂ. പക്ഷേ, എന്റെ വീട്ടിൽ ഭാര്യേം രണ്ടു മക്കളും വിശന്നിരിക്കുകയാണ്. ഞാൻ ഈ കാരറ്റ് അവർക്ക് കൊടുത്തിട്ടു വേഗം മടങ്ങിവരാം.''

കൂർത്ത പല്ലുകൾ പുറത്തു കാണിച്ച് കുറുക്കൻ ചിരിച്ചു.

''എടാ! ചൊക്കാ! നിന്റെ വേല കൈയിലിരിക്കട്ടെ! ഇത്തവണ എന്നെ പറ്റിച്ചു കടന്നുകളയാമെന്ന് നീ വിചാരിക്കണ്ട!''

ചൊക്കൻ വിനയം ഭാവിച്ചു.

''ഓ! ചേട്ടനെ പറ്റിക്കാമെന്നൊന്നും ഞാൻ വിചാരിച്ചില്ല. ചേട്ടന് എന്നെ അത്ര വിശ്വാസമില്ലെങ്കിൽ എന്റെ കൂടെപ്പോരേ! ഞാൻ ഈ കാരറ്റ്സഞ്ചി എന്റെ പെമ്പ്രോന്നോർക്ക് കൊടുത്താലൊടനെ ചേട്ടന് എന്നെ പിടിച്ചു തിന്നാമല്ലോ!''

അതു കൊള്ളാം. കുറുക്കൻ മനസ്സിൽ പറഞ്ഞു. ചൊക്കൻ വിളിക്കുമ്പോൾ വിശന്നിരിക്കുന്ന ഭാര്യ മാത്രമല്ല, മക്കളും പാഞ്ഞു മാളത്തിനു വെളിയിൽ വരും. ഹാ! അപ്പോൾ എത്രയെണ്ണത്തിനെ പിടികൂടാൻ പറ്റും? തനിക്കും ഭാര്യയ്ക്കും ഇന്ന് വയറു നിറയെ മുയലിറച്ചി തിന്നാമല്ലോ എന്ന് വിചാരിച്ചപ്പോൾ കുറുക്കന്റെ വായിൽ കൊതിവെള്ളമൂറി. അതോടെ കുറുക്കന്റെ നഖങ്ങൾ ചൊക്കന്റെ ചുമലിൽ കുറേക്കൂടി ആഴ്ന്നിറങ്ങി. ചൊക്കന് കലശലായി വേദനിച്ചെങ്കിലും ഒന്നു ഞരങ്ങുകപോലും ചെയ്തില്ല.

അവർ നടക്കാൻ തുടങ്ങി. വഴിമധ്യേ കുറുക്കൻ കുശലം ചോദിച്ചു.

''നിന്റെ ഭാര്യ ഇപ്പോൾ പുറത്തേക്കൊന്നും ഇറങ്ങാറില്ലേ? കണ്ടിട്ട് കുറേക്കാലമായി! കുഞ്ഞുങ്ങളെങ്ങനെ? തക്കിടിമുണ്ടന്മാരാണോ?''

ചൊക്കൻ മുയൽ ഓട്ടക്കണ്ണിട്ട് കുറുക്കനെ നോക്കി. ദുഷ്ടന്റെ കണ്ണിലെ കൊതിയുടെ മൂർച്ചകൊണ്ട് അവന്റെ മനസ്സ് പിഞ്ഞിപ്പോയി. എങ്കിലും അവൻ സന്തോഷം നടിച്ചു.

''അവളിപ്പോ പുറത്തേക്കൊന്നും അങ്ങനെ ഇറങ്ങാറില്ല. പുള്ളാരെ നോക്കി വളർത്തണ്ടേ? കുഞ്ഞുങ്ങള് തക്കിടിമുണ്ടന്മാരാ! പോരാത്തതിന്



ഭയങ്കര വികൃതികളും!''

കുറുക്കന്റെ വായിൽ വീണ്ടും കൊതിവെള്ളം നിറഞ്ഞു. അമ്പോ! മൊത്തം നാലെണ്ണം!

അവരങ്ങനെ മാളത്തിന്റെ മുന്നിലെത്തി. അപ്പോൾ ചൊക്കൻ വിളിച്ചുകൂവി.

''എടീ ചൊക്കിയേ! നിന്നേം മക്കളേം കാണാൻ കുറുക്കൻ ചേട്ടൻ വന്നിട്ടൊണ്ട്, കേട്ടോ!''

അതുകേട്ട് മാളത്തിനകത്തിരുന്ന ചൊക്കി പേടിച്ചുവിറച്ചു. ചൊക്കൻ ഭയങ്കരമായൊരപകടത്തിൽ പെട്ടിരിക്കുകയാണെന്ന് അവൾക്കു മനസ്സിലായി. അവൾ കുഞ്ഞുങ്ങളുടെ നേരെ തിരിഞ്ഞ് ചുണ്ടത്തു കൈ വച്ചു.

''ശ്! മിണ്ടരുത്!''പിന്നെ ഉറക്കെ വിളിച്ചുപറഞ്ഞു.

''പുള്ളേര് വിശന്ന് കരഞ്ഞ് ഒറക്കമായി!''

ചൊക്കന്റെ ഉള്ളൊന്നു തണുത്തു. ഭാര്യയുടെ ബുദ്ധിയെക്കുറിച്ച് അവന് പണ്ടേ നല്ല മതിപ്പുണ്ട്. അവളെന്തെങ്കിലുമൊരു ഉപായം കണ്ടുപിടിക്കാതിരിക്കുകയില്ല. അതുകൊണ്ട് അവൻ ധൈര്യമായി പറഞ്ഞു.

''എന്നാപ്പിന്നെ നീ അവരെയിങ്ങ് എടുത്തോണ്ട് വാ!''

വാത്സല്യം തുളുമ്പുന്ന സ്വരത്തിൽ ചൊക്കി പറഞ്ഞു.

''ഓ! ഈ തടിമാടന്മാരെ ഞാനെങ്ങനെ ഒറ്റയ്ക്ക് എടുക്കും? ഒരാളെ ഞാനെടുക്കാം. ഒരാളെ ചൊക്കൻ വന്നെടുക്ക്!''

മാളത്തിലെ നിശ്ശബ്ദത കുറുക്കനെ അലോസരപ്പെടുത്തി. കുറേനേരം അവൻ മാളത്തിനു മുന്നിൽ കാത്തുകാത്തിരുന്നു. പക്ഷേ, ആരും പുറത്തേക്കു വന്നില്ല. താൻ വഞ്ചിക്കപ്പെട്ടുവെന്ന് കുറുക്കന് മനസ്സിലായി. അവൻ കൈ മാളത്തിലിട്ട് പരതിനോക്കി. കൈയെത്താവുന്ന ദൂരത്തൊന്നും മുയലുകളുടെ പൂട പോലുമില്ല! ഇനിയെന്ത് ചെയ്യും?

ആ തടിയൻ കുഞ്ഞുങ്ങളെ കാണാൻ കുറുക്കന് തിടുക്കമായി. ഇളം മുയലിറച്ചിയുടെ സ്വാദോർത്തപ്പോൾ അവൻ കൈകൾ രണ്ടും കൂട്ടിത്തിരുമ്മി. കുറുക്കന്റെ പിടുത്തംവിട്ട തക്കത്തിന് കാരറ്റ്സഞ്ചി തിടുക്കത്തിൽ താഴെവച്ച് ഒരു നിമിഷം! ഞാൻ ദാ വന്നു! എന്നുപറഞ്ഞ് ചൊക്കൻ മാളത്തിലേക്ക് ഒരൊറ്റക്കുതിപ്പ്!

മാളത്തിലെ നിശ്ശബ്ദത കുറുക്കനെ അലോസരപ്പെടുത്തി. കുറേനേരം അവൻ മാളത്തിനു മുന്നിൽ കാത്തുകാത്തിരുന്നു. പക്ഷേ, ആരും പുറത്തേക്കു വന്നില്ല. താൻ വഞ്ചിക്കപ്പെട്ടുവെന്ന് കുറുക്കന് മനസ്സിലായി. അവൻ കൈ മാളത്തിലിട്ട് പരതിനോക്കി. കൈയെത്താവുന്ന ദൂരത്തൊന്നും മുയലുകളുടെ പൂട പോലുമില്ല! ഇനിയെന്ത് ചെയ്യും? മുയലിന്റെ മാളം ചെറുതായതിനാൽ തന്റെ ഉടൽ അതിനകത്ത് കടക്കുകയില്ലെന്ന് കുറുക്കനറിയാം. ഇനി അത് മാന്തി വലുതാക്കാമെന്ന് വച്ചാലും കാര്യമില്ല. വേറെ എവിടെയെങ്കിലും മാളത്തിന്റെ മറ്റേ അറ്റം അവർ തുറന്നുവച്ചിട്ടുണ്ടാവും. ശത്രു ഒരു വഴിക്ക് വന്നാൽ മറുവഴിക്ക് രക്ഷപ്പെടാനുള്ള സൂത്രവിദ്യ!

കുറുക്കന് ഭയങ്കര ദേഷ്യം വന്നു. അവൻ നിലത്ത് അനാഥമായിക്കിടന്ന കാരറ്റ് സഞ്ചിക്ക് ഒരു തൊഴി കൊടുത്തു. ചിതറിത്തെറിച്ച കാരറ്റ് കണ്ടപ്പോൾ കഴിഞ്ഞ രണ്ടുദിവസമായി ഒന്നും കഴിച്ചിട്ടില്ലെന്ന് അവന് ഓർമവന്നു. ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്ന പഴമൊഴി ശരിയാണെന്ന് പിറുപിറുത്ത് അവൻ ഒരു കാരറ്റെടുത്ത് ചവച്ചു. ചെറിയൊരു മധുരമൊക്കെയുണ്ടെങ്കിലും ഒന്നാന്തരം ഇറച്ചിസദ്യ നഷ്ടമായതോർത്ത് അവന്റെ കണ്ണ് നിറഞ്ഞു. അത്യാഗ്രഹം കൊണ്ടാണല്ലോ കൈയിൽ വന്നതും നഷ്ടമായതെന്നോർത്ത് അവൻ സ്വയം കുറ്റപ്പെടുത്തി. കാത്തുനിന്നിട്ട് കാര്യമില്ലെന്ന് തീർച്ചയായപ്പോൾ മാളത്തിലേക്കു നോക്കി അവൻ ഒച്ചയിട്ടു.

''എടാ! കള്ള മുയലേ! നിന്നെ ഇനീം എന്റെ കൈയിൽ കിട്ടും! അപ്പോ കാണാം!''

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇ മെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# കിട്ടുവിന്റെ പൂച്ചയും കട്ടുതിന്ന പൂച്ചയും

**ജയശ്രീ രാജേഷ്**

*(കുട്ടികൾ അധ്യാപികയുടെ നിർദേശങ്ങൾ സ്വീകരിച്ച് ക്ലാസ്സിൽ നിർമിച്ച കഥ. കഥ പറഞ്ഞവർ : നൈനിക ജയേഷ് സൺ, ഫറാ ജാസ്മിൻ, നിഹാരിക കൃഷ്ണൻ, കനിഷ്ക അനിൽ, നിഷാന്ത് അനിൽ, ഐശ്വര്യ രാജ്, അനുശ്രീ മേതിൽ, ദിയ സുമൻ, തന്മയ രജിത്, അധ്യാപിക നിഷ മധു. കണിക്കൊന്ന കുട്ടികൾ, മലയാളം മിഷൻ ക്ലാസ്, ഖാർഘർ കേരള സമാജം, മുംബൈ)*

'കിട്ടുവിന്റെ വീട്ടിലെ പൂച്ചക്കുട്ടിക്ക് എന്തു പേര് കൊടുക്കണം നൈനിക കുട്ടീ?'


'മിനി' നൈനിക മറുപടി പറഞ്ഞു.

'മിനി പൂച്ചക്കുട്ടിയുടെ നിറം എന്താ കനിഷ്ക മോളെ?'

'കറുപ്പും വെളുപ്പും ഇടകലർന്നത്.'

'ശരി. മിനിപ്പൂച്ചക്കുട്ടി എങ്ങനെയുള്ള പൂച്ചക്കുട്ടിയായിരുന്നു? തന്മയ പറയൂ...'

'വളരെ നല്ല പൂച്ചക്കുട്ടിയായിരുന്നു



വര : ടി ആർ രാജേഷ്

ടീച്ചർ.' തന്മയ പറഞ്ഞു.

'മോളെ, ഫറാ കിട്ടുവിനു മിനിപ്പൂച്ചക്കുട്ടിയെ ഇഷ്ടമായിരിക്കുമോ?'

'അതെ ടീച്ചർ, കിട്ടുവിനു മിനിപ്പൂച്ചക്കുട്ടിയെ ഒത്തിരി ഇഷ്ടമായിരുന്നു.'

'എന്നാൽ ഈ മിനിപ്പൂച്ചക്കുട്ടിയെ കുറിച്ച് നമുക്ക് ഒരു കഥ പറഞ്ഞാലോ കുട്ടികളെ?'

'പറയാം... പറയാം...' ഫറ കഥ പറഞ്ഞു തുടങ്ങി 'ഒരു ദിവസം കിട്ടു മിനിപ്പൂച്ചക്കുട്ടിക്ക് ഒരു പാത്രത്തിൽ ആഹാരം കൊടുത്തു.'

'ദിയ പറയൂ, അപ്പോൾ എന്തു സംഭവിച്ചു?'

'പൂച്ചക്കുട്ടി ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോൾ മഞ്ഞനിറമുള്ള ഒരു പൂച്ച എവിടെനിന്നോ പെട്ടെന്ന് കേറി വന്നു, അവളുടെ പാത്രത്തിൽ നിന്ന് ആഹാരം തട്ടിയെടുത്ത് അത് മുഴുവനും തിന്നു.'

'അനുശ്രീ, അപ്പോൾ എന്തുണ്ടായി?'

'മിനിപ്പൂച്ചക്കുട്ടിക്കു സങ്കടമായി.'

'ഇതിന് എങ്ങനെ ഒരു പരിഹാരം ഉണ്ടാക്കാം?'

ഇതായിരുന്നു ദിയക്കുട്ടിയുടെ ചിന്ത.

'അപ്പോൾ എന്ത് ചെയ്യും നിഹാരിക മോളെ?'

നിഹാരിക പറഞ്ഞു. 'ടീച്ചർ ആ കട്ടുതിന്ന മഞ്ഞ പൂച്ചയ്ക്ക് അവന്റെ വിശപ്പ് മാറുവോളം ഭക്ഷണം കൊടുക്കണം, എന്നും കൊടുക്കണം.'

'അങ്ങനെയാണെങ്കിൽ അവനു വിശക്കില്ല, അവൻ കട്ടും തിന്നില്ല.'

'അതെ. എത്ര എത്ര നല്ല ചിന്തയാണ് നിഹാരികക്കുട്ടിയുടേത് അല്ലെ കുട്ടികളേ? മഞ്ഞ പൂച്ച കട്ടു തിന്നത് അവനു വിശന്നതു കൊണ്ടാണ്, വിശക്കുന്ന ജീവിയെ നമ്മൾ ഉപദ്രവിക്കരുത്, മഞ്ഞ പൂച്ച കള്ളപൂച്ച അല്ല, നല്ല പൂച്ചയാണ്.'

എല്ലാവരും ഓർക്കുക. വിശക്കുന്നവന്റെ വിഷമം മനസ്സിലാക്കണം, അവരോടു നമുക്ക് അനുകമ്പ ഉണ്ടാവണം.

ഇതാണ് നമ്മൾ ഈ കഥയിൽ നിന്ന് മനസ്സിലാക്കിയത്.



വര: സചീന്ദ്രൻ കാറഡുക്ക

# പുലരി

**രമണി വേണുഗോപാൽ**

ഇളമഞ്ഞുപെയ്യുന്ന പുലരിയിലേക്കിതാ
ഇതളൊന്നുമാത്രം വിടർന്ന പൂക്കൾ
ഇമയനക്കത്തിന്റെ നേർത്ത പുഞ്ചിരിയോടെ
പറയുന്നു സൂര്യന്ന് സുപ്രഭാതം.

കിളികൾ ചൊല്ലുന്ന സുവാർത്തകൾ കേൾക്കുവാൻ
തളയും വളയും അണിഞ്ഞ വരവർണ്ണിനീ
വസുധ, വരദായിനി ചെവി തരുന്നൂ.

ഇതളുകളൊന്നായി വിടരുന്നു പൂവുകൾ
ഇടറാതെ ചൊല്ലുന്നു കീർത്തനം കുയിലുകൾ
ഉണരെന്റെ കുഞ്ഞേ ഉടലാർന്ന പുലരിയെ
ഉറവെഴും പുഞ്ചിരിയോടെ കൺപാർക്കുക
തെളിമയിൽ ദിനകൃത്യമെല്ലാം നടത്തുക
വളരുക നാളെയുടെ ദീപമായി നിറയുക.


എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

# സത്യമായ കളവ്

**പി ടി മണികണ്ഠൻ പന്തലൂർ**



വര: സചീന്ദ്രൻ കാറഡുക്ക

മാരിമുകിൽ മുടിക്കെട്ടിൽ തിരുകിയ
മാരിവില്ലാരാരോ കട്ടോണ്ടു പോയ്
ആരായിരിക്കുമീ പട്ടാപ്പകലെത്തി
ആരോമലിൻ മുടിപ്പൂവു കക്കാൻ.

വീശിയടിച്ചൊരു കാറ്റോടു ചോദിച്ചു
പാറുന്ന ചക്കിപ്പരുന്തോടു ചോദിച്ചു
ആരാരും കണ്ടില്ല ആർക്കുമറിയില്ല
മാരിവിൽ കട്ട പെരുംകള്ളനെ.

ആരാണു കട്ടതെനിക്കറിയാമെന്നു
കാർമുകിലോടു പറഞ്ഞു സൂര്യൻ
ഒറ്റമാത്ര മിഴി പൂട്ടിയ നേരത്തു
പേമാരി കട്ടുകൊണ്ടോടിയത്രെ.

പേമാരി വന്നപ്പോൾ മുഞ്ഞി വീർപ്പിച്ചിട്ടു
കാർമുകിൽ മിണ്ടാതെ മാറി നിന്നു
ഏറ്റം പ്രിയപ്പെട്ട മാരിവിൽ പൂവിനെ
കട്ടെടുത്തോടിയ കള്ളനല്ലേ.

കട്ടതുനേരാണ് കള്ളനാക്കീടാതെ
ഒറ്റത്തരി ഞാനെടുത്തതില്ലാ
കണ്ണു മിഴിച്ചൊന്നു മണ്ണിനെ നോക്കൂ
കണ്ണായ കാഴ്ചകൾ കണ്ടിടാമോ?

മാരിവിൽ പൊട്ടൊട്ടു ചാലിച്ചെടുത്തിട്ടു
പൂമ്പാറ്റച്ചിറകിൽ നൽ ചായമിട്ടു
ഒരു കുമ്പിൾ ചായം തൂവിക്കഴിഞ്ഞപ്പോൾ
പൂവായ പൂവെല്ലാം പല നിറമായ്.

മയിലിന്നൊരു വക കുയിലിന്നൊരു വക
പഞ്ചവർണ്ണക്കിളിക്കെത്ര വക
സന്ധ്യക്കൊരു വക അന്തിക്കൊരു വക
ആറിനും തോടിനും മെത്ര വക.

മണ്ണിൽ നിറം പൂശാൻ വിണ്ണിൽ നിന്നിത്തിരി
കൊണ്ടു പോയെന്നതു നേരുമാത്രം
നിറമുള്ള സ്വപ്നങ്ങൾ കാണുന്നതെല്ലാർക്കും
ഹിതമെന്ന കാര്യം മറന്നിടല്ലേ ........

മലയാളം മിഷൻ

# മോഹം

മിനി ജോയ് തോമസ്



വര: ഗോപു പട്ടിത്തറ

എരിഞ്ഞടങ്ങുമാ സൂര്യന് മോഹം;
പകലിനൊപ്പം തിരികെ നടക്കുവാൻ
കൊഴിഞ്ഞടർന്നൊരു പൂവിന് മോഹം;
ഇനിയും പൂമര ചില്ലയിലേറുവാൻ...

പാട്ടു മറന്നൊരാ പക്ഷിക്ക് മോഹം;
പാടാത്ത പാട്ടിന്റെ ഈണങ്ങൾ മൂളാൻ.
തീരം മറന്ന തിരകൾക്ക് മോഹം;
വീണ്ടുമാ തീരത്തെ തൊട്ടുതലോടാൻ....

തിരികെ ഒഴുകുവാൻ പുഴകൾക്ക് മോഹം
ആഴിതന്നാഴത്തിലെത്തിയാലും,
പതിയെ തിരിഞ്ഞൊന്നു ബാല്യം നുകരുവാൻ;
കഴിയില്ലെന്നാകിലും മോഹമുള്ളിൽ...

മടക്കമില്ലാത്തൊരീ യാത്രകൾ മോഹിച്ചു
വഴി മറന്നീടുന്നു യാത്രികർ നാം
സഫലമാകാത്ത മോഹങ്ങൾക്കായി നാം
വിലപിച്ചു നാൾകൾ കഴിച്ചീടുന്നു.


മലയാളം മിഷൻ
എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

അനുഭവം

# എന്നെയും അനുഗ്രഹിച്ചു

**സുഗതകുമാരി**

എൺപതുകളുടെ ഒടുവിലായിരിക്കണം. ഇന്ദിരാഗാന്ധി സ്മാരക പ്രഭാഷണത്തിനായി ഞാൻ കൽക്കട്ടയ്ക്കു പോയ കാലം. മദർ തെരേസയെ കാണണം, ടാഗോറിന്റെ ജന്മഗൃഹം കാണണം എന്നൊക്കെ ആഗ്രഹിച്ച് ഞാനതിന് പുറപ്പെട്ടു. അമ്മയുടെ സേവാശ്രമം കണ്ടുപിടിക്കാനൊരു പ്രയാസവുമുണ്ടാവുകയില്ല. കൽക്കട്ടാ നഗരത്തിന്റെ പ്രാചീനവും ഭ്രാന്തവുമായ മാലിന്യങ്ങൾക്കും തിരക്കുകൾക്കുമിടയിൽ യാതൊരു ആർഭാടവുമില്ലാത്ത ആ ചെറിയ കെട്ടിടം ഞങ്ങൾ കണ്ടെത്തി. വരാന്തയിലെത്തി ചെരിപ്പൂരിയിട്ട എന്നെ അവിടെ കണ്ട സിസ്റ്റർ വിലക്കി. ''ചെരിപ്പൂരണമെന്നില്ല.'' അതാണ് ഞങ്ങളുടെ പതിവെന്ന് ക്ഷമാപൂർവം പറഞ്ഞിട്ട് ഞങ്ങൾ അവിടെയുള്ള ബെഞ്ചുകളിലൊന്നിൽ കാത്തിരുന്നു. ''മദർ തിരക്കിലാണ്.'' അവിടെ കാത്തിരിക്കുമ്പോൾ ഞാൻ സ്മരിക്കുകയായിരുന്നു. അൽബേനിയയിൽ നിന്ന് ഒരു വിദേശയുവതി ഈശ്വരസേവയ്ക്കായി ഇന്ത്യയിലേക്കെത്തുന്നു. അഗതിസേവയും ഈശ്വരസേവയും ഒന്നാണെന്നു തിരിച്ചറിയുന്നു. മഹാനഗരത്തിന്റെ തെരുവരികിൽ ഉപേക്ഷിക്കപ്പെട്ട മഹാരോഗികൾക്കും അലഞ്ഞുനടക്കുന്ന അനാഥക്കുട്ടികൾക്കുമെല്ലാം ആ മടിത്തടം അഭയമാകുന്നു. മേനി തളരാതെ, മുഖം ചുളിയാതെ അമ്മ അവരെ ശുശ്രൂഷിക്കുന്നു. മരിക്കാൻ കിടക്കുന്നവർ ആ തലോടലേറ്റുകൊണ്ട് കണ്ണടയ്ക്കുന്നു. ആ പുരാതന നഗരത്തിന്റെ സാംക്രമിക രോഗവേളകളിൽ ആ വിദേശവനിത ഓടിനടന്ന് രോഗികളെ ചികിത്സിപ്പിക്കുന്നു. ഏതു ജന്മബന്ധമാണ് അൽബേനിയക്കാരിയായ ആ വനിതയെ ഇന്ത്യയുടെ പാവപ്പെട്ട തെരുവുകളിലെത്തിച്ചത്!

'മദർ വരുന്നു' എന്ന് ഒരു അന്തേവാസി ഓടിവന്ന് പറഞ്ഞു. അമ്മ വരികയായി. നീലക്കരയുള്ള വെള്ളസാരിയും ചുളിഞ്ഞ മുഖത്തെ തെളിഞ്ഞ മന്ദഹാസവും നീട്ടിയ കൈയുമായി അമ്മ വന്ന് മുന്നിൽ നിന്നപ്പോൾ ഞാൻ എഴുന്നേറ്റ് ആ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. എന്നെ പിടിച്ചെഴുന്നേൽപ്പിച്ച് അരികിലിരുത്തി. അമ്മ എന്റെ പേരും വിവരങ്ങളും ആരാഞ്ഞു. തികച്ചും ശാന്തവും പതിഞ്ഞതുമായ ശബ്ദം. ഞാൻ പേരും നാടും പറഞ്ഞപ്പോൾ ''എന്തു ചെയ്യുന്നു?'' എന്നായി അടുത്ത ചോദ്യം. ഞാനെന്തു പറയാനാണ്. ഈ മഹാകാര്യങ്ങൾക്കു മുന്നിൽ ഞാൻ ചെയ്യുന്ന എളിയ ജോലികൾ പറയുന്നതെങ്ങനെ? ''ആർക്കും വേണ്ടാത്ത മനോരോഗികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുകയാണമ്മേ.'' ''A humble effort'' എന്നു ഞാൻ മടിച്ചുമടിച്ചാണ് പറഞ്ഞത്.

പെട്ടെന്ന് ആ മുഖം കൂടുതൽ തെളിഞ്ഞു. അമ്മ ചിരിച്ചുകൊണ്ട് രണ്ടു കൈകളും എന്റെ കുനിഞ്ഞ ശിരസ്സിൽ വച്ച് ''Daughter, you are doing God's work'' എന്നുപറഞ്ഞ് ഉള്ളഴിഞ്ഞ് അനുഗ്രഹിച്ചു. ആ പാദങ്ങളിൽ തൊട്ടു യാത്ര പറഞ്ഞപ്പോൾ കരഞ്ഞുപോയ എന്റെ നെറുകയിൽ വീണ്ടും കൈവച്ച് ''എന്റെ ദൈവം കാക്കട്ടെ. പ്രാർഥന നിന്നോടൊപ്പമുണ്ട്.'' എന്നു മന്ത്രിച്ചു.



മദർ തെരേസ

നിറഞ്ഞ മനസ്സോടെയാണ് ഞാനന്നു മടങ്ങിയത്. ആ അമ്മയുടെ കൈകൾ സമൂഹത്തിന്റെ മുറിവുകൾ വച്ചുകെട്ടാൻ വന്നവയാണ്. ദുഃഖിതരുടെ കണ്ണുനീർ തുടയ്ക്കാൻ വന്നവയാണ്. വിശക്കുന്ന കുട്ടികൾക്ക് അന്നം കൊടുക്കാൻ വന്നവയാണ്. അവയെ വിശുദ്ധം എന്ന് ഈശ്വരൻ എന്നേ അംഗീകരിച്ചിരിക്കുന്നു.

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

ടോമും സിദ്ദുും അന്നു രാത്രിയും ഒൻപത ആയപ്പോൾ പതിവുപോലെ ഉറങ്ങാൻ പോയി. പ്രാർഥനയും ചൊല്ലി കിടന്ന നിമിഷം തന്നെ സിദ്ദു ഉറങ്ങി. പക്ഷേ ടോം അസ്വസ്ഥതയോടെ കാത്തു കിടന്നു. നേരം വെളുക്കാറായി എന്ന് അവൻ കരുതിയപ്പോൾ ക്ലോക്കിൽ പത്തുമണി അടിച്ചു. സിദ്ദു ഉണരുമെന്ന് പേടിച്ചാണ് ടോം ഉരുണ്ട് മറിയാതെ അനക്കമില്ലാതെ കിടക്കുന്നത്. അവിടെയും ഇവിടെയും ഒക്കെ ചില ശബ്ദങ്ങളും അനക്കങ്ങളും കേൾക്കാം. പോളി ആന്റി കൂർക്കംവലിക്കുന്ന ശബ്ദം. ചീവീടുകളുടെ നിലയ്ക്കാത്ത കരച്ചിൽ, അങ്ങ് ദൂരെ എവിടെയോ ഒരു നായ ഓരിയിടുന്നു. മറ്റൊരു നായ അത് ഏറ്റുവാങ്ങി ഉറക്കെ മോങ്ങുന്നു. എല്ലാം കൂടി ടോമിന് സഹിക്കാനായില്ല.

ടോം ഒന്ന് മയങ്ങിപ്പോയി, മണി പതിനൊന്ന് അടിച്ചത് അവൻ കേട്ടില്ല. അപ്പോൾ സ്വപ്നത്തിലെന്നപോലെ ഒരു മ്യാവൂ ശബ്ദം. അതിനൊപ്പം 'കടന്നു പോ പിശാചേ' എന്നൊരു അലർച്ചയും. ഒരു ഒഴിഞ്ഞ കുപ്പി പോളി ആന്റിയുടെ വീടിന്റെ പിന്നിലെ വിറകുപുരയുടെ പുറത്ത് 'പടോ' എന്ന് വീണ ശബ്ദവും.

നിമിഷനേരത്തിനുള്ളിൽ ടോം വസ്ത്രം ധരിച്ച് ജനലിലൂടെ പുറത്തേക്ക് ചാടിക്കഴിഞ്ഞു. വിറകുപുരയുടെ പുറത്തേക്കും അവിടെനിന്ന് താഴേക്കും ചാടുന്നതിനിടയിൽ അവൻ ഒന്ന് രണ്ട് തവണ മ്യാവൂ ശബ്ദം പുറപ്പെടുവിച്ചു. ചത്തപൂച്ചയുമായി കാത്തുനിന്ന ഹക്കിൾ ബെറി ഫിന്നിനൊപ്പം ടോം ഇരുട്ടിലേക്ക് നടന്നു. ഏകദേശം



വര: റോണി ദേവസ്യ

അരമണിക്കൂർ കഴിഞ്ഞപ്പോൾ അവർ ശവക്കോട്ടയിലെ നീളൻ പുല്ലുകൾക്കിടയിലൂടെ നടക്കുകയായിരുന്നു.

ആലേഖനങ്ങൾ മാഞ്ഞു തുടങ്ങിയ തലക്കല്ലുകളും തടിക്കുരിശുകളും വീണുകിടക്കുന്ന വേലിക്കെട്ടുകളും ഉള്ള ഇടിഞ്ഞുപൊളിഞ്ഞ ഒരു പഴയ ശവക്കോട്ട. മരത്തലപ്പുകൾക്കിടയിലൂടെ കാറ്റ് ഊതി വീശിയപ്പോൾ, അവരെ ശല്യപ്പെടുത്തിയതിനാൽ ആത്മാക്കൾ കരയുകയാണെന്ന് ടോം ഭയപ്പെട്ടു. ആ സ്ഥലത്തിന്റെ പവിത്രതയും അർധരാത്രി സമയവും ഭയാനകമായ നിശ്ശബ്ദതയും അവരെ ഭയപ്പെടുത്തിയതിനാൽ വളരെ പതുക്കെയാണ് അവർ സംസാരിച്ചത്. അവർ അന്വേഷിച്ച ഹോസ് വില്യംസിന്റെ പുതിയ മൺകൂന അവർ കണ്ടുപിടിച്ചു. ആ ശവക്കല്ലറയ്ക്കു സമീപം തഴച്ചു വളർന്നു നിന്നിരുന്ന എല്മ്ഡ്

നിമിഷനേരത്തിനുള്ളിൽ ടോം വസ്ത്രം ധരിച്ച് ജനലിലൂടെ പുറത്തേക്ക് ചാടിക്കഴിഞ്ഞു. വിറകുപുരയുടെ പുറത്തേക്കും അവിടെനിന്ന് താഴേക്കും ചാടുന്നതിനിടയിൽ അവൻ ഒന്ന് രണ്ടുതവണ മ്യാവൂ ശബ്ദം പുറപ്പെടുവിച്ചു. ചത്തപൂച്ചയുമായി കാത്തുനിന്ന ഹക്കിൾബെറി ഫിന്നിനൊപ്പം ടോം ഇരുട്ടിലേക്ക് നടന്നു.

മരക്കൂട്ടത്തിനു കീഴിൽ അവർ പതുങ്ങിയിരുന്നു. അപ്പോൾ പേടിപ്പിക്കുന്ന ആ നിശ്ശബ്ദതയിലേക്ക് ഒരു മൂങ്ങയുടെ മൂളൽ തുളച്ചിറങ്ങി. ടോമിന്റെ ഭയം വർധിച്ചു. എന്തെങ്കിലും ഒന്ന് സംസാരിക്കണം. ശ്വാസം മുട്ടിക്കുന്ന അന്തരീക്ഷം.

അവൻ മെല്ലെ ചോദിച്ചു.

''ഹക്കേ, നമ്മൾ ഇവിടെ വന്നത് മരിച്ചവർക്ക് ഇഷ്ടപ്പെട്ടിട്ടുണ്ടാകുമോ?''

''എനിക്കറിയാമായിരുന്നെങ്കിൽ എന്ന് ഞാനും ആഗ്രഹിക്കുന്നു.''

''ഹക്കേ... ഹോസ് വില്യംസിന് നമ്മുടെ വർത്തമാനം കേൾക്കാമോ?''

''തീർച്ചയായും. അല്ലെങ്കിൽ അയാളുടെ ആത്മാവിനെങ്കിലും കേൾക്കാം.''

''മിസ്റ്റർ വില്യംസ് എന്ന് പറയേണ്ടതായിരുന്നു. ഞാൻ കളിയാക്കാൻ പറഞ്ഞതല്ല. എല്ലാവരും അങ്ങനെ വിളിക്കുന്നതുകൊണ്ട് അങ്ങനെ പറഞ്ഞതാണ്.''

''മരിച്ചവരെക്കുറിച്ച് നമ്മൾ പറയുന്നതൊന്നും അവർ കാര്യമാക്കാറില്ല.''

സംഭാഷണം നിലച്ചു.

ടോം പെട്ടെന്ന് തന്റെ സ്നേഹിതന്റെ കൈയിൽ പിടിച്ചു വലിച്ചു.

''ശൂ...ശൂ....''

''എന്താ... ടോം...''

'പട പടാ' മിടിക്കുന്ന ഹൃദയവുമായി അവർ ഒട്ടിച്ചേർന്നു നിന്നു.

''ശ്... കേട്ടില്ലേ... ഒരു ശബ്ദം...''

''ഞാൻ...''

''ഇപ്പോൾ കേട്ടോ...''

''ടോം അവർ വരികയാണ്. അവർ വരുന്നു. നമ്മൾ ഇനി എന്തു ചെയ്യും?''

''എനിക്കറിയില്ല. അവർ നമ്മളെ കാണുമോ?''

''ടോം... അവർക്ക് പൂച്ചകളെപ്പോലെ രാത്രിയിലും കാണാം. വരണ്ടായിരുന്നു.''

''പേടിക്കണ്ട. നമ്മൾ അനങ്ങാതെ നിന്നാൽ അവർ നമ്മളെ കാണില്ല.''

''ഞാൻ ശ്രമിക്കാം. ടോം, പക്ഷേ ഞാൻ വിറയ്ക്കുകയാണ്.''

ശ്വാസംപോലും വിടാതെ അവർ തലകുനിച്ച് ചേർന്നു നിന്നു. ശവക്കോട്ടയുടെ അങ്ങേ അറ്റത്തുനിന്ന് ചിതറി ഒഴുകിയെ



ത്തിയ ചില ശബ്ദങ്ങൾ അവരെ തലോടി. ചില അവ്യക്തരൂപങ്ങൾ ഒരു പഴയ വിളക്കും തൂക്കി ആട്ടി ഇരുട്ടിലൂടെ നടന്നുവരുന്നു.

''അത് പിശാചുക്കളുടെ തീനാളമാണ്.''

''അവർ പിശാചുക്കളാണ്. മൂന്നുപേരുണ്ട്. നമ്മുടെ കഥ കഴിഞ്ഞു. ടോം നിനക്ക് പ്രാർഥിക്കാനറിയാമോ?'' ഹക്ക് ചോദിച്ചു.

''ഞാൻ ശ്രമിക്കാം... പേടിക്കരുത്... അവർ നമ്മളെ ഉപദ്രവിക്കുമോ?''

''ശൂ... ശൂ...''

''എന്താ ഹക്ക്?''

''അവർ മനുഷ്യരാണ്! അവരിലൊരാളിന്റെ ശബ്ദം മഫ് പോട്ടറുടേതാണ്....''

''ഓഹോ.... ഹക്കേ... എനിക്ക് മറ്റൊരു ശബ്ദം തിരിച്ചറിയാനാകുന്നു. അത് റെഡ് ഇന്ത്യൻ ജോ ആണ്.''

''അങ്ങനെയാണോ? അവർ പിശാചുക്കളായിരുന്നെങ്കിൽ ഇതിലും നല്ലതായിരുന്നു. അവർ എന്തിനായിരിക്കും ഇവിടെ വന്നത്?''

''ഇതാ...'' മൂന്നാമത്തെയാൾ അങ്ങനെ പറഞ്ഞുകൊണ്ട് വിളക്ക് നീട്ടിയപ്പോൾ അത് ചെറുപ്പക്കാരനായ ഡോക്ടർ റോബിൻസൺ ആണെന്ന് കുട്ടികൾക്കു മനസ്സിലായി.

പോട്ടറും ജോയും ഒരു കൈവണ്ടിയും ഒന്നുരണ്ട് മൺവെട്ടികളും ഒരു കയറും കൊണ്ടുവന്നിരുന്നു. അവർ ഹോസ് വില്യംസിന്റെ കല്ലറ തുറക്കാൻ തുടങ്ങി. ഡോക്ടർ, വിളക്ക് കല്ലറയുടെ തലയ്ക്കൽ വച്ചിട്ട് കുട്ടികൾ ഒളിച്ചിരിക്കുന്ന മരത്തിൽചാരി ഇരുന്നു.

വളരെ തൊട്ടടുത്ത്! അവർ അറിയാതെ ഒന്ന് അനങ്ങിയാൽ അയാളെ സ്പർശിക്കും.

''വേഗം ആകട്ടെ... ഏത് നിമിഷവും ചന്ദ്രൻ ഉദിക്കും. പിന്നെ ഒന്നും നടക്കില്ല.''

**അടുത്ത നിമിഷം ഡോക്ടറും പോട്ടറും തമ്മിൽ മൽപ്പിടുത്തം ആരംഭിച്ചു. അവർ പുല്ല് ചവിട്ടിമെതിച്ചു. ഉപ്പൂറ്റികൊണ്ട് മണ്ണും പൊടിയും മാന്തിത്തെറിപ്പിച്ചു. ജോ, ചാടിയെഴുന്നേറ്റു. പോട്ടറുടെ കത്തി എടുത്തു. അവന്റെ കണ്ണുകളിൽ പകയുടെയും വിദ്വേഷത്തിന്റെയും തീനാളങ്ങൾ. അവൻ പൂച്ചയെപ്പോലെ ശബ്ദം ഉണ്ടാക്കാതെ നടന്ന് പോരാളികളുടെ അരികിൽ ഒരു അവസരത്തിനായി കാത്തുനിന്നു.**

അവർ മറുപടിയായി എന്തോ ഒന്ന് മുരണ്ടു. എന്നിട്ട് കുഴി തോണ്ടുന്ന പണി തുടർന്നു. കുറേ സമയത്തേക്ക് മണ്ണും ചരലും കോരി എടുക്കുന്ന ശബ്ദം മാത്രം. അവസാനം മൺവെട്ടി ശവപ്പെട്ടിയിൽ തട്ടി. അവർ ശവപ്പെട്ടി പുറത്തേക്ക് വലിച്ചെടുത്തു. അവരുടെ മൺവെട്ടി ഉപയോഗിച്ച് ശവപ്പെട്ടിയുടെ മൂടി തട്ടി തുറന്നിട്ട് ശവശരീരം പുറത്തേക്കിട്ടു. മേഘക്കീറുകൾക്ക് കീഴിൽ നിന്ന് ചന്ദ്രൻ മുഖം പുറത്തേക്ക് നീക്കിയപ്പോൾ ശവത്തിന്റെ വിളറിയ മുഖം വ്യക്തമായി. അവർ ശവശരീരം കൈവണ്ടിയിലേക്ക് എടുത്തിട്ടു. ഒരു കരിമ്പടം കൊണ്ട് മൂടി. എന്നിട്ട് കയർ ഉപയോഗിച്ച് കെട്ടി ഭദ്രമാക്കി. പോട്ടർ ഒരു കത്തി എടുത്ത് കയറിന്റെ തൂങ്ങിക്കിടന്നിരുന്ന അറ്റം മുറിച്ചുകളഞ്ഞു.

''ഇതാ... നിന്റെ സാധനം തയ്യാറായി. ശസ്ത്രക്രിയാവിദഗ്ധാ... ബാക്കി അഞ്ചു ഡോളർ കൂടി തന്നില്ലെങ്കിൽ ഈ സാധനം ഇവിടെ കിടക്കും. കേട്ടല്ലോ?'' ജോ പറഞ്ഞു.

''എന്താ ഈ പറയുന്നതിന്റെ അർഥം. നീ മുൻകൂറായി പണം ആവശ്യപ്പെടുകയും കൈപ്പറ്റുകയും ചെയ്തല്ലോ. പിന്നെ ഇപ്പോൾ?''

''അതെ... പക്ഷേ അതിലും കൂടുതൽ കണക്കു തീർക്കാനുണ്ട്.'' അയാൾ അവിടെ എഴുന്നേറ്റു നിന്ന ഡോക്ടറെ സമീപിച്ചു.

''അഞ്ചു വർഷങ്ങൾക്കുമുമ്പ് ഒരു രാത്രി, ഞാൻ കഴിക്കാൻ എന്തെങ്കിലും തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ നീ നിന്റെ അപ്പന്റെ അടുക്കളയിൽ നിന്ന് എന്നെ ആട്ടിയോടിച്ചു. നിന്റെ അപ്പൻ എന്നെ ഒരു തെരുവുതെണ്ടിയായി മുദ്രകുത്തി ജയിലിൽ അടച്ചു. അന്ന് ഞാൻ പ്രതിജ്ഞ എടുത്തതാണ്. നൂറ് വർഷങ്ങൾക്കുശേഷമാണെങ്കിലും നിന്നോട് പ്രതികാരം ചെയ്യുമെന്ന്. ഞാൻ മറക്കുമെന്ന് നീ കരുതിയോ? ഇപ്പോൾ നിന്നെ ഞാൻ ആഗ്രഹിച്ച രീതിയിൽ ഞാൻ ഉദ്ദേശിച്ച സ്ഥലത്തു കിട്ടി. അതുകൊണ്ട് മര്യാദയ്ക്ക് പണം തരുന്നതാണ് നല്ലത്.'' അവൻ കൈചുരുട്ടി ഡോക്ടറുടെ മുഖത്തോട് ചേർത്തു പിടിച്ച് അയാളെ ഭീഷണിപ്പെടുത്തി.

ഡോക്ടർ, പെട്ടെന്ന് തിരിഞ്ഞ് അവനെ തട്ടി താഴെ ഇടുകയും ചെയ്തു. പോട്ടർ കത്തി താഴെയിട്ടു.

''നോക്കിക്കോ... എന്റെ കൂട്ടുകാരനെ തല്ലിയാലുണ്ടല്ലോ.'' പോട്ടർ ചൂടായി.

അടുത്ത നിമിഷം ഡോക്ടറും പോട്ടറും തമ്മിൽ മൽപ്പിടുത്തം ആരംഭിച്ചു. അവർ പുല്ല് ചവിട്ടിമെതിച്ചു. ഉപ്പൂറ്റികൊണ്ട് മണ്ണും പൊടിയും മാന്തിത്തെറിപ്പിച്ചു. ജോ, ചാടിയെഴുന്നേറ്റു. പോട്ടറുടെ കത്തി എടുത്തു. അവന്റെ കണ്ണുകളിൽ പകയുടെയും വിദ്വേഷത്തിന്റെയും തീനാളങ്ങൾ. അവൻ പൂച്ചയെപ്പോലെ ശബ്ദം ഉണ്ടാക്കാതെ നടന്ന് പോരാളികളുടെ അരികിൽ ഒരു അവസരത്തിനായി കാത്തുനിന്നു. ഡോക്ടർ പോട്ടറുടെ പിടിയിൽ നിന്നു കുതറിമാറി. വില്യംസിന്റെ ശവക്കുഴിയുടെ തലയറ്റത്തു വച്ചിരുന്ന വലിയ



മരക്കഷണം ഊരിയെടുത്ത്, പോട്ടറെ തല്ലി വീഴ്ത്തി. നൊടിയിടയിൽ ജോ, തന്റെ കത്തി, ഡോക്ടറുടെ നെഞ്ചത്ത് കുത്തിയിറക്കി. ഡോക്ടർ, പോട്ടറുടെ ശരീരത്തിലേക്ക് വീഴുകയും അവന്റെ ശരീരം ചോരയിൽ കുതിരുകയും ചെയ്തു. ആ ഭീകര കാഴ്ച കാണാൻ മടിച്ച്, ചന്ദ്രൻ വീണ്ടും മേഘക്കീറുകൾക്കു പിന്നിൽ മറഞ്ഞു.

പേടിച്ചരണ്ട കുട്ടികൾ ജീവനും കൊണ്ടു പാഞ്ഞു. മുഴുതിങ്കൾ വീണ്ടും മുഖം കാണിച്ചപ്പോൾ ജോ, രണ്ട് ശരീരങ്ങൾക്ക് അടുത്തു നിൽക്കുകയായിരുന്നു. ഡോക്ടർ ഒന്ന് ഞരങ്ങി, നീണ്ട ഒരു ശ്വാസം വിട്ടു. പിന്നീട് ചലനമറ്റ് അവിടെ കിടന്നു.

''അങ്ങനെ പ്രതികാരം പൂർത്തിയായി.'' ജോ പിറുപിറുത്തു.

അതിനുശേഷം അയാൾ, ആ ശരീരത്തിൽ നിന്ന് വിലപിടിപ്പുള്ളതെല്ലാം മോഷ്ടിച്ചു. പിന്നീട്, ഡോക്ടറെ കുത്തിയ കത്തി പോട്ടറിന്റെ വലത്തു കൈയിൽ പിടിപ്പിച്ചു. എന്നിട്ട് ശവപ്പെട്ടിയുടെ പുറത്ത് ഇരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ പോട്ടർ ഞരങ്ങുകയും തിരിയുകയും ചെയ്തു. അവന്റെ കൈ അറിയാതെ കത്തിയിൽ മുറുകെ പിടിച്ചു. അവൻ അതിലേക്ക് നോക്കി. ഒരു ഞെട്ടലോടെ പിടിവിട്ടു. തന്റെ ശരീരത്തിൽ നിന്ന് മൃതശരീരം തള്ളിമാറ്റി. അവൻ എഴുന്നേറ്റ് ഇരുന്നു. ഒന്നും വ്യക്തമാകാതെ അതിലേക്ക് നോക്കി. ജോയുടെ കണ്ണുകൾ അവന്റെമേൽ തറച്ചിരുന്നു.

''നീ എന്തിനാണ് ഈ കൊല ചെയ്തത്?'' ഒരു ഭാവഭേദവുമില്ലാതെ ജോ ചോദിച്ചു.

''ഞാനോ, ഞാൻ ഒന്നും ചെയ്തില്ല.'' പോട്ടർ വിളറി വെളുത്തു. ഒരു വിറയൽ ശരീരത്തിലൂടെ പാഞ്ഞു.

''ഞാൻ ധാരാളം മദ്യം കുടിച്ചിരുന്നു. ഒന്നും മനസ്സിലാകാത്ത അവസ്ഥ. ജോ... സത്യം പറയൂ... ഞാനാണോ അത് ചെയ്തത്? എന്താ സംഭവിച്ചത്? കഷ്ടമായിപ്പോയി... ഡോക്ടർ ചെറുപ്പമായിരുന്നു. ഒരു നല്ല ഡോക്ടറായിരുന്നു.''

''നിങ്ങൾ രണ്ടുപേരും വഴക്കടിച്ചു. അയാൾ തന്റെ തലയിൽ മരക്കുറ്റികൊണ്ട് അടിച്ചു. നീ മറിഞ്ഞുവീണു. പിന്നെ നീ പിടഞ്ഞെഴുന്നേറ്റ്, കത്തി പിടിച്ചുപറിച്ച് അയാളെ കുത്തി. ഇപ്പോൾ അയാൾ ചത്തപോലെ കിടക്കുന്നു.''

''എനിക്കറിയില്ല. ഞാൻ ഒരിക്കലും ആയുധം ഉപയോഗിച്ചിട്ടില്ല. ഒരിക്കലും... ജോ... ആരോടും പറയരുത്... നീ പറയുമോ... എനിക്കൊന്നും മനസ്സിലാകുന്നില്ല.''

**കരഞ്ഞുകൊണ്ട്, ആ പാവം യഥാർഥ കൊലയാളിയുടെ മുമ്പിൽ മുട്ടുകുത്തി നിന്നു യാചിച്ചു.**
**"മതി...മതി... ഞാൻ നിന്നെ തള്ളിപ്പറയില്ല. ഒരു കാര്യം ചെയ്യാം... നീ ആ വഴി പോകണം... ഞാൻ ഈ വഴിയും."**
**"പോകാം. നിന്റെ പിന്നിൽ തെളിവുകളും നടന്നു പോയ ചുവടുകളും ഒന്നും അവശേഷിപ്പിക്കരുത്."**

കരഞ്ഞുകൊണ്ട്, ആ പാവം യഥാർഥ കൊലയാളിയുടെ മുമ്പിൽ മുട്ടുകുത്തി നിന്നു യാചിച്ചു.

''മതി...മതി... ഞാൻ നിന്നെ തള്ളിപ്പറയില്ല. ഒരു കാര്യം ചെയ്യാം... നീ ആ വഴി പോകണം... ഞാൻ ഈ വഴിയും.''

''പോകാം. നിന്റെ പിന്നിൽ തെളിവുകളും നടന്നു പോയ ചുവടുകളും ഒന്നും അവശേഷിപ്പിക്കരുത്.''

പോട്ടർ കാൽ ഇടറി നടന്നു. പിന്നീട് വേഗം ഓടിമറഞ്ഞു.

അവൻ അത്രയും പേടിച്ചിട്ടുണ്ടെങ്കിൽ, ധാരാളം മദ്യം കുടിച്ചിട്ടുണ്ടെങ്കിൽ കത്തിയുടെ കാര്യം അവൻ ഓർക്കില്ല. ഇത്തരമൊരു സ്ഥലത്തേക്ക് അവൻ ഒറ്റയ്ക്ക് അത് എടുക്കാൻ വരില്ല. കൊള്ളാം, നന്നായി. ജോ സ്വയം പറഞ്ഞു.

അവിടെ കൊലചെയ്യപ്പെട്ട ഒരു മനുഷ്യനും കരിമ്പടം മൂടിയ ഒരു മൃതശരീരവും മൂടിയില്ലാത്ത ഒരു ശവപ്പെട്ടിയും തുറന്ന ശവക്കുഴിയും മാത്രം അവശേഷിച്ചു. നിലാവ് വീണ്ടും ഒളിഞ്ഞുനോക്കി. (തുടരും)





ശിശുദിനത്തോടനുബന്ധിച്ച് പട്ടം ഗേൾസ് ഹൈസ്ക്കൂളിലെ കുട്ടികൾ തളിര് മാസികയുടെ ചീഫ് എഡിറ്റർ ***ശ്രീമതി സുഗതകുമാരി*** ടീച്ചറിന്റെ വസതി സന്ദർശിച്ചപ്പോൾ. വിദ്യാഭ്യാസ വകുപ്പു മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് സമീപം.

# ദശാംശസംഖ്യകൾ വലുതും ചെറുതും

പള്ളിയറ ശ്രീധരൻ

രണ്ടു സംഖ്യകളിൽ വലുതേത് ചെറുതേത് എന്ന പ്രശ്നം നമ്മുടെ നിത്യജീവിതത്തിൽ സാധാരണ ഉണ്ടാവാറുണ്ട്. എന്നാൽ സംഖ്യകളുടെ കാര്യത്തിൽ വലിയ പ്രശ്നമുണ്ടാവാറില്ല. 280 ഉം 82 ഉം തമ്മിൽ ഏതാണ് വലുത്? സംശയമില്ല 280 തന്നെ. 0.280 ഉം 0.82 ഉം തമ്മിൽ ഏതാണ് വലുത്? ഇവിടെ 0.280 അല്ല 0.82 ആണ് വലുത്. എന്തുകൊണ്ടാണിങ്ങിനെ സംഭവിക്കുന്നത്?

ദശാംശസംഖ്യകളുടെ വലിപ്പച്ചെറുപ്പം പരിഗണിക്കുന്നതിനുമുമ്പ് സംഖ്യയിലെ അക്കങ്ങളുടെ സ്ഥാനവിലയെപ്പറ്റി നാം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. സ്ഥാനവില എന്ന മഹത്തായ ആശയം ഉപയോഗിച്ചാണ് നാം നമ്മുടെ സംഖ്യകൾ എഴുതുന്നത്. (എല്ലാ സംഖ്യകൾ എഴുതുമ്പോഴും സ്ഥാനവില ഉപയോഗിക്കുന്നില്ല. ഉദാഹരണമായി റോമൻ സംഖ്യാരീതിയിൽ സ്ഥാനവിലകളില്ല). നമുക്ക് 0, 1, 2, 3, 4, 5, ......9 എന്നിങ്ങനെ പത്ത് അക്കങ്ങൾ മാത്രമേയുള്ളുവെങ്കിലും എത്ര കോടി സംഖ്യകൾ വേണമെങ്കിലും നമുക്ക് എഴുതാം. ഇത് സാധിക്കുന്നത് സ്ഥാനവില എന്ന ആശയം ഉപയോഗിച്ചാണ്.

586 എന്ന സംഖ്യയിൽ 5 എന്നത് 500 ഉം 8 എന്നത് 80 ഉം 6 എന്നത് വെറും 6 ഉം ആണ്.

അതായത് 586 = 5(100) + 8(10) + 6

സംഖ്യയിൽ അക്കങ്ങളുടെ സ്ഥാനവിലകൾ ഇടത്തോട്ട് 1, 10, 100, 1000..... എന്നിങ്ങനെ പത്തിന്റെ ഗുണിതങ്ങളായി വർധിക്കുന്നു. സ്വാഭാവികമായും വലത്തോട്ട് പോകുമ്പോൾ സ്ഥാനവിലകൾ പത്തിലൊന്ന് വീതമായി കുറയുന്നു. ദശാംശസംഖ്യകളിൽ സ്ഥാനവില 1 കഴിഞ്ഞാണ് ദശാംശബിന്ദു വരുന്നത്. തുടർന്ന് വരുന്ന അക്കങ്ങളിൽ ആദ്യം വരുന്ന അക്കമാണ് വലുത് ഏത്, ചെറുതേത് എന്ന് തീരുമാനിക്കുന്നത്. 0.280 ഉം 0.82 ഉം പരിഗണിക്കുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് 2, 8 എന്നിവയാണ്. ഇവയിൽ 8 ആണ് വലുത് എന്ന് ഉറപ്പാണല്ലോ. അപ്പോൾ 0.280 ഉം 0.82 ഉം തമ്മിൽ വലുത് 0.82 തന്നെ. 0.28ന് ശേഷം എത്ര അക്കങ്ങൾ ചേർത്താലും ഒരിക്കലും 0.82 നേക്കാൾ വലുതാകില്ല. പക്ഷെ സാധാരണസംഖ്യകളെ സംബന്ധിച്ചെടുത്തോളം സ്ഥിതി വ്യത്യസ്തമാണ്. 82ഉം 28ഉം പരിഗണിക്കുമ്പോൾ വലുത് 82 ആണ്. 28നോടൊപ്പം ഒരു പൂജ്യം ചേർത്ത് 280 ആക്കിയാൽ വലുത് 280 ആയിരിക്കും.

സാധാരണസംഖ്യകളുടെ വലതു ഭാഗത്ത് പൂജ്യങ്ങൾ ചേർക്കുമ്പോൾ സംഖ്യകളുടെ മൂല്യം വർധിക്കും. ഇടതു ഭാഗത്ത് പൂജ്യങ്ങൾ ചേർക്കുമ്പോൾ സംഖ്യകളുടെ മൂല്യത്തിന് മാറ്റം സംഭവിക്കുകയില്ല. ദശാംശസംഖ്യയുടെ കാര്യത്തിൽ പൂർണ്ണസംഖ്യാഭാഗത്ത് അക്കങ്ങളില്ലെങ്കിൽ ഫലം വിപരീതമായിരിക്കും. വലതു ഭാഗത്ത് പൂജ്യങ്ങൾ ചേർക്കുമ്പോൾ സംഖ്യകളുടെ മൂല്യത്തിന് മാറ്റം സംഭവിക്കുകയില്ല. ഇടതു ഭാഗത്ത് പൂജ്യങ്ങൾ ചേർക്കുമ്പോൾ സംഖ്യകളുടെ മൂല്യം കുറയും. ഉദാഹരണമായി 0.23ന്റെ വലതു ഭാഗത്ത് ഒരു പൂജ്യം ചേർത്ത് 0.230 ആക്കിയാൽ മൂല്യത്തിന് മാറ്റം സംഭവിക്കുന്നില്ല. ഇടതു ഭാഗത്ത് പൂജ്യം ചേർത്ത് 0.023 ആക്കിയാൽ മൂല്യം കുറയും.

palliyarasreedharan@gmail.com

# മുത്തശ്ശി

രാജേശ്വരി തോന്നയ്ക്കൽ

മുത്തശ്ശിയെങ്ങാണ്ടു
പോയ ദിനംമുതൽ
കുട്ടന്റെയുള്ളിൽ
മുത്തശ്ശിമാത്രം.
മുത്തശ്ശി കുട്ടന്റെ
യുള്ളിൽ മാത്രം.

ഒപ്പം കിടത്തി-
ക്കഥകൾ പറയുന്ന
മുത്തശ്ശിയെയോർക്കും
കുട്ടനെന്നും.
പച്ചപ്പയർ കോർത്തു
ചെന്തീയിൽ കാട്ടീട്ടു
ചുട്ടു തരാറുള്ള
മുത്തശ്ശിയെ.

വാഴപ്പിണ്ടി കൊണ്ടു
കോഴിക്കൂടുണ്ടാക്കി
കൂടെക്കളിക്കുന്ന
മുത്തശ്ശിയെ.

തൊടിയിലെപ്പൂക്കളെ
പ്പലതരം കിളികളെ
കാട്ടിത്തരാറുള്ള
മുത്തശ്ശിയെ.

നിലവിളക്കിൻ മുന്നിൽ
ഹരിനാമ കീർത്തനം
ചൊല്ലി പഠിപ്പിക്കും
മുത്തശ്ശിയെ.

അച്ഛനുമമ്മയും
വടിയെടുത്തീടുമ്പോൾ
മാറോടു ചേർക്കുന്ന
മുത്തശ്ശിയെ.

ഒട്ടും മറക്കാൻ
കഴിവീല, യെപ്പൊഴും
മുത്തശ്ശി മുന്നിൽ
ചിരിച്ചു നിൽപ്പൂ.

മുത്തശ്ശിയെങ്ങാണ്ടു
പോയ ദിനം മുതൽ
മുത്തശ്ശി കുട്ടന്റെ-
യുള്ളിൽമാത്രം.



വര: ആശ ആർ



# അമ്മ

ദിനേശൻ പാറപ്പുറത്ത്

അന്നെനിക്ക് ഒരമ്മയുണ്ട്
എന്നെ മാറോടണച്ച്
ചെളിപുരണ്ട ചേലയിൽ
കണ്ണീരൊപ്പുന്ന ഒരമ്മ.
പകലന്തിയോളം പരിഭവമില്ലാതെ
ഉരലും ഉലക്കയും ആട്ടുകല്ലിലും
നട്ടെല്ലു തേഞ്ഞുപോയോരമ്മ.
ഇന്നെന്റെ മകനും ഒരമ്മയുണ്ട്
മുഷിഞ്ഞ തുണികളും ആട്ടുകല്ലും
ഉരലും ഉലക്കയും കാലം ചെയ്തു
പഴംകഞ്ഞി ന്യൂഡിൽസായി
അമ്മയ്ക്ക് കൂട്ടായി യന്ത്രങ്ങൾ
വൈകാതെ അമ്മയും യന്ത്രമായി.

വര: സചീന്ദ്രൻ കാറഡുക്ക

# 5 കുഞ്ഞിക്കഥകൾ

ഉമ തൃദീപ്

## 1. മഴയത്തൊരു കുടയായി...

സ്കൂൾ വിട്ട നേരത്ത് മഴ തുടങ്ങി.
മുറ്റത്തെ മഴയിലാകെ പലനിറക്കുടകൾ നിവർന്നു.

ബാലുവിനു മാത്രം കുടയില്ല.

ആലിയ അവളുടെ കുഞ്ഞിക്കുടയിലേക്ക് വിളിച്ചു.



വര : ടി ആർ രാജേഷ്

ഒപ്പം കൂട്ടി.

നടന്നപ്പോൾ ആലിയയും നനയുന്നു, ബാലുവും നനയുന്നു.

ബാലു തിരികെ സ്കൂൾ വരാന്തയിലേക്ക് കയറി.

അമൽ കൈയാട്ടി വിളിച്ചു.

കുടയിലവന്റെ കുഞ്ഞനിയനുമുണ്ട്.

ബാലുവും കയറി.

അമലിന്റെ ചുമലു നനഞ്ഞു.

ബാലുവിന്റെ മുതുകു നനഞ്ഞു.

കുഞ്ഞനിയൻ ആകെ നനഞ്ഞു.

ബാലു വീണ്ടും തിരികെയിറങ്ങി, വരാന്തയിലേക്ക് ഓടിക്കയറി .

കുടചൂടി കൂട്ടുകാരെല്ലാം പോയി.
മഴ നിർത്താതെ പെയ്തു.
ബാലു തനിച്ചായി.

''ബാലു വരൂ...''
ശബ്ദം കേട്ട് ബാലു മുകളിലേക്കുനോക്കി.
വലിയൊരു കുട.
അതിനുകീഴെ ചിരിക്കുന്നൊരു മുഖം.
മാഷ് !

വലിയ കുടയിൽ ബാലുവിനെ ചേർത്തുപിടിച്ച്,
മാഷ് മഴയിലേക്കിറങ്ങി.
ബാലുവും നനഞ്ഞില്ല,
മാഷും നനഞ്ഞില്ല.

## 2. തിത്തിരിക്കുട്ടിയും ഇത്തിരിപ്പൂവും

എത്താമരക്കൊമ്പത്തെ പൂവ്.
മഞ്ഞുപോലെ വെളുത്ത പൂവ്.
ഒരു ഇത്തിരിപ്പൂവ്.

താഴെയൊരു തിത്തിരിക്കുട്ടി.

അവൾ കൈയെത്തിച്ച് പൂവുപൊട്ടിക്കാൻ നോക്കി.

പറ്റിയില്ല.

ഉപ്പൂറ്റികൾ ഉയർത്തി ഏന്തിവലിഞ്ഞു നോക്കി.

പറ്റിയില്ല.
കൈകൾ നീട്ടി ഉയർന്നുചാടി.
പറ്റിയില്ല.

പൂവിനു പാവം തോന്നി. കൊമ്പിന്മേലുള്ള പിടിവള്ളികൾ അയച്ച് പൂവ് താഴേക്ക് നീണ്ടു ചെന്നു.
തിത്തിരിയുടെ മൂക്കിൻത്തുമ്പിൽ തൊട്ടു.

അവൾ നോക്കി. നല്ല പൂവ്.
ഭംഗിയുള്ള പൂവ്.
തൊട്ടുനോക്കി. മിനുത്ത ഇതളുകൾ.
തിത്തിരിക്കുട്ടിക്കും പാവം തോന്നി.
പൂവിന്റെ കവിളിലുമ്മവെച്ച്,
അവളാ വള്ളിയെ മേലേക്ക് പടർത്തിവിട്ടു.

## 3. കുട്ടിയാനക്കൂട്ട്



മഴ നിർത്താതെ പെയ്തു.
പുഴയിൽ വെള്ളം പൊങ്ങി.
പുഴവെള്ളത്തിലൂടെ വലിയ മരങ്ങളും ഓട്ടുപിഞ്ഞാണങ്ങളും നാളികേരവുമെല്ലാം ഒഴുകിവന്നു.



തോരാതെ പെയ്ത മൂന്നാം നാളുച്ചയ്ക്ക്,
കലക്കവെള്ളത്തിലൂടെ,
മേലേക്കാട്ടിൽ നിന്നൊരു കുട്ടിയാന ഒഴുകിവന്നു.
മീനുവിന്റെ അച്ഛൻ നീളനൊരു ഇല്ലിക്കമ്പ് നീട്ടിയിട്ടുകൊടുത്തും, 
വലിയ വടം കൊണ്ടു കുരുക്കെറിഞ്ഞും,
കുട്ടിയാനയെ കരയ്ക്കടുപ്പിച്ചു.
വീട്ടിലേക്കു കൊണ്ടുപോന്നു.

മീനു കുട്ടിയാനയ്ക്ക് കുപ്പിപ്പാൽ കൊടുത്തു.
കദളിപ്പഴം കൊടുത്തു.
ചോറുരുള കൊടുത്തു.
കുരുത്തോലയും ഇളനീരും കൊടുത്തു.

മീനുവിന്റെ കയ്യിൽ കുഞ്ഞിത്തുമ്പിക്കൈ ചുറ്റി
കുട്ടിയാന മഴമുറ്റത്തുകളിച്ചു.
കുഞ്ഞാനപ്പുറമേറി മീനു മഴപ്പറമ്പിന്നോരത്തൂടെ സവാരിനടത്തി.

മഴ മാറിയപ്പോൾ,
മാനം തെളിഞ്ഞപ്പോൾ,
മീനുവിന്റെ അച്ഛൻ പുഴകടന്ന്,
കുട്ടിയാനയെ മേലേകാട്ടിൽ കൊണ്ടുവിടാൻ പോയി.
പുഴകടക്കാൻ നേരം
തന്റെ ഇടംകയ്യിൽ മുറുകെച്ചുറ്റിയിരുന്ന തുമ്പിക്കൈ വിടുവിച്ച്, കുട്ടിയാനയുടെ കുഞ്ഞു മസ്തകത്തിൽ ഏന്തിവലിഞ്ഞൊരു ഉമ്മ കൊടുത്തു മീനു.

## 4. സ്നേഹവസന്തം

കുന്നിൻ മുകളിലാണ് അന്നയുടെ വീട്. വെള്ളച്ചായം തേച്ച കൊച്ചുവീട്.

അടിവാരത്തിലാണ് ആമിനയുടെ വീട്. മുറ്റത്തൊരു പൂമരമുള്ള സുന്ദരൻ വീട്.

അന്ന കുന്നിന്മുകളിൽ നിന്ന് 'പൂയ്...' എന്ന് താഴേക്ക് കൈനീട്ടി വിളിക്കും.

ആമിന അടിവാരത്തുനിന്ന് 'ഹോയ്...' എന്ന് മേലേക്ക് മറുവിളി വിളിക്കും.

പൂയ് വിളികളും ഹോയ് വിളികളും ചിതറി വീണ് താഴ്‌വരയിലാകെ കുറിഞ്ഞിത്തൈകൾ മുളച്ചു.

പൂക്കൾ വിടർത്തി, അവ അവിടെയാകെ സ്നേഹത്തിന്റെ നീലവസന്തം നിറച്ചു.





## 5. ചോക്കുകൾക്കെത്ര നിറം !



കളർ ചോക്കുകൾക്കെത്രയാ നിറങ്ങൾ!
പച്ച, മഞ്ഞ, ഓറഞ്ച് , നീല...!

തക്കാളിയെ വരയ്ക്കാൻ ചോന്ന ചോക്ക്.
ആൽമരം വരച്ചിട്ട്,
ഇലയ്ക്ക് പച്ചച്ചോക്ക്,
തടിക്ക് തവിട്ടും.

നീലച്ചോക്ക് നീളനെ ബോർഡിൽ പതിച്ചുവച്ച്,

അടുക്കി മൂന്നുവരവരയ്ക്കുമ്പോഴേക്കും ഒരാകാശം!

വയലറ്റുചോക്കുകൊണ്ട് കുത്തുകുത്തിട്ടു നിറയ്ക്കുമ്പോൾ പുള്ളിപ്പാവാട!

ഡസ്റ്ററിനെ ചുവപ്പിച്ച്,
ടീച്ചറുടെ നഖങ്ങളിൽ പച്ചപ്പ് ചേർത്ത്,
വികൃതിച്ചെവിത്തുമ്പിനെ നീലാഭമാക്കി
ചോക്കുപൊടി പാറുമ്പോൾ
കറുത്ത ബോർഡുപോലും വെളുക്കെച്ചിരിക്കും.
ക്ലാസ്സ്മുറി പുതുനിറപ്പൂക്കളുടെ
ഒരു പൂങ്കാവനമാകും.

# കുട്ടന്റെ മോഹം

അസുരമംഗലം വിജയകുമാർ

പുരയിലേക്കുള്ള വഴിക്കിടയിൽ
പുഴ കടക്കാനായി കുട്ടനെത്തി.
പതിവുപോലന്നും കടത്തുതോണി
അവനെയും കാത്തു കിടന്നിരുന്നു!
തോണിയിലേറിയിരുന്നു കുട്ടൻ,
തുഴയൂന്നുകയായ് തോണിക്കാരൻ.
പെട്ടെന്നൊരാവേശമാർന്നപോലെ
ഒട്ടും മടിയാതെ ചൊല്ലി, കുട്ടൻ!
'ഒരു തോണി താനേ തുഴഞ്ഞുപോകാൻ
അതിയായ മോഹമുണ്ടെന്റെയുള്ളിൽ,
അതു സാധ്യമാക്കുവാനിന്നെനിക്കാ
തുഴയൊന്നു തരുമോ തോണിക്കാരാ?'
തുണയായി താനുമുണ്ടെന്നതോർത്തു,
തുഴയതു കൈമാറി, തോണിക്കാരൻ.
ഇരുകൈകളാലേ തുഴ പിടിച്ചു,
തളരാതെ തോണി തുഴഞ്ഞു കുട്ടൻ.
കരിമുകിൽ മാഞ്ഞു, വെയിൽ ചിരിച്ചു,
കുളിരിളംകാറ്റു വന്നുമ്മവച്ചു.
പുഴയിലെ ഓളങ്ങൾ താളമിട്ടു,
വഴിമാറി മീനുകളൂളിയിട്ടു!
കൊറ്റികൾ കുറുകെ പറന്നിടുന്നു,
പൊന്മാനുകൾ മുങ്ങിപ്പൊങ്ങിടുന്നു.
വട്ടമിട്ടൊരുപറ്റം തുമ്പികളും
കുട്ടന്റെ കാഴ്ചകൾക്കിമ്പമേകി.
ചിരകാലമോഹത്തിൻ സാഫല്യമായ്
മറുകരെ തോണി ചെന്നെത്തിയപ്പോൾ
പുഴയു, മാ തോണിയും താനുമേതോ
പുതുലോകത്താണെന്നവനു തോന്നി.!



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

കഥ

# ലൈബ്രറിയിലെ വായനക്കാർ

ഇ ജി വസന്തൻ

പാഠപുസ്തകങ്ങൾപ്പുറം ഒരു വായനയുണ്ടെന്ന് എട്ടാം ക്ലാസിൽ പഠിക്കുന്ന ആതിര മനസ്സിലാക്കിയത് വായനാദിനത്തിലാണ്. വായനാദിനത്തിന്റെ ഉദ്ഘാടനത്തിനെത്തിയ സാഹിത്യകാരൻ ഇങ്ങനെ പറഞ്ഞു:

''നിങ്ങളുടെ നാട്ടിൽ ഒരു ലൈബ്രറിയുണ്ടാകും. അവിടെ നിങ്ങളെ കാത്തിരിക്കുന്ന ഒത്തിരിയൊത്തിരി പുസ്തകങ്ങളുണ്ടായിരിക്കും. നിങ്ങൾ അവിടേക്ക് ചെല്ലാത്ത കുഴപ്പമേയുള്ളൂ.''

ഇനി മുതൽ താൻ ലൈബ്രറിയിൽ പോയി


വര: സന്തോഷ് വെളിയന്നൂർ

പുസ്തകങ്ങൾ വായിക്കും. അങ്ങനെ വായിച്ചു വളരും. ആതിര തീരുമാനിച്ചു. ഞായറാഴ്ചയായപ്പോൾ ആതിര അച്ഛനോട് തന്റെ ആഗ്രഹം പറഞ്ഞു.

''നല്ല തീരുമാനം. പക്ഷേ, ഇന്ന് അച്ഛന് ലൈബ്രറിയിലേക്ക് കൂടെ വരാൻ ഒഴിവില്ലല്ലോ. അമ്മയ്ക്കാണെങ്കിൽ നൂറുകൂട്ടം പണിയും.''

ആതിരയ്ക്ക് സങ്കടമായി. അതു മനസ്സിലാക്കിയ അച്ഛൻ പറഞ്ഞു:

''പേടിക്കേണ്ട, മോൾ ഒറ്റയ്ക്ക് പൊയ്ക്കോ. നമ്മുടെ ശങ്കരമാമനാണ് ലൈബ്രേറിയൻ.''

അങ്ങനെയാണ് ആതിര തെട്ടടുത്തുള്ള ലൈബ്രറിയിൽ ചെല്ലുന്നത്. ലൈബ്രേറിയനല്ലാതെ മറ്റാരും അതിനകത്തുണ്ടായിരുന്നില്ല. അയാളാണെങ്കിൽ മേശപ്പുറത്ത് തല ചായ്ച്ച് ഉറങ്ങുകയാണ്.

''ശങ്കരമാമാ...ശങ്കരമാമാ...''

ആതിര അയാളുടെ അരികിൽ ചെന്നുനിന്ന് വിളിച്ചു. അയാൾ തലയുയർത്തി ആതിരയെ നോക്കി.

''എന്താ മോളെ?'' അയാൾ ചോദിച്ചു.

''എനിക്ക് പുസ്തകം വായിക്കണം.'' അവൾ പറഞ്ഞു.

അയാൾ അത്ഭുതത്തോടെ കണ്ണുമിഴിച്ച് ആതിരയെ നോക്കി.

''ആട്ടെ, മോൾക്കേത് ബുക്കാ വായിക്കേണ്ടത്?''

''ഞങ്ങൾ കുട്ടികൾക്കുള്ളത്.''

''അതെല്ലാം ആ അലമാരയിലുണ്ട്'' അയാൾ പടിഞ്ഞാറെ അറ്റത്തുള്ള അലമാര ചൂണ്ടിക്കാണിച്ചിട്ട് പറഞ്ഞു.

''മോള് പോയി ഇഷ്ടമുള്ളത് തിരഞ്ഞെടുത്തോളൂ.''

അയാൾ വിണ്ടും മേശപ്പുറത്തേക്ക് തല താഴ്ത്തി.

ആതിര അലമാരയുടെ അടുത്തേക്കു ചെന്നു. ബാലസാഹിത്യം എന്ന് വാതിലിൽ എഴുതിവെച്ചിട്ടുണ്ട്. ആർത്തിയോടെ അവൾ അലമാരയുടെ വാതിൽ തുറന്നു. നിറയെ പുസ്തകങ്ങൾ കണ്ട് അവൾ സന്തോഷിച്ചു. ഒരു അടുക്കും ചിട്ടയു

മില്ലാതെയാണ് അവയെല്ലാം അടുക്കിവെച്ചിരിക്കുന്നതെന്നു കണ്ടപ്പോൾ സങ്കടവും തോന്നി.

ഒരു തട്ടിൽനിന്ന് ഒരു പുസ്തകം ആതിര പുറത്തെടുത്തു. പുസ്തകത്തിന്റെ പേര് 'തവള അപ്പൂപ്പൻ'. ആ പേര് അവൾക്കിഷ്ടമായി. കഥ വായിക്കാനായി പേജുകൾ മറിച്ച ആതിര ഞെട്ടിപ്പോയി. അതിനുള്ളിൽ നിറയെ ചിതലുകൾ. ചിതൽ തിന്നുകൊണ്ടിരിക്കുകയാണ് പേജുകൾ. തവള അപ്പൂപ്പന്റെ കഥ വായിക്കാൻ പറ്റാത്ത അവസ്ഥയിലാക്കിയ ചിതലുകളോട് അവൾക്ക് വലിയ ദേഷ്യമായി. ആ പുസ്തകം അലമാരയിൽ തിരികെ വെച്ച് അവൾ അടുത്ത പുസ്തകം കയ്യിലെടുത്തു. 'മയിൽപ്പീലിക്കാട്ടിലെ സ്വർണ്ണക്കിളി'. സ്വർണ്ണക്കിളിയുടെ കഥ വായിക്കാനായി പുസ്തകം തുറന്നപ്പോൾ അതിനുള്ളിലും ചിതലുകൾ തന്നെ. അടുത്ത പുസ്തകം പുറത്തെടുക്കാൻ നേരത്താണ് അവളത് കേട്ടത്.

''ഞങ്ങൾ വായിച്ചുകൊണ്ടിരിക്കുകയാണ്. ശല്യം ചെയ്യരുത്.''

അലമാരയ്ക്കുള്ളിൽ നിന്നാണ് ശബ്ദം പുറത്തുവന്നത്. ആതിര അതുകേട്ടു ഞെട്ടി. ആരാണീ വായനക്കാർ? ലൈബ്രറിയിൽ താനും ലൈബ്രേറിയനും മാത്രമേയുള്ളൂ. അയാളാണെങ്കിൽ നല്ല ഉറക്കത്തിലും.

''ആരാണ് നിങ്ങൾ?'' ആതിര ചോദിച്ചു.

''ഞങ്ങളാണ്. ചിതലുകൾ. ഞങ്ങൾ പുസ്തകങ്ങൾ വായിച്ചു വിശപ്പു മാറ്റുകയാണ്.''

ആതിരയ്ക്ക് ഒന്നും മനസ്സിലായില്ല.

''ബർത്തോൾഡ് ബ്രഹ്റ്റ്'' എന്ന എഴുത്തുകാരനെക്കുറിച്ച് മോള് കേട്ടിട്ടുണ്ടോ?''

''ഇല്ലേയില്ല.'' അവൾ പറഞ്ഞു.

''പട്ടിണിയായ മനുഷ്യാ പുസ്തകം കയ്യിലെടുക്കൂ... എന്നു പറഞ്ഞ ആളാണ്. എന്നിട്ട് മനുഷ്യർ പുസ്തകം കയ്യിലെടുത്ത് വായിക്കുന്നുണ്ടോ? വായിച്ച് വിശപ്പടക്കുന്നുണ്ടോ?''

അവൾ ഒന്നും മനസ്സിലാകാതെ മിഴിച്ചുനിന്നു.

''മോൾക്കൊന്നും മനസ്സിലായില്ല, അല്ലേ?''

''ഉം..'' അവൾ മൂളി.

''പേടിക്കേണ്ട. നാളെ മുതൽ മോള് ഇവിടെ വന്നോളൂ.. തവള അപ്പൂപ്പന്റെയും സ്വർണ്ണക്കിളിയുടെയും കഥയല്ലേ മോൾക്കറിയേണ്ടത്. ഞങ്ങളത് പറഞ്ഞുതരാം. ഈ അലമാരയിലെ കഥകളെല്ലാം ഞങ്ങൾക്ക് കാണാപ്പാഠമാണ്.''

ആതിരയ്ക്കു സന്തോഷമായി. അതോടെ ചിതലുകളോട് ആദ്യമുണ്ടായിരുന്ന ദേഷ്യം മാറുകയും ചെയ്തു. ചിതലുകളോട് യാത്ര പറഞ്ഞ് മടങ്ങുമ്പോഴും ലൈബ്രേറിയൻ നല്ല ഉറക്കത്തിൽത്തന്നെയായിരുന്നു. പെട്ടെന്നാണ് ചെറിയൊരു ആരവം ആതിര കേട്ടത്. തിരിഞ്ഞു നോക്കുമ്പോഴാണ് അവൾ ആ കാഴ്ച കണ്ടത്. അലമാരകളിൽ നിന്ന് ചിതലുകളെല്ലാം കൂട്ടത്തോടെ പുറത്തേക്ക് ഒഴുകിവരികയാണ്. അവയെല്ലാം ലൈബ്രേറിയന്റെ അടുത്തേത്താറായിരിക്കുന്നു!



## പിച്ചർ ചെടി (Pitcher plant)


author : JeremiahsCPs

നെപ്പന്തേസീ സസ്യകുടുംബത്തിലെ ഏക ജനുസാണ് പിച്ചർ ചെടികൾ എന്നറിയപ്പെടുന്ന നെപ്പന്തസ് (Nepenthes). കൂടുതലായും ഉഷ്ണമേഖലപ്രദേശങ്ങളിലാണ് ഇവ കാണപ്പെടുന്നതെങ്കിലും ചില നെപ്പന്തസ് ചെടികൾ ഈർപ്പമുള്ളതും നിമ്നപ്രദേശങ്ങളിലും കാണപ്പെടാറുണ്ട്. നെപ്പന്തസ് ജീനസ്സിൽ വരുന്ന സസ്യങ്ങളെല്ലാം കീടഭോജി സസ്യങ്ങൾ ആണ്. ചെറുകീടങ്ങളെ ആകർഷിച്ച് കെണിയിലാക്കി ദഹിപ്പിച്ച് ആഹാരമാക്കാനുള്ള ഘടനാവിശേഷങ്ങളോടു കൂടിയ സസ്യങ്ങളെയാണ് കീടഭോജിസസ്യങ്ങൾ (insectivorous plants) എന്നു വിളിക്കുന്നത്. ഈ സസ്യങ്ങളുടെ ഇല കുടം പോലെയാണ്. ഇലയ്ക്ക് അടപ്പും ഉണ്ട്. ഇവയുടെ ഇലയിൽ പ്രാണിയെ ദഹിപ്പിക്കാനുള്ള മണമുള്ള ഒരു ദ്രാവകമുണ്ട്. ഇരകളെ വീഴ്ത്താനായി ചെടി നിർമ്മിക്കുന്നതാണിത്. ഈ ദ്രവത്തിൽ അടങ്ങിയിട്ടുള്ള വിസ്കോ ഇലാസ്റ്റിക് ബയോപോളിമേഴ്സാണ് കെണിയിലകപ്പെട്ട ചെറുജീവികളെ രക്ഷപ്പെടാനനുവദിക്കാതെ കെണിക്കുടത്തിൽ നിലനിർത്തുന്നത്. ഇതിന്റെ താഴ്ഭാഗത്തുകാണുന്ന ഒരു ഗ്രന്ഥിയാണ് ഇരയുടെ ശരീരത്തിൽ നിന്നും ചെടിക്കാവശ്യമായ പോഷണങ്ങൾ വലിച്ചെടുക്കുന്നത്.





# ലോകത്തിന്റെ ശ്വാസകോശം കത്തിയെരിയുമ്പോൾ നിങ്ങൾ എന്തുചെയ്യുകയാണ്?

വിനു എ

ഈ ചോദ്യമുയർത്തിയത് ഹോളിവുഡ്താരം ലിയനാർഡോ ഡികാപ്രിയോയാണ്. ആമസോൺ മഴക്കാടുകൾ കത്തിയെരിയുമ്പോൾ അതിനെതിരെ ശബ്ദിക്കാതെ നിൽക്കുന്ന മാധ്യമങ്ങളോടാണ് അദ്ദേഹം ആ ചോദ്യമെറിഞ്ഞത്.

ആമസോൺ കാടുകളിൽ തീ ആളിപടർന്ന് ആഴ്ചകൾ പിന്നിട്ടിട്ടും അതിന്റെ ഗൗരവത്തെ കുറിച്ചറിയാതെ, അതേക്കുറിച്ച് ഒരക്ഷരം സംസാരിക്കാതെയിരുന്നവർക്കിടയിലേക്ക് നീണ്ട ആ ചോദ്യത്തിന് വലിയ അർഥങ്ങളുണ്ടായിരുന്നു. ചരിത്രത്തിലിതുവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള തീയാണ് ആമസോണിനെ ആ നാളുകളിൽ വിഴുങ്ങിയത്.

ആമസോണിൽ തീ സാധാരണമായ ഒന്നാണ്. എന്നാൽ കഴിഞ്ഞ വർഷത്തേക്കാൾ 84 ശതമാനത്തിന്റെ വർധനയോടെയാണ് ആ കാടുകളിൽ തീ പടർന്നത്. പാരിസ്ഥിതിക ഭീഷണികൾ ഏറെയുള്ള ഈ പ്രദേശത്തേക്ക് വലിയ തോതിലാണ് കടന്നുകയറ്റങ്ങൾ ഉണ്ടാകുന്നതെന്നതിനാൽ തന്നെ ഏറെ നിയന്ത്രണങ്ങൾ ആവശ്യമായ പ്രദേശമാണിത്. കൃഷിഭൂമി ഒരുക്കുന്നതിനായി ചെറിയ തോതിൽ ആരംഭിക്കുന്ന തീയിടൽ വലിയ കാട്ടുതീയായി പടരുന്നതാണ് കാണാനാവുക.

കാട്ടുതീ സൃഷ്ടിക്കപ്പെടുന്നതാണെന്ന് വർഷങ്ങളായി പരിസ്ഥിതി

പ്രവർത്തകർ തുടർച്ചയായി ഉന്നയിക്കുന്ന വിഷയമാണ്. എന്നാൽ ഇതിനെ പ്രതിരോധിക്കാനാവുന്ന വിധത്തിലുള്ള വലിയ നിയന്ത്രണങ്ങളൊരുക്കുന്നതിൽ ബ്രസീലും മറ്റു രാഷ്ട്രങ്ങളും പരാജയപ്പെട്ടുവെന്നതാണ് ഈ കടന്നുകയറ്റത്തിന്റെ പ്രധാന കാരണമെന്ന് പറയാം.

കന്നുകാലി കൃഷിക്കാരും മരംവെട്ടുമാഫിയയും സ്വകാര്യ ആവശ്യങ്ങൾക്കായി മനപൂർവമാണ് കാടിന് തീയിടുന്നതെന്ന് പരിസ്ഥിതി പ്രവർത്തകർ ഉന്നയിക്കുമ്പോഴും ഇതിന് പിന്നിലുള്ള വൻകിട കോർപ്പറേറ്റ് താത്പര്യങ്ങളെ കാണാതിരിക്കാനാവില്ല.

## എന്താണ് ആമസോൺ?

ഭൂമിയിലെ ഏറ്റവും ജൈവസമ്പന്നമായ മേഖലയാണ് തെക്കെ അമേരിക്കയിൽ പടർന്നുകിടക്കുന്ന ആമസോൺ മഴക്കാടുകൾ. 55 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ വനമേഖലയാണ് ലോകത്തിന് 20 ശതമാനത്തോളം ഓക്സിജൻ നൽകുന്നത്. അഞ്ചരക്കോടി വർഷങ്ങളായി നിലനിൽക്കുന്ന വനങ്ങളാണിത്.

9 രാജ്യങ്ങളാണ് ആമസോൺ മഴക്കാടുകളുള്ള പ്രദേശം. അതിൽ ഏറ്റവുമധികം പ്രദേശങ്ങൾ ഉൾകൊള്ളുന്നത് ബ്രസീലാണ് 64 ശതമാനം. പെറു 10 ശതമാനം കൈയാളുന്നു. ബൊളീവിയ, കൊളംബിയ, വെനസ്വേല എന്നിവ 6 ശതമാനം വീതവും. ഗയാന (3%), സുരിനാം (2%), ഇക്വഡോർ (2%), ഫ്രഞ്ച് ഗയാന (1%) എന്നിവയാണ് മറ്റു രാജ്യങ്ങൾ.

ആമസോണിലെ കാട്ടുതീ ആദ്യം ബ്രസീലിനെയാണ് പ്രതിസ്ഥാനത്ത് നിർത്തുന്നതെങ്കിലും അതിൽ ലോകമാകെ പരന്നുകിടക്കുന്ന വാണിജ്യ താത്പര്യങ്ങളുടെ കണ്ണികളെ കാണാതിരിക്കാനാവില്ല.

2019 ജനുവരി മുതൽ ആഗസ്റ്റ് 25 വരെ 80626 തവണ കാട്ടുതീ റിപ്പോർട്ട് ചെയ്യപ്പെട്ടതായാണ് സി എൻ എൻ റിപ്പോർട്ട് ചെയ്യുന്നത്.

ഇതിലേറെയും പുറംലോകം അറിയാതെ പോയവയാണ്. പലതും ദിവസങ്ങളോളം കത്തികൊണ്ടിരുന്നതുമാണ്.

എൽനിനോ പ്രതിഭാസങ്ങളുടെ ഭാഗമായുണ്ടാകുന്ന വരൾച്ചയും കാട്ടുതീയുടെ ശക്തി വർധിക്കുന്നതിന് കാരണമാകുന്നുണ്ട്.

മനുഷ്യന്റെ ഇടപെടലിലൂടെ അറിഞ്ഞോ അറിയാതെയോ ആണ് ഭൂരിഭാഗം കാട്ടുതീയും പടരാനിടയായതെന്ന് കാണാനാവും. ആമസോൺ മഴക്കാടുകളിലെ കാട്ടുതീയുടെ ശക്തിയിൽ അടുത്ത പ്രദേശങ്ങളിലൊക്കെയും പുകപടലവും ഇരുളും കാലവസ്ഥാ മാറ്റങ്ങളും ഉണ്ടാവുന്നുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ജൂലൈ - ആഗസ്റ്റ് മാസങ്ങളിലെ വരണ്ട കാലാവസ്ഥയിൽ തീ പടരാനുള്ള സാധ്യത വളരെ കൂടുതലാണ്. എന്നാൽ കഴിഞ്ഞ വർഷമുണ്ടായതിനേക്കാൾ വലിയ തോതിലുള്ള തീയാണ് ഈ ആഗസ്റ്റ് മാസത്തിലുണ്ടായത്. ആമസോൺ മഴക്കാടുകൾ ഉൾക്കൊള്ളുന്ന ഒമ്പത് സംസ്ഥാനങ്ങളിൽ കാട്ടുതീയുടെ അളവിൽ വലിയ വർധനയുണ്ടായി. ഇതിൽ ആമസോണാസ് സംസ്ഥാനത്തുണ്ടായത് 146 ശതമാനത്തിന്റെ വർധനയാണ്. ഇവിടെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടതായും വന്നു.

## തീ പടരാൻ കാരണമെന്താണ്?

കാടുകൾ വെട്ടിത്തെളിക്കാനുള്ള വലിയ ശ്രമം അടുത്ത കാലത്തായി നടക്കുന്നുണ്ട്. ബ്രസീൽ സർക്കാർ ഈ കാര്യത്തിൽ കൂടുതൽ നിയന്ത്രണങ്ങൾക്ക് തയ്യാറാകാതിരുന്നത് ഇതിന് പ്രോത്സാഹനമായി. ബ്രസീലിൽ ഉണ്ടായിട്ടുള്ള 99 ശതമാനം കാട്ടുതീയും മനുഷ്യനിർമിതമാണെന്നാണ് ബ്രസീലിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് റിസർച്ച് പറയുന്നത്.

ചെറുതായി ആരംഭിക്കുന്ന കാട്ടുതീയാണ് വലുതായി രൂപം പ്രാപിക്കുന്നത്. സ്വകാര്യ ആവശ്യങ്ങൾക്കായുള്ള മാഫിയകളുടെ കടന്നുകയറ്റത്തിലൂടെ സമൃദ്ധമായ വനസമ്പത്താണ് കത്തിയെരിഞ്ഞ് ഇല്ലാതാവുന്നത്.

അപൂർവമായ സസ്യങ്ങളും വൃക്ഷങ്ങളും നശിക്കുന്നു. വിവിധങ്ങളായ കാട്ടുമൃഗങ്ങളെ കൂടിയാണ് ഈ കാട്ടുതീ കവർന്നെടുക്കുന്നത്.

## സംരക്ഷിക്കപ്പെടേണ്ട ജൈവവൈവിധ്യം

ആഫ്രിക്കയിലെയും എഷ്യയിലെയും കാടുകളിലുള്ളതിനേക്കാൾ ജൈവവൈവിധ്യം ഉള്ളയിടമാണ് ആമസോൺ മഴക്കാടുകൾ. 25 ലക്ഷത്തിലധികം ഷഡ്പദ സ്പീഷിസുകൾ ഈ മേഖലയിലുണ്ട്. സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും വൈവിധ്യത്താലും ഈ പ്രദേശം പ്രധാനമാണ്.

2001 ൽ ഇക്വഡോറിൽ നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയത് 1100ലധികം തരം മരങ്ങൾ ഈ മഴക്കാടുകളിലുണ്ടെന്നാണ്. ഇക്വഡോർ ആമസോൺ പ്രദേശത്തിന്റെ 2 ശതമാനം മാത്രമേ കയ്യാളുന്നുള്ളൂവെന്നത് ഓർക്കണം.

ജൈവവൈവിധ്യങ്ങളുടെ കലവറയാണ് ഇവിടം എന്നു പറയുമ്പോഴും





അപകടങ്ങൾ പതിയിരിക്കുന്ന ഇടങ്ങൾ ഇവിടെയുണ്ടെന്ന് സഞ്ചാരികളുടെ കുറിപ്പുകൾ സൂചിപ്പിക്കുന്നുണ്ട്.

ഇരപിടിയന്മാരിൽ വേഗക്കാരും വലിയവരുമായ പ്യൂമ, അനാകോണ്ട തുടങ്ങിയ ജീവിവർഗങ്ങൾ കൂടി ഈ വനാന്തരങ്ങളിലുണ്ട്. വെള്ളത്തിൽ ഇരയെ കൊല്ലാൻ ശേഷിയുള്ള ഷോക്ക് ഏൽപ്പിക്കാൻ കഴിവുള്ള ഈലുകളും മനുഷ്യനെ കൊല്ലാനും തിന്നാനും കഴിവുള്ള പിരാനകളും ഉണ്ട്. കൊടിയവിഷമുള്ള പാമ്പുകളും തവളകളും വവ്വാലുകളുമൊക്കെ ആ പ്രകൃതിയുടെ ഇടങ്ങൾ തന്നെയാണ്.

അത്ഭുതങ്ങളും ഭയവും നിറയുന്ന ആമസോൺ പലപ്പോഴും സിനിമകളുടെ ഇഷ്ടവിഷയവുമായിരുന്നു. ആ പ്രകൃതിയുടെ പ്രത്യേകതയാണ് അനേകം സിനിമകൾ ആമസോണിന്റെ ജീവലോകത്തെ ചുറ്റിപറ്റി വെള്ളിത്തിരയിലെത്തി വിജയം കൈവരിച്ചത്.

ജൈവവൈവിധ്യത്തിന്റെ പിന്നാലെയുള്ള ആകർഷക കാഴ്ചകളിലാണ് അവയൊക്കെയും പ്രേക്ഷകന്റെ മനസ്സിലിടം കണ്ടെത്തിയതെങ്കിൽ, ആ കാഴ്ചകളുടെ ഭൂമിക്ക് മുകളിലാണ് പുകപടലം ഉയരുന്നതെന്നത് കാണാതിരിക്കാനാവില്ല.

## ആമസോൺ മാത്രമല്ല

വേറെയും കാടുകൾ പുകയുന്നുണ്ട്. മനുഷ്യന്റെ വലിയ ആഗ്രഹങ്ങളുടെ ഇടങ്ങളിലേക്കാണ് അതിന്റെ നിഴൽ വലിഞ്ഞുകയറുന്നത്.

കാലാവസ്ഥാവ്യതിയാനം എന്ന അവസ്ഥയ്ക്ക് കാരണമാകുന്നതിൽ ഭൂരിഭാഗവും മനുഷ്യന്റെ ഇടപെടലിലൂടെ സംഭവിക്കുന്നതാണ്. വനങ്ങൾ ഇല്ലാതാവുകയും മരുഭൂമികൾ വളരുകയും ചെയ്യുന്ന സാഹചര്യമാണിപ്പോഴുള്ളത്. ഇതിനോടൊപ്പം തന്നെ വലിയതോതിൽ ഫലഭൂയിഷ്ടമായ മണ്ണ് കടലിനടിയിലേക്ക് പോകുന്നു. അനേകം ജീവജാലങ്ങൾ ഈ ഭൂമിയിൽ നിന്നു തന്നെ അപ്രത്യക്ഷമാകുന്നുമുണ്ട്.

ലോകമാകെ വ്യാപിച്ചു കിടക്കുന്ന ശൃംഖലയാണിതിന്റേത്-പ്രകൃതിവിഭവങ്ങളെ വലിയതോതിൽ കൊള്ള ചെയ്യുന്നതിനായി നശീകരണപ്രവർത്തനങ്ങൾ നടത്തുകയെന്നത്. ഇത് ഒരു വിഭാഗത്തെ മാത്രമായി ബാധിക്കുന്ന വിഷയമല്ല, അത് പൊതുസമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്നതാണ്. ആമസോൺ നമുക്ക് അന്യമായൊരിടത്താണെങ്കിലും അതുകൊണ്ടാണ് നമുക്കത് പ്രധാന വിഷയമാകുന്നത്.

ആമസോൺ മഴക്കാടുകൾ കത്തിത്തീരുന്ന ഭയാനകമായ സാഹചര്യത്തെ ലോകത്തിനൊപ്പം നിന്നെതിർക്കുവാൻ നമുക്കും ഉത്തരവാദിത്തമുണ്ട്.

ആമസോൺ മഴക്കാടുകൾ മാത്രമല്ല, ലോകത്തു നിലനിൽക്കുന്ന ഓരോ കാടും മരവും സംരക്ഷിക്കപ്പെടേണ്ടതാണെന്ന സത്യം നാം തിരിച്ചറിയുക തന്നെ വേണം.

# കിളിക്കൂട്
## ത്രൈമാസിക



ആദരവോടെ സുഗതകുമാരി ടീച്ചർക്ക്,

ടീച്ചർ, ഞങ്ങളുടെ സ്കൂൾ പ്രസിദ്ധീകരണമായ കിളിക്കൂട് ത്രൈമാസികയുടെ മൂന്ന് ലക്കങ്ങൾ ഇതോടൊപ്പം അയയ്ക്കുന്നു. മാസിക ഇപ്പോൾ അഞ്ചാം വയസ്സിലാണ്. കുട്ടികളുടെ നല്ല വായന, നല്ല സംസ്കാരം, എന്ന നിലയ്ക്കുള്ള ഒരു എളിയ സംരംഭം. ഹൈസ്കൂളിലെ മലയാളം അധ്യാപിക എന്ന നിലയ്ക്കുള്ള ഒരു ചെറിയ ഓർമപ്പെടുത്തൽ. കുട്ടികൾ ഇന്ന് എവിടെയാണ് എന്ന് പറയാനറിയില്ലയെനിക്ക്. ഒരു നല്ല മാതൃക വീട്ടിൽ നിന്നോ സമൂഹത്തിൽ നിന്നോ അവർക്കു കിട്ടുന്നില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ അവർക്കത് പിൻപറ്റാനാവുന്നില്ല. ഇവിടെ ധാരാളം പേർ തളിര് വരിക്കാരാണ്. ചിലരുടെ രചനകൾ തളിരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്മുടെ കുട്ടികൾ നന്നായിരിക്കട്ടെ ടീച്ചർ.

കെ പി അപ്പന്റെ 'കാർമുകിലിന്' ഗദ്യത്തിൽ ഒരു അർച്ചനാഗീതം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് ടീച്ചറിന്റെ മേഘംവന്നു തൊട്ടുവിളിച്ച അനുഭവം ഞാൻ കുട്ടികളെകൊണ്ട് വായിപ്പിച്ചു. മക്കൾക്കത് നന്നായി ഇഷ്ടപ്പെട്ടു. 8,10 ക്ലാസ്സുകളിൽ മാത്രമേ പഠിപ്പിക്കാനുള്ളൂ എന്നതുകൊണ്ടുതന്നെ ടീച്ചറിന്റെ 'തെംസ് നദിയോട്' കവിത കുട്ടികളെ പഠിപ്പിക്കാനായിട്ടില്ല എനിക്ക്.

'അറിവകം' എന്നപേരിൽ ഒരു സാഹിത്യക്വിസ് ഇവിടെ ഞങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 6 വർഷമായി. അതിന് 5 ചോദ്യങ്ങൾ - അവയുടെ ഉത്തരങ്ങൾ എഴുതി നറുക്കെടുപ്പിലൂടെ വിജയിയെ തെരഞ്ഞെടുത്ത് ഒരു സമ്മാനപത്രം നൽകുന്നു. കൂടുതൽ വീണ്ടുമെഴുതാം. എഴുത്തുചുരുക്കുന്നു ടീച്ചർ.

സസ്നേഹം,
**റൈഹാനത്ത്**
ടീച്ചറിന്റെ വരികൾക്കായി കാത്തിരിക്കുന്നു.

പ്രിയപ്പെട്ട കുട്ടികളേ,

കോട്ടൂർ എ കെ എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി പ്രസിദ്ധീകരണമായ 'കിളിക്കൂട്' ത്രൈമാസിക അയച്ചുതന്നിരുന്നു. ആദ്യമേ അതു കണ്ടപ്പോഴുള്ള സന്തോഷം പങ്കുവയ്ക്കട്ടെ. വ്യത്യസ്തങ്ങളായ പ്രമേയം കൊണ്ട് കിളിക്കൂട് ഏറെ ശ്രദ്ധേയമാണ്. മഴ, അമ്മ ഇങ്ങനെ വിവിധങ്ങളായ വിഷയങ്ങളാണ് മാസിക പ്രമേയമാക്കിയിരിക്കുന്നത്. പ്രഗത്ഭ വ്യക്തികളുമായുള്ള അഭിമുഖം, കഥകൾ, കവിതകൾ, ചിത്രങ്ങൾ, ലേഖനങ്ങൾ തുടങ്ങി വ്യത്യസ്ത സാഹിത്യമേഖലകളിലുള്ള രചനകളാൽ സമ്പുഷ്ടമാണ് ഓരോ മാസികയും.

കുട്ടികൾ അവരുടെ രചനാമികവും കലാപരമായ കഴിവുകളും ഇതിലൂടെ പ്രകടമാക്കിയിട്ടുണ്ട്.

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിന് വിദ്യാരംഗം കലാസാഹിത്യവേദി വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്. നവമാധ്യമങ്ങളുടെ ലോകത്തുനിന്നും കുട്ടികളെ എഴുത്തിന്റെയും വായനയുടെയും ലോകത്തേക്ക് നയിച്ചതിൽ അധ്യാപകർക്കും അഭിമാനിക്കാം.

ഈ കിളിക്കൂട് ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും അതിനായി നിങ്ങളെ സഹായിച്ച എല്ലാ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

**സുഗതകുമാരി**
ചീഫ് എഡിറ്റർ

# മഹാഭാരതം

സുഗതകുമാരി

വില്ലറ്റുവെങ്കിലും കൂസാതെ അഭിമന്യു വാളും പരിചയും കൈക്കൊണ്ട് ആകാശത്തേക്കുയർന്നുചാടി യുദ്ധം തുടങ്ങി. അവന്റെ വെട്ടേറ്റു യോദ്ധാക്കൾ മുറിഞ്ഞുവീണു. അതു കണ്ട ദ്രോണർ അവന്റെ രത്നപ്പിടിവാൾ അമ്പെയ്തു നുറുക്കി. കർണാസ്ത്രങ്ങൾ കുമാരന്റെ പരിച പിളർത്തിയെറിഞ്ഞു. നിരായുധനായി യുദ്ധക്കളത്തിൽ നിന്ന ആ വീരകുമാരൻ തേർചക്രം ഊരിയെടുത്ത് ശ്രീകൃഷ്ണൻ സുദർശനമെന്നപോലെ കൈയിലുയർത്തി ചിരിച്ചുകൊണ്ടു നിൽപ്പായി.

ചോരയിൽ മുങ്ങിച്ചുവന്ന പട്ടുടയാടയോടും വളഞ്ഞ ചില്ലികളോടും ചിതറിയ തലമുടിയോടും നിൽക്കുന്ന ആ തേജോമയരൂപം കണ്ടവർ നടുങ്ങി. കർണാദികൾ ആ രഥചക്രം എയ്തു നുറുക്കി. അപ്പോൾ ഗദയെടുത്തുകൊണ്ട് അഭിമന്യു അശ്വത്ഥാമാവിനു നേർക്കു പാഞ്ഞടുത്തു. ആ വരവുകണ്ട് മൂന്നടി പിന്നോക്കംമാറിയ ദ്രോണപുത്രന്റെ സൂതനും തേരും കുതിരകളും അഭിമന്യുവിന്റെ ഗദാഘാതമേറ്റു തകർന്നു. ആ ഗദയിൽ തന്നെ എഴുപത്തേഴു ഗാന്ധാരവീരന്മാരെയും ഏഴു കേകയരേയും മറ്റു പത്തു മഹായോദ്ധാക്കളെയും കുമാരൻ വീഴ്ത്തി. ക്രോധം മുഴുത്ത മറ്റൊരു ദുശ്ശാസനപുത്രൻ ഗദയുമായി പാഞ്ഞടുത്തു. അവർ തമ്മിൽ രുദ്രനും കാലനും തമ്മിലേറ്റതുപോലെ ഘോരമായ ദ്വന്ദ്വയുദ്ധമുണ്ടായി. ഇളംമെയ്യിൽ ചട്ടമൂടാത്തിടത്തെല്ലാം കൂരമ്പുകൾ തറച്ച അഭിമന്യുകുമാരന്റെ ശിരസ്സിൽ ശത്രുവിന്റെ ഗദാഘാതം ഊക്കിൽ വന്നു പതിച്ചു. അത്യായാസത്താൽ തളർന്ന ആ കുമാരൻ ബോധമറ്റു പടക്കളത്തിൽ വീണുപോയി. ചുറ്റിലും നിന്നവർ അവന്റെ മെയ്യിൽ ഖഡ്ഗങ്ങളിറക്കി. ബാലസൂര്യൻ അസ്തമിക്കുംപോലെ, രാഹു വിഴുങ്ങിയ ചന്ദ്രനെപ്പോലെ പടനിലത്തുവീണ് ആ വീരകുമാരൻ പ്രാണൻ വെടിഞ്ഞു. കൗരവർ ആഹ്ലാദാതിരേകത്താൽ സിംഹനാദം മുഴക്കി, വാദ്യങ്ങൾ ഘോഷിച്ചു. എങ്കിലും ആ കിടപ്പു കണ്ടുനിന്ന ശത്രുപക്ഷത്തുള്ള വീരന്മാർക്കു പോലും കണ്ണുകളിൽ കണ്ണീർ നിറഞ്ഞൊലിച്ചു.

വിവരം കേട്ട് ഇടിത്തീവീണപോലെ യുധിഷ്ഠിരൻ സ്തംഭിച്ചു നിന്നുപോയി. ഭീമനും നകുല സഹദേവന്മാരും ഹൃദയം തകർന്നു തലകുനിച്ചു കണ്ണീരൊഴുക്കി- അഭിമന്യുവെന്ന ബാലസൂര്യനോടൊപ്പം അന്നത്തെ സൂര്യനും അസ്തമിച്ചു.


ശിബിരത്തിൽ ചെന്നു തളർന്നുവീണ യുധിഷ്ഠിരൻ ഉള്ളുടഞ്ഞു വിലപിച്ചു. 'ഹാ! ഞാൻ അർജുനനോടെന്തു പറയും? ചെറുപ്രായത്തിലുള്ള അവന്റെ കുട്ടിയെ ഞാൻ പടയ്ക്കയച്ചു കൊല്ലിച്ചുവെന്നോ! ശ്രീകൃഷ്ണന്റെ മുഖത്തു ഞാനെങ്ങനെ നോക്കും! മകൻ മരിച്ച സുഭദ്രയോടെന്തു ഞാൻ പറയും? കഷ്ടം! കഷ്ടം! എന്നും നമ്മെ കാക്കുന്ന പാർഥന്റെ മകനെ കാക്കുവാൻ നമുക്കു കഴിഞ്ഞില്ലല്ലോ. അവൻ ഒറ്റയ്ക്കു പൊരുതി വീണുപോയല്ലോ. ഹാഹാ ഞാൻ ഈ വിധം ജീവിക്കുന്നതെന്തിന്! എന്തിനു രാജ്യം? എന്തിനീ ജീവിതം!'..... ഇങ്ങനെ വിലപിക്കുന്ന യുധിഷ്ഠിരന്റെയും പാണ്ഡവരുടെയും അരികിൽ മഹർഷി വേദവ്യാസമുനി വന്നെത്തി. കരഞ്ഞുകൊണ്ട് ധർമപുത്രർ അദ്ദേഹത്തോടു ചോദിച്ചു. 'ഭഗവാനേ ആരാണീ മൃത്യു? എന്താണിങ്ങനെ സംഭവിക്കുന്നത്!'

## മൃത്യുകന്യക

വ്യാസൻ പറഞ്ഞു. 'ഉണ്ണീ, മഹാവീരനായ മകനെയോർത്ത് അഭിമാനംകൊള്ളുക. അമാനുഷകർമമാണ് അവൻ ചെയ്തത്, ആയിരക്കണക്കിന് മഹാവീരന്മാരെ സംഹരിച്ച് ഒറ്റയ്ക്ക് ശത്രുമധ്യത്തിൽ നിന്നു വീറോടെ പൊരുതി വീരസ്വർഗം പ്രാപിച്ച അദ്ഭുതതേജസ്സിയന്ന ആ ബാലനെച്ചൊല്ലി ദു:ഖിച്ചിട്ട് ഇനിയെന്തു ഫലം? അതു വിധിഹിതമത്രേ. ആശ്വസിക്കുക. ആരാണു മൃത്യുവെന്നോ? എന്താണിങ്ങനെയെന്നോ? ഞാൻ പറയാം.'

വ്യാസമഹർഷി തുടർന്നു. 'പണ്ട്, ആദികാലത്ത് പ്രജകളെ സൃഷ്ടിച്ച ബ്രഹ്മാവ് കുറെ വർഷങ്ങൾ കഴിഞ്ഞ് ഭൂമിയിലേക്കു നോക്കിയപ്പോൾ അമംഗളമായ ഒരു കാഴ്ച കണ്ടു. പ്രജകൾ ഭീകരമായി പെരുകിയിരിക്കുന്നു. ജീർണശരീരങ്ങൾ എണ്ണമറ്റപോലെ നിറഞ്ഞു ദുർഗന്ധമയമായി കാണപ്പെട്ട ഭൂമിയെ നോക്കി പ്രജാപതി സംഹാരത്തെപ്പറ്റി ചിന്തിച്ചു. ആ ക്രോധത്തിൽ

നിന്ന് അഗ്നിയുണ്ടായി. ആകാശവും ഭൂമിയും എല്ലാം നിറഞ്ഞുജ്വലിക്കുന്ന ആ അഗ്നി കണ്ട് ഭഗവാൻ ശിവൻ ചോദിച്ചു. 'സൃഷ്ടികർത്താവേ, അങ്ങയുടെ ക്രോധം കൊണ്ട് എല്ലാം ദഹിച്ചു പോകുന്നു- പ്രഭോ, കാരുണ്യം കാട്ടിയാലും.' ബ്രഹ്മാവ് പറഞ്ഞു. 'എനിക്കു സംഹാരത്തിന് ആഗ്രഹമില്ല. പക്ഷേ ഭൂമീദേവി ഭാരം പെരുകി കണ്ണുനീരോടെ എന്നോടു പ്രാർഥിക്കുമ്പോൾ ആ ഭാരം തീർത്തുകൊടുക്കുവാൻ ഞാൻ തുനിഞ്ഞതാണ്.' ബ്രഹ്മാവ് തീക്ഷ്ണമായ ആ അഗ്നിജ്വാലകളെ പിൻവലിച്ചു. അപ്പോൾ ആ ജ്വാലകളിൽ നിന്ന് ഒരു സ്ത്രീരൂപം ഉത്ഭവിച്ചു തൊഴുതുനിന്നു. ചെമ്പിച്ച തലമുടിച്ചാർത്തും ചെമ്പിച്ച നിറവും ചുവന്ന കണ്ണുകളും ചുവന്ന നാവുമായി തിളങ്ങുന്ന കുണ്ഡലങ്ങളും ഭൂഷണങ്ങളും ചാർത്തി ചെമ്പിച്ച പട്ടാടയുടുത്തു തെക്കൻദിക്കിൽ നിൽക്കുന്ന അവളെനോക്കി ചിരിച്ചുകൊണ്ട് പിതാവ് 'മൃത്യു' എന്ന് അവൾക്കു പേരിട്ടു. അവർ തൊഴുതുകൊണ്ടു ചോദിച്ചു. 'അച്ഛാ ഞാൻ എന്താണ് ചെയ്യേണ്ടത്. കല്പിച്ചാലും.' ബ്രഹ്മാവ് പറഞ്ഞു. 'മകളേ, നീ മൃത്യുവാണ്. പ്രജകളെ സമയമടുക്കുമ്പോൾ ചെന്നു കൊണ്ടു വരുക.'



വര: ജയേന്ദ്രൻ

**ബ്രഹ്മാവ് പറഞ്ഞു, 'മകളേ ഇതിൽ അധർമമൊന്നുമില്ല. കാലമെത്തുമ്പോൾ ഓരോ കാരണത്താൽ രോഗങ്ങളും വാർധക്യവും ആപത്തുകളും എല്ലാമുണ്ടാകും. നീ കാമവും രോഷവും വെടിഞ്ഞ് നിന്നെ ഏൽപ്പിച്ച കർമം ചെയ്യുക. മകളേ, നീ ആരുടെ കരച്ചിലും കേൾക്കുകയില്ല. ആരുടെ ദു:ഖവും കാണുകയില്ല. അറിയുക. ആത്മാവ് മരിക്കുന്നില്ല. ശരീരം മാത്രമേ മരിക്കുന്നുള്ളൂ.' അങ്ങനെ മൃത്യുകന്യക, ഭൂമിയിലെത്തി പ്രജാസംഹാരം ചെയ്യുന്നു.**

മൃത്യുകന്യക ഈ ആജ്ഞ കേട്ടു ദു:ഖിതയായി. 'ഞാൻ എങ്ങനെയാണ് ക്രൂരമായ ഈ തൊഴിൽ ചെയ്യുന്നത്! ഇത് അധർമമല്ലേ! പ്രിയപ്പെട്ടവരെ ഞാൻ ചെന്നു കൊണ്ടുപോകുമ്പോൾ അവർ നെഞ്ചുപൊട്ടി കരയുന്ന കരച്ചിൽ ഞാൻ കേൾക്കുന്നതെങ്ങനെ?' ബ്രഹ്മാവ് പറഞ്ഞു, 'മകളേ ഇതിൽ അധർമമൊന്നുമില്ല. കാലമെത്തുമ്പോൾ ഓരോ കാരണത്താൽ രോഗങ്ങളും വാർധക്യവും ആപത്തുകളും എല്ലാമുണ്ടാകും. നീ കാമവും രോഷവും വെടിഞ്ഞ് നിന്നെ ഏൽപ്പിച്ച കർമം ചെയ്യുക. മകളേ, നീ ആരുടെ കരച്ചിലും കേൾക്കുകയില്ല. ആരുടെ ദു:ഖവും കാണുകയില്ല. അറിയുക, ആത്മാവ് മരിക്കുന്നില്ല. ശരീരം മാത്രമേ മരിക്കുന്നുള്ളൂ.' അങ്ങനെ പിതാവിന്റെ അനുഗ്രഹത്താൽ അന്ധയും ബധിരയുമായിത്തീർന്ന മൃത്യുകന്യക, ഭൂമിയിലെത്തി പ്രജാസംഹാരം ചെയ്യുന്നു. അതിനു പ്രതിവിധിയില്ല. നിന്റെ വീരപുത്രനായ അഭിമന്യു മഹാരഥൻമാരായ ശത്രുക്കളോടു പോരാടി വീരസ്വർഗം പ്രാപിച്ചിരിക്കുന്നു. അവനെച്ചൊല്ലി ദു:ഖിക്കുവാൻ നമുക്ക് അവകാശമില്ല.' വ്യാസവചസ്സുകൾ കേട്ട് അൽപ്പമൊരാശ്വാസം തോന്നിയെങ്കിലും യുധിഷ്ഠിരൻ വീണ്ടും ദു:ഖത്തിലാണ്ടു.

സൂര്യാസ്തമയമായി. സംശപ്തകന്മാരെയെല്ലാം ദിവ്യാസ്ത്രങ്ങളാൽ സംഹരിച്ച് കൃഷ്ണനോടൊത്തു ശിബിരത്തിലേക്കു മടങ്ങവേ അർജുനൻ പറഞ്ഞു. 'കേശവ, എന്തോ ഭയങ്കരമായ ആപത്തുണ്ടായിരിക്കുന്നു. അതാ കൊള്ളിമീൻ വീഴുന്നതു നോക്കൂ. എന്റെ ശരീരം തളരുന്നു. ജ്യേഷ്ഠന് ആപത്തെന്തെങ്കിലും സംഭവിച്ചുവോ!' (തുടരും)


# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## സഹനം

പാൽക്കാരൻ മാധവേട്ടനാണ് ആദ്യം വിവരം പറഞ്ഞത്. പത്രക്കാരനും അതു തന്നെ പറഞ്ഞു. കേട്ടപ്പോൾ വിശ്വസിക്കാനേ കഴിഞ്ഞില്ല. ഇരുവഴിഞ്ഞി യുവതിയായ ഭ്രാന്തിയായത്രേ. കേട്ടപ്പോൾ ശരിക്കും നടുങ്ങിപ്പോയി. അതെങ്ങനെ സാധ്യമാവും? അവൾ ഇങ്ങനെയൊന്നും ആയിരുന്നില്ലല്ലോ... സുന്ദരനായ വെള്ളരിമലയുടെ ഓമനപ്പുത്രി... കാലിൽ കൊലുസണിഞ്ഞ് പാവാടത്തുമ്പ് നിലത്തുരുച്ച് ഒരു മന്ദഹാസത്തോടെ നടക്കുന്ന കൊച്ചു സുന്ദരി. അച്ഛനായ വെള്ളരിമലയുടെയും സഹോദരങ്ങളായ മറ്റു മലകളുടെയും ലാളനകളേറ്റ് സന്തോഷവും കുസൃതിയും ഇടകലർന്ന ബാല്യം... അവളുടെ കൈ വളരുന്നതും കാൽ വളരുന്നതും നോക്കി ആ പിതാവ് എത്ര സന്തോഷിച്ചിരിക്കും? ഓണത്തിന് പൂക്കളം തീർത്തും പെരുന്നാളിന് മൈലാഞ്ചിയിട്ടും ക്രിസ്മസിന് കേക്ക് മുറിച്ചും മതസഹിഷ്ണുത അവൾ എത്ര പ്രാവശ്യം ആഘോഷിച്ചിരിക്കുന്നു? എത്രയെത്ര പ്രണയങ്ങൾ അവളെ സാക്ഷിയാക്കി പൂവിട്ടിരിക്കുന്നു? പൂവണിയാത്തവ അവളുടെ മനസ്സിൽ എത്രയോ തവണ കണ്ണീർ മഴയായി പെയ്തിറങ്ങി. അറിയാതെയും അറിഞ്ഞും ഒരുപാട് സന്ദേശങ്ങൾ അറബിക്കടലിന്

**നദി. എ. എസ്, 9 ബി, MKHMMO VHSS FOR GIRLS, മുക്കം പി. ഒ
കോഴിക്കോട്-673 602**



വര: ഗോപു പട്ടിത്തറ

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

അവൾ കൈമാറി. ജാതിഭേദമന്യേ നൊമ്പരങ്ങൾക്കും സന്തോഷങ്ങൾക്കും അവളെത്ര സാക്ഷ്യം വഹിച്ചു!

ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്ക് ... അവിടെ നിന്നും യൗവ്വനത്തിലേക്ക്... വളരെ പെട്ടെന്നായിരുന്നു അവളുടെ വളർച്ച. വളരുന്നതിനുസരിച്ച് മനുഷ്യന് അവളോടുള്ള കാഴ്ചപ്പാടും മാറി. അവളുടെ മിക്ക സഹോദരങ്ങളേയും കൊന്നൊടുക്കിയപ്പോൾ പ്രതികരിക്കാനാവാതെ കണ്ണീരൊലിപ്പിക്കാനേ അവൾക്കു കഴിഞ്ഞുള്ളൂ. പക്ഷേ ആ ദുഷ്ടൻമാർ അവളേയും വെറുതെ വിട്ടില്ല. യന്ത്രകൈകൾ കൊണ്ട് മാറിടം കീറി മുറിച്ചു. മണലൂറ്റി അവളെയൊരു ജീവച്ഛവമാക്കി. പ്ലാസ്റ്റിക്കുകളും മറ്റും അവളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞു. അങ്ങനെയങ്ങനെ... പറയാതിരിക്കുന്നതാണ് ഭേദം. അറവ് മാലിന്യങ്ങളുടെ നാറ്റം കൊണ്ട് ഒന്ന് ശ്വാസമെടുക്കാൻ പോലും അവൾക്ക് കഴിയുന്നില്ല. കാമുകനായ അറബിക്കടലിലേക്കുള്ള വഴി പോലും അവർ നിഷേധിച്ചു. ഇതുവരെ അവൾ ഒഴുക്കിയ കണ്ണീർ ഇന്നവളുടെ നെഞ്ചിലേക്ക് ഒരു പ്രളയമായി തിരിച്ച് ഇറങ്ങിയിരിക്കുന്നു. അവളുടെ ഉറ്റ സുഹൃത്തായ മഴ ഇന്നലെ എന്തോ സ്വകാര്യം അവളോട് പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. പിന്നെ ഒന്നും നോക്കിയിട്ടുണ്ടാകില്ല. കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ച് ഒരു ഭ്രാന്തിയായി അറബിക്കടലിലേക്കുള്ള അവളുടെ ആ കുതിപ്പ് , ഹൊ! കാണേണ്ടത് തന്നെയായിരുന്നു അത്. ഞാനും കാണാൻ പോയിരുന്നു. ഒരുനോക്കേ നോക്കിയുള്ളൂ. യന്ത്രകൈകൾ കൂടെ ഉണ്ടെങ്കിൽ ഒന്നും പേടിക്കാനില്ല എന്ന് അഹങ്കരിച്ച് നടക്കുന്ന മനുഷ്യൻ ഇന്ന് അവളെ കണ്ട് പേടിച്ച് പാലായനം ചെയ്യുന്നു. മനുഷ്യരോടും തന്നെ നശിപ്പിച്ചവരോടുമുള്ള ഒരു പ്രതികാരം തന്നെയായിരിക്കും ഈ രൗദ്രഭാവം. കൊച്ചു കുഞ്ഞുങ്ങളുടേയും നിരാലംബരുടേയും നിസ്സഹായത കണ്ടിട്ട് അവളുടെ നെഞ്ച് പിടക്കുന്നുണ്ട്. പക്ഷേ എന്തു ചെയ്യാൻ? തന്നെ ഇത്ര കാലം കാത്തു നിന്ന അറബിക്കടലിലേക്ക് അവൾക്ക് പെട്ടെന്നെത്തിയേ തീരൂ. അതിന് തടസ്സമായി നിൽക്കുന്നത് ആരായാലും ശരി.

ഓരോ പെണ്ണും ഉയിർത്തെഴുന്നേറ്റാൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് നീ ഓരോരുത്തർക്കും കാണിച്ചു കൊടുത്തു...

കൂട്ടുകാരി ഞാൻ നിന്നെ കുറ്റം പറയുന്നില്ല. നീ നിന്റെ ഇഷ്ടം പോലെ ചെയ്യ്. ഇതെല്ലാം അനുഭവിക്കാൻ ഞങ്ങൾ ബാധ്യസ്ഥരാണല്ലോ...



# മാറ്റം

**ആമി, ക്ലാസ് 4, എച്ച് എ യു പി സ്കൂൾ,**
**അക്കര, കാവശ്ശേരി**

എന്തൊരു ഭംഗി
എടുത്തുപറയാൻ വാക്കുകളില്ല.
മണത്തുനോക്കി
അയ്യേ...!
ഇത് പ്ലാസ്റ്റിക്കാ...

# അക്ഷരയാത്ര പാലക്കാട് ജില്ലയിൽ

ഗവ. മൊയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ അക്ഷരയാത്ര പ്രശസ്ത കഥാ കാരൻ ശ്രീ മുണ്ടൂർ സേതുമാധവൻ ഉദ്ഘാടനം ചെയ്യുന്നു.







മണ്ണാർക്കാട് മേഖലയിലെ അക്ഷ രയാത്ര പള്ളിക്കുറുപ്പ് ശബരി സ്കൂളിൽ പ്രശസ്ത സാഹിത്യ കാരനും മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ് ജേതാവുമായ ശ്രീ ശ്രീകൃഷ്ണപുരം കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

നെന്മാറ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ അക്ഷര യാത്ര സാഹിത്യകാരൻ ഈയ്യങ്കോട് ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.






വല്ലപ്പുഴ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന അക്ഷരയാത്ര ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.



ചിറ്റൂർ വിക്ടോറിയ ജി എച്ച് എസ് എസിലെ അക്ഷരയാത്ര പാലക്കാട് പബ്ലിക് ലൈബ്രറി സെക്രട്ടറി ശ്രീ ടി ആർ അജയൻ ഉദ്ഘാടനം ചെയ്യുന്നു.



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് സാഹിത്യ ക്യാമ്പ് ശ്രീമതി കെ പി സുധീര ഉദ്ഘാടനം ചെയ്യുന്നു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 December 2019
Regd KL/TV (N)/399/2018-2020 Published on 29-11-2019 Vol:25, Issue:12, ₹20

